# ദീപനാളം

കലാസാംസ്കാരിക ESTD-1968 ദേശീയവാരിക

2021 ജൂൺ 10 | ദീപം 54 | നാളം 10 | Published from : PALA | പേജ് 16 | വില 6 രൂപ | www.deepanalam.org


# ന്യൂനപക്ഷ ക്ഷേമപദ്ധതികൾ – 80:20 അനുപാതം റദ്ദാക്കി

# ഇതു നീതിയുടെ വിജയം






**പ്രഫ. റോണി കെ. ബേബി**

കേരളത്തിലെ കത്തോലിക്കാസഭയും അല്മായസംഘടനകളും ന്യൂനപക്ഷക്ഷേമപദ്ധതികളിലെ വിവേചനം അവസാനിപ്പിക്കണമെന്നാശ്യപ്പെട്ടുവന്നത് കഴിഞ്ഞ ദിവസത്തെ ഹൈക്കോടതി വിധിയോടെ അംഗീകരിക്കപ്പെട്ടിരിക്കുകയാണ്. യുക്തിയുടെയും സാമാന്യബോധത്തിന്റെയും അടിസ്ഥാനത്തിലായിരുന്നില്ല കേരളത്തിൽ ന്യൂനപക്ഷക്ഷേമപദ്ധതികൾ നടപ്പിലാക്കിയിരുന്നത് എന്ന് ഹൈക്കോടതിവിധിയിലൂടെ തെളിയിക്കപ്പെട്ടിരിക്കുന്നു.

കേരളത്തിൽ നടപ്പിലാക്കിവരുന്ന വിവിധ ന്യൂനപക്ഷക്ഷേമപദ്ധതികളിലെ വിവേചനം അവസാനിപ്പിക്കണമെന്ന ഏറ്റവും ന്യായമായ ആവശ്യമാണ് സഭാവിശ്വാസികൾ ഉയർത്തിക്കൊണ്ടുവന്നതും ആവശ്യം ന്യായമാണ് എന്ന് ഇപ്പോൾ നീതിപീഠം വിധിയെഴുതിയിരിക്കുന്നതും.

ന്യായമായ ആവശ്യങ്ങൾക്കുവേണ്ടി സഭാപിതാക്കന്മാരും സമുദായസംഘടനകളും ഏറ്റവും മാന്യമായ രീതിയിൽ ആവശ്യങ്ങൾ ഉയർത്തിയപ്പോൾ അതിനെ വർഗീയതയുടെ കണ്ണിലൂടെ നോക്കിക്കാണാനാണ് ചില കേന്ദ്രങ്ങൾ ശ്രമിച്ചത്. ഇപ്പോൾ ഉണ്ടായിരിക്കുന്ന കോടതിവിധിയെപ്പോലും ചട്ടുകമാക്കിക്കൊണ്ട് സമൂഹത്തിൽ വർഗീയ ചേരിതിരിവ് സൃഷ്ടിക്കുന്നതിനും, വിവിധ സമുദായങ്ങൾക്കിടയിൽ നിലവിലിരിക്കുന്ന സൗഹൃദത്തിന്റെയും സാഹോദര്യത്തിന്റെയും ഊഷ്മളബന്ധങ്ങളെ തകർക്കുന്നതിനും കേരളത്തെ കൂടുതൽ വർഗീയവത്കരിക്കുന്നതിനുമുള്ള ശ്രമങ്ങളാണ് നടന്നുവരുന്നത്. ഇത്തരം ശ്രമങ്ങൾ കേരളത്തെ വീണ്ടും ഒരു ഭ്രാന്താലയമാക്കി മാറ്റുമെന്നതിൽ സംശയമില്ല. ഇത്തരം വർഗീയവത്കരണശ്രമങ്ങൾക്കെതിരേ കേരളത്തിലെ പൊതുസമൂഹം ജാഗ്രത പുലർത്തേണ്ടതും പ്രതിരോധം തീർക്കേണ്ടതുമാണ്.

ഇപ്പോഴത്തെ കോടതിവിധിക്കു കാരണമായ സാഹചര്യങ്ങൾ പരിശോധിക്കുന്നത് ഉചിതമാണെന്നു തോന്നുന്നു. ന്യൂനപക്ഷവിഭാഗങ്ങളുടെ ഉന്നമനത്തിനായി സർക്കാർതലത്തിൽ നടപ്പിലാക്കുന്ന പദ്ധതികളിൽ ക്രൈസ്തവർ വിവേചനം അനുഭവിക്കുന്നുണ്ട് എന്ന വിലയിരുത്തൽ ആദ്യമായി കേരളത്തിൽ ഉയർന്നുതുടങ്ങിയത് വി.എസ്. അച്യുതാനന്ദൻ സർക്കാരിന്റെ കാലത്തു നിയമിച്ച പാലോളി മുഹമ്മദുകുട്ടി കമ്മിറ്റിയുടെ ശുപാർശകൾ നടപ്പിലാക്കിത്തുടങ്ങിയതോടെയാണ്. ഇതിനുമുമ്പ് കേരളത്തിൽ നടപ്പിലാക്കിക്കൊണ്ടിരുന്നതും ഇപ്പോൾ നടപ്പിലാക്കുന്നതുമായ മറ്റെല്ലാ ന്യൂനപക്ഷപദ്ധതികളും ജനസംഖ്യാനുപാതികമായിട്ടാണ് വിതരണം ചെയ്യുന്നത്. ഉദാഹരണമായി, പ്രീ മെട്രിക് സ്കോളർഷിപ്പ്, പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്, മെറിറ്റ് കം മീൻസ് സ്കോളർഷിപ്പ്, ബഹുതലവികസന പദ്ധതി (MSDP) തുടങ്ങിയവയെല്ലാം 2001 ലെ ജനസംഖ്യ അനുസരിച്ചാണ് വിതരണം ചെയ്യുന്നത്.

എന്നാൽ, മുസ്ലീംവിഭാഗങ്ങളുടെ പിന്നാക്കാവസ്ഥ പരിഹരിക്കാനുള്ള രജീന്ദർ സച്ചാർ റിപ്പോർട്ടിന്റെ ചുവടുപിടിച്ച് കേരളത്തിൽ രൂപീകരിക്കപ്പെട്ട പാലോളി മുഹമ്മദുകുട്ടി കമ്മറ്റി ന്യൂനപക്ഷക്ഷേമപദ്ധതികൾ ഒരു പ്രത്യേക മതന്യൂനപക്ഷവിഭാഗത്തിനു മാത്രമായി പരിമിതപ്പെടുത്തിയപ്പോഴാണ് ഇതുമായി ബന്ധപ്പെട്ട വിവാദങ്ങൾ ആരംഭിച്ചത്. മുസ്ലീംപെൺകുട്ടികൾക്കു സ്കോളർഷിപ്പ്, ന്യൂനപക്ഷക്ഷേമവകുപ്പിന്റെ ന്യൂനപക്ഷ ധനകാര്യകോർപ്പറേഷൻ എന്നിവ വേണമെന്നായിരുന്നു പാലോളി മുഹമ്മദുകുട്ടി കമ്മിറ്റിയുടെ മറ്റു പ്രധാനപ്പെട്ട നിർദേശങ്ങൾ. ഇതെല്ലാം ഒരു പ്രത്യേക മതവിഭാഗത്തിനു മാത്രമായി മാറ്റിവയ്ക്കുന്നു എന്നതായിരുന്നു ഉയർന്ന പ്രധാനപ്പെട്ട വിമർശനം. ഇതിനു മറുപടിയായി ഉയർന്ന വാദം, രജീന്ദർ സച്ചാർ കമ്മിറ്റി റിപ്പോർട്ട് മുസ്ലീംമതന്യൂനപക്ഷത്തിന്റെ പിന്നാക്കാവസ്ഥ മാറ്റുന്നതിനുവേണ്ടി മാത്രമാണ്, അതിനാൽ, അതിന്റെ അടിസ്ഥാനത്തിൽ രൂപംകൊണ്ട പാലോളി മുഹമ്മദുകുട്ടി കമ്മിറ്റിയുടെ ശിപാർശയും അതിനുവേണ്ടിമാത്രമാണ് എന്നുമായിരുന്നു. പക്ഷേ, സംസ്ഥാനങ്ങൾക്ക് അവരുടേതായ പരിഗണനകൾ നൽകുന്നതിനു തടസ്സമില്ല എന്ന കേന്ദ്രസർക്കാർ നിർദേശവും ന്യൂനപക്ഷക്ഷേമത്തിനുവേണ്ടി കേന്ദ്രസർക്കാർ നൽകുന്ന ഫണ്ടിനൊപ്പം സംസ്ഥാനസർക്കാരിന്റെ വിഹിതവും ഉൾപ്പെടുത്തിയിട്ടാണ് പദ്ധതികൾ നടപ്പിലാക്കുന്നത് എന്ന വസ്തുതയും, കൂടാതെ മറ്റു സംസ്ഥാനങ്ങളെക്കാൾ കേരളത്തിൽ ന്യൂനപക്ഷങ്ങളുടെ ജനസംഖ്യാനുപാതത്തിൽ വലിയ ഏറ്റക്കുറച്ചിലുകൾ ഇല്ല തുടങ്ങിയ യാഥാർത്ഥ്യങ്ങളും വിസ്മരിച്ചുകൊണ്ടാണ് പാലോളി മുഹമ്മദുകുട്ടി കമ്മിറ്റിയുടെ ശിപാർശകൾ അന്നത്തെ ഇടതുപക്ഷസർക്കാർ നടപ്പിലാക്കിയത്.

എന്നാൽ, നടപ്പിലാക്കുന്ന പദ്ധതികൾ വിവേചനപരമാണെന്നു സർക്കാരിനുതന്നെ ബോധ്യപ്പെട്ടതുകൊണ്ടാണ് ഫെബ്രുവരി 22 ന് വി.എസ്. അച്യുതാനന്ദൻ സർക്കാർ ഇറക്കിയ ഉത്തരവുപ്രകാരം (ഉത്തരവ് നമ്പർ 57/2011) മുസ്ലീംപെൺകുട്ടികൾക്കു മാത്രമായുണ്ടായിരുന്ന സ്കോളർഷിപ്പിൽ ഇരുപതു ശതമാനം പരിവർത്തിത ക്രൈസ്തവർ, ലത്തീൻ എന്നീ വിഭാഗങ്ങൾക്കു നൽകാൻ തീരുമാനിച്ചത്. തുടർന്ന്, ന്യൂനപക്ഷക്ഷേമത്തിനുവേണ്ടിയുള്ള മറ്റു പദ്ധതികളിലും 80:20 അനുപാതം നടപ്പിലാക്കിത്തുടങ്ങി. ന്യൂനപക്ഷക്ഷേമപദ്ധതികളുടെ അനുപാതത്തിലെ വിവേചനമാണ് കഴിഞ്ഞ കുറെ വർഷങ്ങളായി കേരളത്തിലെ കത്തോലിക്കാസഭകൾ ചോദ്യം ചെയ്തുവന്നിരുന്നത്. ന്യൂനപക്ഷക്ഷേമവകുപ്പ് ചെലവിടുന്ന തുകയുടെ 80 ശതമാനം ഒരു ന്യൂനപക്ഷ വിഭാഗത്തിനു മാത്രമായി സംവരണം ചെയ്തിരിക്കുന്നത് വിവേചനമാണ് എന്നായിരുന്നു സഭകളുടെ വാദം. പാലോളി മുഹമ്മദുകുട്ടി കമ്മിറ്റിയുടെ കണ്ടെത്തൽപ്രകാരം സാമ്പത്തിക അവശത ഈ വിഭാഗത്തിനു മാത്രമാണെന്ന തെറ്റായ നിഗമനത്തിൽ നിന്നാണ് 80 ശതമാനം സഹായം ഈ വിഭാഗത്തിനും 20 ശതമാനം ന്യൂനപക്ഷങ്ങളിലെ മറ്റ് അഞ്ചു വിഭാഗങ്ങൾക്കുമെന്ന ഫോർമുല നിർണയിക്കപ്പെട്ടത്. ഈ നടപടി ജനാധിപത്യവിരുദ്ധവും മതേതരമൂല്യങ്ങൾക്കു നിരക്കാത്തതുമാണെന്നും അതിനാൽ നീതി ഉറപ്പുവരുത്തണമെന്നും കത്തോലിക്കാസഭയിലെ ബിഷപ്പുമാരുടെ സിനഡുതന്നെ സർക്കാരിനോട് ആവശ്യപ്പെടുന്ന സാഹചര്യമുണ്ടായി.

ന്യൂനപക്ഷാനുകൂല്യങ്ങൾ ജനസംഖ്യാനുപാതികമായി ലഭ്യമാക്കണമെന്നും, പിഎസ്സി, യുപിഎസ്സി, ബാങ്ക്, റെയിൽവേ തുടങ്ങിയ മത്സരപ്പരീക്ഷകൾക്കായി സൗജന്യകോച്ചിങ് സെന്ററുകൾ സർക്കാർ ചെലവിൽ ന്യൂനപക്ഷവകുപ്പിനു കീഴിൽ നടത്തുന്ന കേരളത്തിലെ നാല്പത്തഞ്ചിലധികം വരുന്ന കേന്ദ്രങ്ങൾ എല്ലാംതന്നെ ഒരു വിഭാഗത്തിനു മാത്രമായി നൽകിയിരിക്കുന്നുവെന്നും, ജില്ലാതല ന്യൂനപക്ഷ കോർഡിനേഷൻ കമ്മിറ്റികളിൽ നിലവിലുള്ള 39 കമ്മിറ്റിയംഗങ്ങളിൽ മുപ്പതുപേരും ഒരേ സമുദായത്തിൽനിന്നായത് വിവേചനപരമാണെന്നുമുള്ള അഭിപ്രായം സമൂഹത്തിന്റെ പല ഭാഗങ്ങളിൽനിന്നും ഉയർന്നുതുടങ്ങി. ഇത് സാമൂഹികനീതിക്കു നിരക്കാത്തതാണെന്ന വികാരമാണ് പൊതുസമൂഹത്തിന്റെ ഭാഗത്തുനിന്നുമുണ്ടായത്.

▶ 5

സഭാചരിത്രം/ പഠനം



മാർ ജോസഫ് കല്ലറങ്ങാട്ട്

# കടുത്തുരുത്തിക്കാരൻ കടവിൽ ചാണ്ടിക്കത്തനാരും നിസ്സിബിസ്സുകാരൻ മാർ അപ്രേമും

ഭാരതനസ്രാണിപാരമ്പര്യത്തിലെ ഏറ്റവും പ്രധാനപ്പെട്ട വ്യക്തിത്വങ്ങളിലൊന്നാണ് കടവിൽ ചാണ്ടിക്കത്തനാർ. ഇംഗ്ലീഷിൽ Alexander of the Port എന്നാണ് അദ്ദേഹം അറിയപ്പെട്ടിരുന്നത്. Port എന്നാൽ കടവ്, കടവിൽ എന്നെല്ലാമാണ് അർത്ഥം. Alexander of the Port എന്നത് കത്തനാരുതന്നെ സുറിയാനിയിൽ വിവർത്തനം ചെയ്തിരിക്കുന്നത് Alexandros Menaya എന്നും Alexandros Henduaya (ഇന്ത്യക്കാരനായ അലക്സാണ്ടർ) എന്നുമാണ്. പോർച്ചുഗീസുകാർ അദ്ദേഹത്തെ Alexander the Indian എന്നാണു വിശേഷിപ്പിച്ചിരുന്നത്.

അദ്ദേഹം 1588 ൽ കടുത്തുരുത്തിയിൽ ജനിച്ച് 1673 ൽ ചരമം പ്രാപിച്ചു എന്നാണ് ചരിത്രപണ്ഡിതന്മാർ കണക്കുകൂട്ടുന്നത്. നസ്രാണിസഭയിൽനിന്നുള്ള ഒരു ഈശോസഭാ വൈദികനായിരുന്നു അദ്ദേഹം. ചേന്നമംഗലത്തുള്ള വൈപ്പിൻകോട്ട സെമിനാരിയിലാണു പഠിച്ചത്. അവിടെ അദ്ദേഹത്തിനു കിട്ടിയ വലിയൊരു ഗുണം ആ സെമിനാരിയിൽ അന്നു പഠിപ്പിച്ചിരുന്ന ഫ്രാൻസിസ് റോസ് എന്ന വൈദികനായിരുന്നു. അദ്ദേഹമാണ് സുറിയാനിക്കാരുടെതായി ശുശ്രൂഷയിലേക്കു വന്ന അങ്കമാലി (ക്രാങ്കനൂർ)യുടെ ആദ്യത്തെ ലാറ്റിൻ ആർച്ചുബിഷപ്. 1601 മുതൽ 1624 വരെയുള്ള കാലഘട്ടം. അതിനു മുമ്പ് മാർ അബ്രാഹം ആയിരുന്നു അങ്കമാലിയിൽ താമസിച്ച് ശുശ്രൂഷ ചെയ്തിരുന്നത്. റോസ് മെത്രാനുശേഷം വന്നത് ആർച്ചുബിഷപ് സ്റ്റീഫൻ ബ്രിട്ടോ ആണ്.

## സുറിയാനിഭാഷയുടെ സവിശേഷതകൾ

ക്രിസ്റ്റ്യൻ അറമായിക് അല്ലെങ്കിൽ സുറിയാനി ദിവ്യമായ ഒരു ഭാഷയാണ്. ദൈവം സംസാരിച്ച ഭാഷയാണതെന്ന് ശാസ്ത്രജ്ഞന്മാർപോലും പറഞ്ഞുവച്ചിട്ടുണ്ട്. വി.ഗ്രന്ഥത്തെ അതിന്റെ തന്മയിൽ ഗ്രഹിക്കാൻ സുറിയാനി കൂടിയേ തീരൂ. ഈശോയുടെയും പരിശുദ്ധ അമ്മയുടെയും ശ്ലീഹന്മാരുടെയും ഭാഷ അറമായ-സുറിയാനിയായിരുന്നു. ആദിമസഭയുടെ ഗ്രന്ഥകാരന്മാരിൽ അതിപ്രഗല്ഭരായവരുടെ ഒരു വലിയ നിര സുറിയാനി മാതൃഭാഷയായിട്ടുള്ളവരായിരുന്നു. സുറിയാനിസഭാപിതാക്കന്മാരുടെ ഗ്രന്ഥങ്ങൾ അനശ്വരമുത്തുകളാണ്. ലോകത്തിലെതന്നെ ഏറ്റവും നല്ല ആരാധനക്രമങ്ങൾ രൂപപ്പെട്ടത് സുറിയാനിയിലായിരുന്നു. സുറിയാനിഭാഷയിലുള്ള പ്ശീത്താ ബൈബിൾ ലോകപ്രസിദ്ധമാണ്. ജനഹൃദയങ്ങളിലെത്തുന്ന ശുദ്ധമായ സംഗീതം സുറിയാനിഭാഷയിലും ഈണത്തിലുമാണ്. സഭയെ പോയറ്റിക്കൽ ആക്കുന്നത് സുറിയാനിയാണ്. സഭകൾ തമ്മിലുള്ള ഐക്യത്തിൽ സുറിയാനി പാലംപോലെ നില്ക്കുന്നു. ആദ്യനൂറ്റാണ്ടുമുതൽ സുറിയാനി അന്തർദേശീയ ഭാഷയായിരുന്നു. ഈശോ പരിശുദ്ധ കുർബാന സ്ഥാപിച്ചത് അറമായ സുറിയാനിഭാഷയിലാണ്. Eckius എന്ന ചരിത്ര-ഭാഷാപണ്ഡിതൻ പറയുന്നു: "ആരംഭത്തിൽ എല്ലാ സ്ഥലങ്ങളിലും എല്ലാ ലിറ്റർജികളും കൽദായ സുറിയാനി ഭാഷയിലായിരുന്നു അർപ്പിച്ചിരുന്നത്." അതിസമ്പന്നമായ ഒരു ധാർമിക-ആത്മീയവിജ്ഞാനത്തിന്റെ മുത്തുകൾ സുറിയാനിഭാഷയിലൂടെ സംരക്ഷിക്കപ്പെടുന്നുണ്ട്. നസ്രാണികളെ സംബന്ധിച്ചിടത്തോളം സമുദായ ഐക്യത്തിന്റെ ഒരു പ്രാധാന്യംകൂടി സുറിയാനിഭാഷയ്ക്കുണ്ട്. സുറിയാനി പണ്ഡിതന്മാരും മല്പാന്മാരും ഇല്ലാത്ത നസ്രാണിസഭ ഒരിക്കലും അതിന്റെ യഥാർത്ഥ തന്മ മനസ്സിലാക്കുകയില്ല. കച്ചവടത്തിന്റെയും സംഗീതത്തിന്റെയും സാഹിത്യത്തിന്റെയും കലകളുടെയും ഗണിതശാസ്ത്രത്തിന്റെയും നാടകങ്ങളുടെയും മേഖലകളിൽ സുറിയാനിഭാഷ വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ട്. നമ്മുടെ സഭയിലും സുറിയാനിപണ്ഡിതന്മാരുടെ ഒരു വലിയ നിര ഉണ്ടായിരുന്നു. ഇന്ന് സുറിയാനി ഭാഷാപണ്ഡിതന്മാരുടെ കുറവുമൂലം പല ഉറവിടങ്ങളും തുറക്കപ്പെടാതെ കിടക്കുകയാണ്. ഉറവിടങ്ങൾ പരിചയപ്പെടുത്തിക്കൊടുക്കാൻ സാധിക്കാത്ത ഒരു സഭാസമൂഹത്തിനും മുമ്പോട്ടുപോകാനാവില്ല. നസ്രാണിസഭ കാത്തുസംരക്ഷിച്ച കത്തനാർമാരെയും മല്പാന്മാരെയും റമ്പാന്മാരെയും നമ്മൾ കൂടുതലായി പഠനവിധേയമാക്കണം.

## പൗരസ്ത്യ സുറിയാനിപാണ്ഡിത്യം

ചാണ്ടിക്കത്തനാരെക്കുറിച്ച് ഓർക്കുമ്പോൾ നമ്മെ സംബന്ധിച്ച്, പ്രത്യേകിച്ച് ഭാരതത്തിലെ നസ്രാണികളെ സംബന്ധിച്ച്, ഏറ്റവും പ്രധാനപ്പെട്ട കാര്യം അദ്ദേഹത്തിന് പൗരസ്ത്യസുറിയാനിഭാഷയിൽ അസാധാരണമായ പാണ്ഡിത്യമുണ്ടായിരുന്നു എന്നതാണ്. അദ്ദേഹത്തിന്റെ രചനകളെല്ലാംതന്നെ മാന്നാനം ലൈബ്രറിയിൽ സൂക്ഷിച്ചിട്ടുണ്ട്. അതേക്കുറിച്ചു വേണ്ടരീതിയിൽ ഗൗരവമായ പഠനങ്ങൾ നടത്തിയിട്ടില്ല എന്നതാണു സത്യം. വിദേശിയായ ഇസ്തുവാൻ പേർസുവേലാണ് ആധികാരികമായ ഒരു ഗവേഷണം നടത്തിയത്. കടവിൽ ചാണ്ടിക്കത്തനാർ മാർ അപ്രേമിനെപ്പോലുള്ള ഒരു പ്രതിഭാശാലിയായിരുന്നു. സുറിയാനിസഭയുടെ ട്രഡീഷണൽ മീറ്റർ ഓഫ് ഒനീയാസ ക്രമത്തിലാണ് ചാണ്ടിക്കത്തനാർ ആരാധനഗാനങ്ങൾ എഴുതിയിരിക്കുന്നത്. അദ്ഭുതകരമായ മികവ് അദ്ദേഹത്തിന്റെ രചനയ്ക്കുണ്ട്. നസ്രാണിസഭയുടെ ധൈഷണിക ചരിത്രം പരിശോധിക്കുമ്പോൾ ആദ്യമായി പരിഗണനയിലെടുക്കേണ്ട ഒരാളാണ് കടവിൽ ചാണ്ടിക്കത്തനാർ. കാരണം, വ്യത്യസ്തമാനങ്ങളിലൂടെയുള്ള ഒരു പരിശീലനമാണ് അദ്ദേഹത്തിനു കിട്ടിയത്. പരിശീലനകാലഘട്ടത്തിൽ പ്രഗല്ഭനായ ഗുരു റോസ് അച്ചനിൽനിന്ന് അദ്ദേഹം ഭാഷകളെല്ലാം പഠിച്ചെടുത്തു. ലത്തീനും സുറിയാനിയും അതിന്റെ ആദ്യരൂപമായ അറമായിക്കും ഹീബ്രുവുമൊക്കെ നല്ല വശമുള്ള ഒരു വ്യക്തിയായി കടവിൽ ചാണ്ടിക്കത്തനാർ രംഗപ്രവേശം ചെയ്യുന്നു. വൈപ്പിൻകോട്ട സെമിനാരിയിൽ വൈദികപരിശീലനത്തിനായി സുറിയാനി സഭയിൽനിന്ന് ധാരാളം കുട്ടികളുണ്ടായിരുന്നു. അധ്യാപകരായി വിദേശത്തുനിന്നു വരുന്നവർക്ക് സുറിയാനിയിൽ അത്ര പാണ്ഡിത്യം ഇല്ലായിരുന്നു. നാട്ടിൽനിന്നുള്ള അച്ചന്മാർക്ക്, മിക്കപ്പോഴും സ്റ്റുഡൻസിനുപോലും, ഈ ഭാഷയിൽ അഗാധമായ ജ്ഞാനമുണ്ടായിരുന്ന കാലമായിരുന്നു അത്. കടവിൽ ചാണ്ടിയുടെ പ്രത്യേകത അദ്ദേഹം പഠിച്ചുകൊണ്ടിരുന്ന കാലത്തുതന്നെ ഈസ്റ്റ് സിറിയക്കിൽ, നമുക്കു ചിന്തിക്കാൻ പറ്റാത്ത വിധത്തിലുള്ള പണ്ഡിത്യവും ഭാഷാനൈപുണ്യവും സമ്പാദിച്ചിരുന്നു എന്നതാണ്. അതാണ് അദ്ദേഹത്തെ ഇതുപോലുള്ള രചനകളിലേക്കെല്ലാം, വിശിഷ്യ, കാവ്യരചനയിലേക്കു നീക്കിയത്. അദ്ദേഹം ജീവിച്ചിരുന്നത് നസ്രാണി സഭയുടെ വളരെ സങ്കീർണമായ ഒരു കാലഘട്ടത്തിലായിരുന്നു. കൂനൻകുരിശു സത്യത്തിൽ (1653) നേരിട്ട് ബന്ധപ്പെട്ട ഒരു വ്യക്തികൂടിയാണ് അദ്ദേഹം. അതേത്തുടർന്ന് പകലോമറ്റം അർക്കദിയാക്കോൻമാരുടെ കാര്യങ്ങളിലും അദ്ദേഹം ഇടപെട്ടു. ആ ഇടപെടലിൽ അദ്ദേഹം അർക്കദിയാക്കോൻമാർക്ക് അനുകൂലമായ നിലപാടുകളെടുത്തു. സുറിയാനിക്കാരുടെ ശുശ്രൂഷ നോക്കുന്ന മെത്രാൻമാരുമായി പലപ്പോഴും അദ്ദേഹത്തിന് ഏറ്റുമുട്ടേണ്ടിവന്നിട്ടുണ്ട്. അതെല്ലാം ചരിത്രത്തിന്റെ ഭാഗമായി നിൽക്കുന്നു. അദ്ദേഹത്തിൽനിന്നു നമുക്ക് പഠിക്കേണ്ട കാര്യം അദ്ദേഹത്തിന്റെ സഭാസ്നേഹവും പൗരസ്ത്യസുറിയാനിയിൽ കവിതകൾ എഴുതാനുള്ള കഴിവുമാണ്.

> ഇന്ന് സുറിയാനിഭാഷാപണ്ഡിതന്മാരുടെ കുറവുമൂലം പല ഉറവിടങ്ങളും തുറക്കപ്പെടാതെ കിടക്കുകയാണ്. ഉറവിടങ്ങൾ പരിചയപ്പെടുത്തിക്കൊടുക്കാൻ സാധിക്കാത്ത ഒരു സഭാസമൂഹത്തിനും മുമ്പോട്ടുപോകാനാവില്ല. നസ്രാണിസഭ കാത്തുസംരക്ഷിച്ച കത്തനാർമാരെയും മല്പാന്മാരെയും റമ്പാന്മാരെയും നമ്മൾ കൂടുതലായി പഠനവിധേയമാക്കണം.

ഇക്കാര്യം നമ്മുടെ വൈദികരും അല്മായരും പ്രത്യേകം ശ്രദ്ധിക്കണം. നമുക്കിന്ന് സുറിയാനിഭാഷയോടുള്ള താത്പര്യം താരതമ്യേന കൂടിവരുന്നുണ്ട്. ഓൺലൈനിൽ സുറിയാനി ക്ലാസുകൾ പല രൂപതകളും കൊടുക്കുന്നുണ്ട്. ദൈവാലയലിറ്റർജിയിൽ ഏതാനും പ്രാർത്ഥനകൾ സുറിയാനിയിൽ ചൊല്ലാൻ വൈദികർക്കും അതു പാടാൻ അല്മായർക്കും താത്പര്യം ഏറിവരുന്നുണ്ട്.

## കാവ്യാത്മകതയുടെ സൗന്ദര്യം സഭയെ സംഗീതസാന്ദ്രമാക്കുന്നു

കടവിൽ ചാണ്ടിക്കത്തനാർ ദൈവശാസ്ത്രവിഷയങ്ങളെല്ലാം കാവ്യരൂപേണ രചിച്ചയാളാണ്. അപ്രേമിന്റെയും ഒരു മഹത്ത്വം അതാണ്. വിശുദ്ധ കുർബാനയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ കാവ്യാത്മകമായ പ്രസംഗങ്ങൾ അല്ലെങ്കിൽ കവിതകൾ എല്ലാം ഒന്നാന്തരം ദൈവശാസ്ത്രമാണ്. സഭ കാത്തുസംരക്ഷിച്ച പ്രബോധനങ്ങളാണ് പൗരസ്ത്യസുറിയാനിയിലൂടെ അദ്ദേഹം പുറത്തുകൊണ്ടുവന്നത്. അതെല്ലാം നമ്മുടെ സുറിയാനിക്കാരുടെ ഇടയിൽ നിലനിന്നിരുന്ന എളുപ്പമുള്ള ട്യൂണുകളിലാണ് അദ്ദേഹം എഴുതിയിരിക്കുന്നത്. അത് പാടാനും പഠിക്കാനും പ്രസംഗിക്കാനുമൊക്കെ സാമാന്യം ഭാഷാജ്ഞാനമുള്ളവർക്കും സാധിക്കും. അതിനു പൊതുവായിട്ടുള്ള ഒരു ഈണം നമ്മൾ പാടുന്ന 'സഹദീനൻ' എന്ന ശൈലിയാണ്. നമ്മുടെ വിശ്വാസസത്യത്തിന്റെ അടിസ്ഥാനപരമായ കാര്യങ്ങൾ കൊച്ചുവാക്യത്തിൽ സംഗ്രഹിച്ചതാണല്ലോ 'സഹദീനന്മാർ ലാലാഹൂസാ വല്നാ ശൂസാ ലാ പൂലാങ്കാ'. 'സഹദീനൻ' എന്നാൽ ഞങ്ങളാരാധിക്കുന്നു, ഏറ്റുപറയുന്നു എന്നെല്ലാമാണ്. "ഈശോയുടെ ദൈവികതയും മാനുഷികതയും കലർപ്പില്ലാതെ അതിന്റെ പരിശുദ്ധമായ അവസ്ഥയിൽ ഏകവ്യക്തിയിൽ നിലനില്ക്കുന്നു എന്ന് ഞങ്ങൾ ഏറ്റുപറയുന്നു." അത് സഭയുടെ അടിസ്ഥാനപരമായ വിശ്വാസമാണ്. ഈ ഒരു ശൈലിയിലാണ് കടവിൽ ചാണ്ടി പരിശുദ്ധ കുർബാനയെക്കുറിച്ചും അതുപോലുള്ള മറ്റെല്ലാ ദൈവശാസ്ത്രവിഷയങ്ങളെക്കുറിച്ചും പറഞ്ഞിരിക്കുന്നത്. ദൈവശാസ്ത്രവിഷയങ്ങൾ നിറഞ്ഞുനില്ക്കുന്ന കവിതകൾ ദൈവശാസ്ത്രവും കാവ്യാത്മകതയും തമ്മിലുള്ള ബന്ധം സ്ഥാപിച്ചു.

കടവിൽ ചാണ്ടി അനുഗൃഹീതനായ ഒരു കവിയത്രേ. വാക്കുകൾകൊണ്ട് കൊട്ടാരം പണിതവനാണ്. "പിതാവ് തന്റെ ഏകജാതനെ ഈ ലോകത്തിലേക്ക് അയച്ചു. നഷ്ടപ്പെട്ട മനുഷ്യവർഗത്തെ അന്വേഷിച്ചാണ് അവിടുന്ന് വന്നത്. സാത്താന്റെ പിടിമുറുക്കത്തിൽനിന്ന് മനുഷ്യരെ മോചിപ്പിക്കുക, സ്വതന്ത്രരാക്കുക എന്നതായിരുന്നു ലക്ഷ്യം. എല്ലാ രോഗികളെയും സൗഖ്യപ്പെടുത്തുവാൻ അവിടുന്ന് ആഗ്രഹിച്ചു. ആത്മാവിന്റെ രോഗത്തെ ഗൗരവതരമായിട്ടാണ് അവിടുന്ന് കാണുന്നത്. സത്യമാർഗത്തിൽനിന്നു വിട്ടുപോയവരെ കണ്ടെത്തി, തിരുത്തി, യഥാർത്ഥവിശ്വാസത്തിന്റെ വഴിയിലേക്കു തിരിച്ചുവിടുക എന്നതാണ് സർവപ്രധാനമായ കാര്യം. 'അന്ധകാരത്തിലിരിക്കുന്നവരെ അവന്റെ പ്രകാശത്തിൽ പ്രകാശിപ്പിക്കുക' (ലൂക്കാ 1: 79). പൈശാചികചങ്ങലകളിൽ കുടുങ്ങിക്കിടക്കുന്നവർക്ക് മോചനം നല്കുക; മരണത്തിന്റെ നിഴലിൽ കഴിയുന്നവരെ രക്ഷിക്കുക; അവന്റെ നാമം മഹത്ത്വപ്പെടുത്തുന്നതിനുവേണ്ടിയാണിത്. അനാദിയിലുണ്ടായിരുന്ന വചനം, പരിശുദ്ധ റൂഹായാൽ മഹത്ത്വം ധരിച്ചു. കൃപ നിറഞ്ഞ മറിയത്തിൽനിന്നു പിറന്നു. നിത്യനായ പിതാവിന്റെ മകനാണ് അവിടുന്ന്. അവന്റെ അനന്തസ്നേഹത്തിന്റെ ഫലമായി അവിടുന്ന് മനുഷ്യനായി. അവൻ പരമപരിശുദ്ധിയിൽ ഈ ലോകത്തിനു പ്രത്യക്ഷനായി; എളിയവരായ ശ്ലീഹന്മാരെ വിളിച്ച് ഒരുമിച്ചുകൂട്ടി; അവർ എന്നും അവന്റെകൂടെ ആയിരിക്കുവാനും അവനെ സ്നേഹിക്കുവാനും വേണ്ടിയാണിത്. അവനെക്കുറിച്ച് എഴുതപ്പെട്ടിരിക്കുന്നതെല്ലാം അവനിൽ പൂർത്തിയാക്കി. ദുഷ്ടനെ നശിപ്പിച്ചു. നിശ്ചയിക്കപ്പെട്ടിരുന്ന ദിവസം തന്റെ ശരീരവും രക്തവും ബലിയായി അർപ്പിച്ചു."

ആഴമായ ദൈവശാസ്ത്രവിഷയങ്ങളെ താളാത്മകമാക്കി പൗരസ്ത്യസുറിയാനിയിൽ വളരെ മനോഹരമായ കവിതകളായാണ് ചാണ്ടിക്കത്തനാർ രൂപകല്പന ചെയ്തിരിക്കുന്നത്. നമ്മൾ ഞായറാഴ്ച സപ്രായിലെ ഗീതങ്ങൾ ആലപിക്കുന്നതുപോലെ വളരെ എളുപ്പമുള്ള രീതിയിലും ശൈലിയിലുമാണ് അദ്ദേഹം എഴുതിയിരിക്കുന്നത്. കടവിൽ ചാണ്ടിയുടെ ഈ കവിതകൾ നമ്മുടെ കലാലയങ്ങളിൽ പ്രത്യേകിച്ച് നമ്മുടെ വൈദികപരിശീലനകേന്ദ്രങ്ങളിൽ പരിചയപ്പെടുത്തുകയും അത് ദൈവശാസ്ത്രപഠന വേദികളിൽ കൂടുതലായി ഉപയോഗിക്കുകയും ചെയ്യേണ്ടവയാണ്.

രണ്ടാം ഭാഗം അടുത്ത ലക്കത്തിൽ



# പശ്ചിമേഷ്യൻ സംഘർഷം

# ശാശ്വതപരിഹാരം അകലെ





■ തോമസ് കുഴിഞ്ഞാലിൽ

ഒരു സമ്പൂർണയുദ്ധത്തിലേക്കു വളരുമെന്ന് ലോകം ഭയന്ന ഹമാസ്-ഇസ്രായേൽ ഏറ്റുമുട്ടൽ പതിനൊന്നു ദിവസങ്ങൾക്കു ശേഷം അവസാനിച്ചു. യു.എസ്. പ്രസിഡന്റ് ജോ ബൈഡൻ ഇസ്രായേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവുമായി നടത്തിയ ഫോൺസംഭാഷണങ്ങളും ഈജിപ്തിന്റെ മദ്ധ്യസ്ഥതയിൽ നടത്തിയ ചർച്ചകളും ഫലം കണ്ടു. ഖത്തർ ഭരണാധികാരികളും യുഎന്നും ഹമാസ് നേതാക്കളുമായി നടത്തിയ ചർച്ചകളിൽ പങ്കാളികളായിരുന്നു.

പതിറ്റാണ്ടുകളായി നിലനില്ക്കുന്ന സങ്കീർണവും വൈകാരികവുമായ പ്രശ്നങ്ങളെച്ചൊല്ലി ബദ്ധവൈരികളായ ഹമാസും ഇസ്രായേലും ഏറ്റുമുട്ടിയപ്പോൾ പശ്ചിമേഷ്യയിലെ ഒരു രാജ്യം പോലും സൈനികമായി ഇടപെടാതെ മാറിനിന്നത് ശ്രദ്ധേയമാണ്. പകരം, ഇസ്രായേലിന്റെ ബദ്ധശത്രുവെന്നു കരുതപ്പെട്ടിരുന്ന ഈജിപ്തിന്റെ മധ്യസ്ഥതയിൽ ഇരുകൂട്ടരും വെടിനിർത്തുകയും ചെയ്തു. പതിനൊന്നാം ദിവസം അർദ്ധരാത്രിയോടെ യുദ്ധം അവസാനിക്കുമ്പോൾ ഗാസാമുനമ്പിലെ 16,800 വീടുകളെങ്കിലും നിലംപൊത്തിയിരുന്നു. വാർത്താചാനലുകൾ പ്രവർത്തിച്ചിരുന്നതടക്കം മൂന്ന് ബഹുനിലമന്ദിരങ്ങളും മറ്റു പാർപ്പിടസമുച്ചയങ്ങളും തകർന്നു. 66 കുട്ടികളും 39 സ്ത്രീകളുമടക്കം 248 പേർ കൊല്ലപ്പെട്ടു. ഇസ്രായേൽഭാഗത്ത് ഒരു കുട്ടിയും ഒരു സൈനികനുമടക്കം 13 പേരുടെ ജീവൻ നഷ്ടമായി. ഹമാസിന്റെമേൽ നേടിയ അസാധാരണവിജയമായാണ് ഏറ്റുമുട്ടലിനെ ഇസ്രായേൽ പ്രധാനമന്ത്രി വിശേഷിപ്പിച്ചത്. ഇസ്രായേലുമായുള്ള യുദ്ധത്തിൽ തങ്ങൾ വിജയിച്ചതായി ഹമാസിന്റെ മുതിർന്ന നേതാവ് കലിൽ അൽഹയ്യ അവകാശപ്പെട്ടു. ഉപാധികളില്ലാതെയും പരസ്പരസമ്മതത്തോടെയുമാണ് കരാറിൽ ഏർപ്പെട്ടതെന്ന് ഇരുകൂട്ടരും വ്യക്തമാക്കി.

**ഏറ്റുമുട്ടലുകളുടെ തുടക്കം**

കിഴക്കൻ ജറൂസലേമിലെ ഷെയ്ക് ജറാ മേഖലയിൽനിന്ന് നാലു പലസ്തീൻകുടുംബങ്ങളെ കുടിയൊഴിപ്പിക്കാനുള്ള സർക്കാർ തീരുമാനത്തിനെതിരേ തുടങ്ങിയ പ്രക്ഷോഭങ്ങളാണ് വലിയ ഏറ്റുമുട്ടലുകളിലേക്കു നയിച്ചത്. അധിനിവേശപ്രദേശങ്ങളിൽ യഹൂദകുടുംബങ്ങളെ കുടിയിരുത്താൻ വർഷങ്ങളായി നടക്കുന്ന വ്യവഹാരങ്ങൾ സുപ്രീം കോടതി പരിഗണിക്കാനിരിക്കെയാണ് നിർബന്ധിതകുടിയൊഴിപ്പിക്കലിനുള്ള നീക്കങ്ങൾക്കു സർക്കാർ മുതിർന്നത്. 19-ാം നൂറ്റാണ്ടിൽ വിശുദ്ധ നാടുകൾ ഭരിച്ചിരുന്ന ഓട്ടോമാൻ സാമ്രാജ്യത്തിന്റെ കാലംമുതൽ ജറൂസലേം ഉൾപ്പെടെയുള്ള പ്രദേശങ്ങൾ തങ്ങളുടേതായിരുന്നുവെന്ന അവകാശവാദമാണ് ഇസ്രായേൽ ഉയർത്തുന്നത്.

യഹൂദർ ഏറ്റവും വിശുദ്ധമായി കരുതിവരുന്ന ജറൂസലേം ദൈവാലയം സ്ഥിതിചെയ്തിരുന്ന സ്ഥലത്ത് ഇപ്പോഴുള്ള അൽ-അക്സ മോസ്കിലും പരിസരത്തും ഇസ്രായേൽ ഏർപ്പെടുത്തിയ നിയന്ത്രണങ്ങളും സംഘർഷത്തിനു കാരണമായി. റമദാൻ മാസത്തിന്റെ തുടക്കം മുതൽ തുടങ്ങിയ പ്രശ്നങ്ങളാണ് നോമ്പു തീരുന്ന അവസാനദിവസം (മേയ് 7, വെള്ളിയാഴ്ച) നടന്ന പ്രാർത്ഥനകൾക്കിടയിൽ ഉച്ചസ്ഥായിയിലെത്തിയത്. ജനക്കൂട്ടം നിയന്ത്രിക്കുന്നതിന് മോസ്ക് സ്ഥിതിചെയ്യുന്ന ഹരം അൽ ഷറീഫിലേക്കുള്ള പ്രധാന കവാടമായ ദമാസ്കസ് ഗേറ്റിൽ ബാരിക്കേഡുകൾ സ്ഥാപിച്ചതിനെ വിശ്വാസികൾ ചോദ്യം ചെയ്തു. മെക്കയും മദീനയും കഴിഞ്ഞാൽ ഇസ്ലാംമതവിശ്വാസികൾ ഏറ്റവും പൂജ്യമായി കരുതുന്ന വിശുദ്ധസ്ഥലമാണ് ഹരം അൽഷറീഫ്. തിക്കിലും തിരക്കിലും വിശുദ്ധസ്ഥലത്തും മോസ്കിലും പ്രവേശിച്ച ജനക്കൂട്ടത്തെ പിരിച്ചുവിടുന്നതിന് സൈന്യം ഗ്രനേഡുകളെറിയുകയും കണ്ണീർവാതകം പ്രയോഗിക്കുകയും ചെയ്തു. മോസ്കിനുള്ളിൽനിന്നു കല്ലേറു തുടങ്ങിയതോടെ മോസ്കിനുള്ളിലുള്ളവരെ ഒഴിപ്പിക്കാൻ അവിടെയും സൈന്യത്തിനു പ്രവേശിക്കേണ്ടി വന്നു.

ഇതിനിടെ, കിഴക്കൻ ജറൂസലേമിനു പുറത്തുള്ള സാലെം സൈനിക ചെക്പോസ്റ്റിലേക്ക് വെസ്റ്റ് ബാങ്കിൽനിന്നു വെടിയുതിർത്ത മൂന്നു പലസ്തീൻകാരിൽ രണ്ടുപേരെ ഇസ്രായേൽ സൈന്യം വധിച്ചത് സംഘർഷങ്ങൾ രൂക്ഷമാക്കി. അൽ അക്സ മോസ്കിലും ഹരം അൽഷറീഫിലും നിന്നു സൈന്യത്തെ പിൻവലിക്കണമെന്ന് ഹമാസ് ഇസ്രായേലിന് അന്ത്യശാസനം നല്കിയത് ഈ ഘട്ടത്തിലാണ്. പണ്ടുമുതലേ ശത്രുതയിലായിരുന്ന ഹമാസ് കമാൻഡർമാരുടെ അന്ത്യശാസനം ഇസ്രായേൽ നിരാകരിച്ചതോടെയാണ് റോക്കറ്റാക്രമണത്തിനു തുടക്കമിട്ടത്.

**ആക്രമണവും പ്രത്യാക്രമണവും**

ഗാസയിൽനിന്നു തൊടുത്തുവിട്ട നൂറുകണക്കിന് റോക്കറ്റുകളാണ് ഇസ്രായേലിന്റെ തെക്കൻ പ്രദേശങ്ങളിലെ ജനവാസകേന്ദ്രങ്ങളിൽ പതിച്ചത്. ആദ്യദിവസത്തെ പ്രത്യാക്രമണത്തിൽ ഒൻപതു കുട്ടികൾ ഉൾപ്പെടെ 25 പേർ കൊല്ലപ്പെട്ടു. ഇവരിൽ 16 പേർ തീവ്രവാദികളാണെന്ന് ഇസ്രായേലി സൈനികവക്താവ് അവകാശപ്പെട്ടു. ഹമാസ് തീവ്രവാദികളുടെ ഒളിസങ്കേതങ്ങളാണെന്നു കരുതപ്പെടുന്ന കെട്ടിടങ്ങളും തകർത്തു. ഇന്ത്യക്കാരിയായ സൗമ്യയും അവർ ശുശ്രൂഷിച്ചിരുന്ന വയോധികയായ ഇസ്രായേലി വനിതയും കൊല്ലപ്പെട്ടത് ഹമാസിന്റെ ആദ്യറോക്കറ്റാക്രമണത്തിലായിരുന്നു. ജറൂസലേം ദിവസമായി ആചരിക്കുന്ന മെയ് 10 നുതന്നെ ഇസ്രായേലിനെ പ്രഹരിക്കാൻ ഹമാസ് തിരഞ്ഞെടുത്തത് മുൻകൂട്ടി തയ്യാറാക്കിയ പദ്ധതിയായിരുന്നുവെന്ന് നിരീക്ഷിക്കുന്നവരുണ്ട്. 54 വർഷം മുമ്പ് 1967 മേയ് 10 നാണ് ജറൂസലേം നഗരം മുഴുവൻ തങ്ങളുടേതാണെന്ന് ഇസ്രായേൽ പ്രഖ്യാപിച്ചത്. ആക്രമണം തുടങ്ങി ഒരാഴ്ചയ്ക്കുള്ളിൽ 2000 റോക്കറ്റുകളെങ്കിലും ഇസ്രായേലിനു നേരേ തൊടുത്തുവിടാൻ ഹമാസ് പോരാളികൾക്കു കഴിഞ്ഞു. 15-ാം തീയതിയിലെ പ്രത്യാക്രമണത്തിലാണ് അൽ ജസീറ ഉൾപ്പെടെയുള്ള വാർത്താചാനലുകളുടെ 12 നില ഓഫീസ് സമുച്ചയം ഇസ്രായേൽ തകർത്തത്. ഇസ്രായേലിന്റെ വിക്ഷേപണത്തറകളിൽനിന്നു തൊടുത്ത മിസൈലുകൾ വാഹനങ്ങളും കെട്ടിടങ്ങളും റോഡുകളുമെല്ലാം നാമാവശേഷമാക്കി. അതിർത്തിമേഖലകളിൽ അണിനിരന്ന കരസേനയും ശക്തമായ പ്രത്യാക്രമണമാണ് അഴിച്ചുവിട്ടത്. ഗാസയെ ലക്ഷ്യമാക്കി പറന്നുയർന്ന 160 പോർവിമാനങ്ങൾ റോക്കറ്റ് വിക്ഷേപണകേന്ദ്രങ്ങളിലേക്കും ഭൂഗർഭടണലുകളിലേക്കും മിസൈലുകൾ വർഷിച്ചു. ഈജിപ്തുവഴി ലഭിക്കുന്ന ആയുധങ്ങൾ മുനമ്പിൽ എത്തിക്കുന്നതും ഹമാസ് പോരാളികൾക്ക് ഒളിത്താവളം ഒരുക്കുന്നതും ഇത്തരം ടണലുകളിലാണ്. 'മെട്രോ' എന്നു വിളിപ്പേരുള്ള ടണൽശൃംഖലയുടെ 15 കിലോമീറ്ററെങ്കിലും തകർന്നിട്ടുണ്ടാകാമെന്ന് കണക്കാക്കുന്നു. ഇസ്രായേലിന്റെ തുടർച്ചയായ മിസൈൽ ആക്രമണങ്ങളിൽ ഹമാസ് തലവന്മാരായ ബാസം ഈസാ ജമാൽ സബ്ദ, ജമാ തഹ്ള, ഹസേം ഹാതിബ് എന്നിവർ കൊല്ലപ്പെട്ടതായി സൈനികവൃത്തങ്ങൾ സ്ഥിരീകരിച്ചിട്ടുണ്ട്.

ഹസ്സൻ അൽ ബണ്ണ എന്ന ഈജിപ്തുകാരൻ 1928 ൽ രൂപം കൊടുത്ത മുസ്ലീം ബ്രദർഹുഡ് എന്ന സംഘടനയാണ് പിൽക്കാലത്ത് ഹമാസ് എന്ന ഭീകരസംഘടനയായി മാറിയത്. ഇസ്ലാം മതവിശ്വാസികളെ ഒരു സംഘടിതസമൂഹമായി വളർത്തിയെടുക്കുക എന്ന സദുദ്ദേശ്യംമാത്രമേ ബണ്ണയ്ക്കുണ്ടായിരുന്നുള്ളൂ. 1964 ൽ പലസ്തീൻ വിമോചന സംഘടനയുടെ രൂപീകരണത്തോടെ സ്ഥിതിഗതികൾ ആകെ മാറി. ഇസ്രായേലിനെ ഭൂമുഖത്തുനിന്നു തുടച്ചുനീക്കാനും പലസ്തീൻ എന്ന രാജ്യത്തെ പുനഃസ്ഥാപിക്കാനും പി.എൽ.ഒ.യിലെ അംഗങ്ങൾ പ്രതിജ്ഞാബദ്ധരായിരുന്നു. അവരുടെ കടുത്ത നിലപാടുകളോടു യോജിക്കാതിരുന്ന മുസ്ലീം ബ്രദർഹുഡിന്റെ നേതാക്കളോടു മൃദുസമീപനമാണ് ഇസ്രായേൽ സ്വീകരിച്ചത്. 'ഇസ്ലാമിക് സെന്റർ' എന്ന ഉപവിസംഘടന രൂപീകരിച്ച് മോസ്കുകളും ആതുരാലയങ്ങളും വിദ്യാഭ്യാസസ്ഥാപനങ്ങളും നിർമിച്ചു. 'ഇസ്ലാമിക് യൂണിവേഴ്സിറ്റി ഓഫ് ഗാസ' മുസ്ലീം ബ്രദർഹുഡിന്റെ സംഭാവനയാണ്.


ഇറാനിലെ മതപുരോഹിതന്മാരായ അയത്തൊള്ളമാരുടെ നേതൃത്വത്തിൽ 1979 ൽ അരങ്ങേറിയ ഇസ്ലാമികവിപ്ലവത്തിന്റെ വിജയം പശ്ചിമേഷ്യൻ രാജ്യങ്ങളിലും ലോകമെമ്പാടുമുള്ള മുസ്ലീം സംഘടനകൾക്ക് ഊർജം പകർന്നു. മറ്റു തീവ്രവാദസംഘടനകളോടു ചേർന്ന് ഇസ്രായേലിനെതിരേ പൊരുതാൻ മുസ്ലീം ബ്രദർ ഹുഡും തീരുമാനമെടുത്തത് ഈ ഘട്ടത്തിലാണ്. ഹമാസ് എന്ന പുതിയ പേരു സ്വീകരിച്ചുകൊണ്ട് 1987 മുതൽ ഭീകരപ്രവർത്തനങ്ങൾക്കു തുടക്കമിട്ടു. ഇസ്രായേലി സൈന്യവുമായി 1989 ൽ നടന്ന ഏറ്റുമുട്ടലിൽ രണ്ടു സൈനികരെ വധിച്ചു. പിഎൽഒ യുടെ ചെയർമാനായിരുന്ന യാസർ അരാഫത്ത് ഇസ്രായേലുമായി ചേർന്ന് 1993 ൽ ഒപ്പുവച്ച ഓസ്ലോ കരാർ ഹമാസ് നേതാക്കൾ നിരാകരിച്ചു. പലസ്തീന്റെ മണ്ണിൽ രണ്ടു രാജ്യങ്ങൾക്കു പ്രസക്തിയില്ലെന്നും കിഴക്ക് ജോർദാൻ നദി മുതൽ പടിഞ്ഞാറ് മെഡിറ്ററേനിയൻ കടൽവരെയുള്ള പ്രദേശങ്ങൾ പലസ്തീൻകാരുടേതു മാത്രമാണെന്നും അവർ ശഠിച്ചു. 1994 ൽ ഹമാസ് ആസൂത്രണം ചെയ്ത ചാവേർ ആക്രമണത്തിൽ 22 ഇസ്രായേലികളാണു കൊല്ലപ്പെട്ടത്. മിതവാദികളായി മാറിയ പി.എൽ.ഒ. യുമായി അഭിപ്രായഭിന്നതയിലായ ഹമാസ് നേതൃത്വം 2006 ൽ നടന്ന തിരഞ്ഞെടുപ്പിൽ വിജയിക്കുകയും ഗാസ മുനമ്പിൽ ഭരണമുറപ്പിക്കുകയും ചെയ്തു. പി.എൽ.ഒയുടെ പ്രസക്തി കുറഞ്ഞു വന്നതോടെ ഗാസ മുനമ്പിലെ പ്രധാന രാഷ്ട്രീയകക്ഷിയായി ഹമാസ് വളർന്നു.

ഹമാസുമായുള്ള ഏറ്റുമുട്ടലിനെക്കാളുപരി ഇസ്രായേലിനെ കുഴപ്പിച്ചത് രാജ്യത്തിനുള്ളിലെ ആഭ്യന്തരസംഘർഷങ്ങളായിരുന്നു. ഗാസ മുനമ്പിലെ ഇസ്രായേലിന്റെ വ്യോമാക്രമണങ്ങളിൽ പ്രതിഷേധിച്ചുകൊണ്ട് ഇസ്രായേലിൽ അധിവസിക്കുന്ന പലസ്തീനികൾ മിക്ക നഗരങ്ങളിലും കലാപം അഴിച്ചുവിട്ടു. കൈയേറ്റങ്ങളും അക്രമങ്ങളും തീവയ്പും വ്യാപകമായി അരങ്ങേറി. കലാപങ്ങൾ ആഭ്യന്തരയുദ്ധത്തിലേക്കു വഴുതിവീഴും മുമ്പ് ഗാസയിലെ വെടിനിറുത്തൽ പ്രഖ്യാപനവുമുണ്ടായി. ഇസ്രായേലിലെ 90 ലക്ഷം ജനസംഖ്യയിൽ യഹൂദർ 70 ലക്ഷവും പലസ്തീനികൾ 18 ലക്ഷവും ക്രിസ്ത്യാനികൾ രണ്ടു ലക്ഷവുമാണ്.

കുരിശുയുദ്ധങ്ങൾ ഉൾപ്പെടെ വിശുദ്ധനാട് കൈവശമാക്കുന്നതിനുവേണ്ടി നൂറ്റാണ്ടുകളായി നടന്നിട്ടുള്ള യുദ്ധങ്ങളിലെ ഏറ്റവും ഒടുവിലത്തേതാണ് ഹമാസ്-ഇസ്രായേൽ യുദ്ധം. ലോകത്തെ ഏറ്റവും ശക്തമായ രാജ്യങ്ങളിലൊന്നായി വളർന്ന ഇസ്രായേലിനെ ഉന്മൂലനം ചെയ്യുമെന്ന് ദൃഢപ്രതിജ്ഞയെടുത്തിട്ടുള്ള തീവ്രവാദികളുടെയും ഇറാൻ ഉൾപ്പെടെയുള്ള അറബ് രാജ്യങ്ങളുടെയും വ്യാമോഹം മറ്റൊരു ലോകമഹായുദ്ധത്തിലേക്കാവും നീങ്ങുക. ഹ്രസ്വദൂരമിസൈലുകളെയും റോക്കറ്റുകളെയും പ്രതിരോധിക്കുന്ന അയൺഡോം സംവിധാനം ദീർഘദൂരമിസൈലുകളെ ചെറുക്കാൻ ഉപയുക്തമല്ലെന്ന തിരിച്ചറിവ് ഇസ്രായേൽ നേതൃത്വത്തെ വിഷമിപ്പിക്കുന്നുണ്ട്. പുറമേനിന്നുള്ള ആക്രമണങ്ങളെക്കാൾ തങ്ങൾ ഇപ്പോൾ ഭയക്കുന്നത് രാജ്യത്തിനുള്ളിൽ വസിക്കുന്ന പലസ്തീനികൾ സൃഷ്ടിച്ചേക്കാവുന്ന ആഭ്യന്തരപ്രശ്നങ്ങളാണെന്ന് ഇസ്രായേൽപ്രസിഡന്റ് റ്യൂവെൻ റിവ്‌ലിൻ അഭിപ്രായപ്പെട്ടിരുന്നു. ■



നിഷ ആന്റണി




# ദിശ അറിയാതെ പരന്ന വാർത്ത

**പൊ**ന്മുടിനിരകൾ മഞ്ഞുചൂടി നിൽക്കുന്നൊരു പ്രഭാതം. ഇരുപത്തിരണ്ട് ചുരവും കയറി പൂത്തുലഞ്ഞ മരങ്ങളെയും കടന്നുവന്ന മനോഹരമായൊരു പുലർകാലസ്വപ്നത്തിലേക്കു തല വച്ചുറങ്ങവേയാണ് മൊബൈൽഫോൺ ബെല്ലടിച്ചത്. ഉണരാൻ മടിച്ച മിഴികളെ തിരുമ്മിയുണർത്താൻ പുലർമഞ്ഞ് ഒരിലയുമായി വന്നു. നോക്കിയപ്പോൾ ഹോസ്പിറ്റലിൽനിന്നു കൺമണിയാണ്.

സമയം പുലർച്ചെ ആറ് മുപ്പത്.

"മാഡം. കൊഞ്ചം ശീഘ്രം വാങ്കോ. ഒരു പെൺകുളന്തൈ ആക്സിഡന്റായി വന്താച്ച്. ഉടമ്പില് നല്ല വലിയിര്ക്കമ്മാ."

ബെഡ്ഡിൽനിന്നു ചാടിയെഴുന്നേറ്റ് ബാത്റൂമിലേക്ക് ഓടവേ മനസ്സിൽ നൂറു ചിന്തകളാണ് പാഞ്ഞടുത്തത്.

റേപ് അറ്റംപ്റ്റ് ആയിരിക്കുമോ..?

കൺമണി ആയതുകാരണം മലയാളത്തിൽ ചോദിച്ചു മനസ്സിലാക്കാന്നു വിചാരിച്ചാലൊട്ട് നടക്കത്തുമില്ല. ആക്സിഡന്റ് ആണെന്നാണു പറഞ്ഞത്.

ഹീറ്ററിലെ വെള്ളത്തിന് ചൂടു പോരെന്നു തോന്നി. ബാത്റൂമിൽ കയറി വായും മുഖവും കഴുകി വൃത്തിയാക്കി പോകാൻ റെഡിയായി.

"ഒരു കപ്പ് കാപ്പി കുടിച്ചേച്ചും പോ മോളെ.. എന്നാ തണുപ്പാ പൊറത്ത്." കത്രീനാമ്മച്ചി പിറകീന്നു വിളിച്ചു.

"തെരക്കുണ്ടമ്മച്ചീ..."

കൂടുതൽ വിശേഷങ്ങൾ പങ്കുവയ്ക്കാൻ നിൽക്കാതെ അന്ന കോട്ടുമെടുത്ത്, വെള്ള ബൊഗൈൻവില്ല പൂത്തൊരുങ്ങി നിൽക്കുന്ന മുറ്റത്തേക്കു നടന്നു. കാർ സ്റ്റാർട്ട് ചെയ്ത ശബ്ദം കേട്ടപ്പോൾ ഒരുകൂട്ടം മാടത്തകൾ മഞ്ഞു കുടഞ്ഞുകളഞ്ഞ് ബൊഗൈൻവില്ലയെ ഇളക്കി ആകാശദർശനത്തിനായി പറന്നുയർന്നു. വീട്ടിൽനിന്നു ഹോസ്പിറ്റലിലേക്ക് രണ്ട് കിലോമീറ്റർ ദൂരം മാത്രം.

പൊന്മുടി ഉണർന്നിരിക്കുന്നു. കോടമഞ്ഞിന്റെ വരവിനെ സൂചിപ്പിക്കുന്ന ഈറൻകാറ്റിൽ മരത്തലപ്പുകൾ നനഞ്ഞ് കുളിർക്കൊള്ളുന്നു. അന്ന കാർ വേഗത്തിലോടിച്ചു. മൂടൽമഞ്ഞിലൂടെ വണ്ടിയോടിക്കുമ്പോൾ കൂർത്ത മലകളെ തഴുകി വന്നൊരു കോടമഞ്ഞ് കാഴ്ച മറച്ചു. ഡാഷ് ബോർഡ് പാനലിലെ ഡിജിറ്റൽ സ്ക്രീനിൽ അന്തരീക്ഷോഷ്മാവ് പതിനൊന്നു ഡിഗ്രി സെൽഷ്യസ് കാണിച്ചു. പൊന്മുടി തണുപ്പിലേക്കുയരുകയാണ്.

കാർ നിർത്തി ഹെഡ്ലൈറ്റ് തെളിച്ചിട്ട ശേഷം മൊബൈൽ എടുത്ത് ആശുപത്രിയിലേക്കു വിളിക്കാൻ തുടങ്ങിയപ്പോഴേക്കും കൺമണി വീണ്ടും സ്ക്രീനിൽ തെളിഞ്ഞു. അന്ന മുഖത്തുനിന്നു മാസ്ക് മാറ്റി.

"മാഡം. നീങ്കെ എങ്കെയിരിക്ക്?"

"എന്ന കൺമണി? റോഡിൽ മുഴുവൻ കോടയാണ്. ഡോ. മൂർത്തി അങ്കെ ഇല്ലയാ?"

"ഇല്ല മാഡം. എനക്ക് റൊമ്പ ഭയമായിര്ക്ക്. പൊണ്ണ്ക്ക് വന്ത് മൂച്ചി വരമാതിരി ഇല്ലൈ. മാഡം കൊഞ്ചം ശീഘ്രം വരത്ക്ക് ട്രൈ പണ്ണ് ങ്കോ."

"നീ ടെൻഷനാവാതെ കൺമണി. ഇന്ത കോട മുടിഞ്ചെ ഉടനെ നാൻ വന്തിടുവേൻ." അന്ന കാറിൽ നിന്നിറങ്ങി നോക്കി. തണുപ്പുറഞ്ഞുതുള്ളുന്ന പൊന്മുടിയെ തേടിയെത്തിയ സഞ്ചാരികളുടെ വാഹനങ്ങളുടെ നീണ്ട നിര. എല്ലാവരും ഹിൽസ്റ്റേഷനരികിലെ റിസോർട്ടിലേക്കായിരിക്കും. കോട തീർത്തു മാറുംമുമ്പ് അവൾ വണ്ടി റിവേഴ്സ് എടുത്ത് മറ്റൊരു ഇടവഴിയിലേക്കു കയറി. ടാർ ചെയ്ത റോഡല്ല. എങ്കിലും ഇതുവഴി പോയാൽ ആശുപത്രിയിലേക്കു പെട്ടെന്നെത്തും. മഞ്ഞ് നനഞ്ഞുകിടന്ന മണ്ണിട്ട റോഡിലൂടെ അന്ന കാർ അതിവേഗം ഓടിച്ചു. അരക്കിലോമീറ്റർ കഴിഞ്ഞപ്പോൾ വഴി തടഞ്ഞൊരു ആൾക്കൂട്ടം റോഡിൽ കണ്ടു. കാറിലെ എംബ്ലം കണ്ടിട്ടായിരിക്കും അവരൊന്ന് വകഞ്ഞു മാറി. രണ്ടുപേർ കാറിനടുത്തേക്കു വന്നു.

"മാഡം എങ്ങോട്ടാണ്?"

"ഹോസ്പിറ്റലിലേക്കാണ്. അത്യാവശ്യമാണ്. എന്താ ഇവിടെ പ്രശ്നം?"

"മാഡമൊന്നുമറിഞ്ഞില്ലേ? കഴിഞ്ഞ ദിവസം ചോരത്തിനു താഴേന്നാന്നു തോന്നുന്നു, കൊറെ ചെറുപ്പക്കാര് വന്നങ്ങ് സെറ്റായി. ആണും പെണ്ണുമെല്ലാമുണ്ട്. കൊറോണേം പിടിച്ച് വീട്ടിലിരുന്ന് മടുത്തപ്പാ സൊള്ളാനെറങ്ങീതാവും. എന്നാ ഇതുങ്ങ്ക്ക് റിസോർട്ടെടുത്താ അതിന്റെ ഉള്ളീക്കെടന്നാപ്പാരെ? അവരെന്നിട്ട് രാത്രീലെർങ്ങി പൊർത്തെങ്ങാണ്ട് ടെന്റും കെട്ടി മഞ്ഞത്തങ്ങ് സുഖിച്ച്. ഒടുക്കം, നേരം വെളുത്തപ്പാ നല്ല മുന്തിരിങ്ങാപോലൊരു പെണ്ണ് ഈ കുന്നിന്റെ താഴെ ചോരേം ഒലിപ്പിച്ച് ബോധംകെട്ടുകിടക്കുന്നു. വന്നോൻമാരെല്ലാം പെണ്ണിന്റെ പപ്പും പൂടേം പറിച്ച് മുങ്ങിക്കളഞ്ഞു. ആരേം കാണുന്നില്ല. ടെന്റും പൊളിഞ്ഞു കിടക്കുന്നു."

"എന്നിട്ട് കുട്ടിയെവിടെയാണ്?"

"വെളുപ്പിനെ റബറ് വെട്ടാൻ വന്നോരാ കണ്ടെ. അവരൊടനെ പൊന്മുടീലെ ആശൂത്രീലേക്കു കൊണ്ടോയിട്ടുണ്ട്."

"ദേ... മാഡത്തിന് കാണണേ കണ്ടോ. ഇതാണ് മൊതല്. കുറ്റീം പറിച്ച് എറങ്ങീതാന്നു തോന്നുന്നു. അസ്സല് പീസാ.." കൂട്ടത്തിലൊരുത്തൻ മൊബൈൽ കാറിനുള്ളിലേക്കു താഴ്ത്തിക്കാണിച്ചു. അന്ന ഒരു വേള ആ ഫോട്ടോയിലേക്കു സസൂക്ഷ്മം നോക്കി. മുറിവേറ്റു തളർന്നുകിടക്കുന്ന ഒരു പെൺകുട്ടി.

റേപ് ചെയ്യപ്പെട്ടതാണോ എന്നു നിശ്ചയമില്ല. എങ്കിലും അവളിതാ സോഷ്യൽ മീഡിയയിൽക്കൂടി തുടർച്ചയായി ബലാത്സംഗത്തിനിരയാക്കപ്പെടാൻ പോകുന്നു. അവളുടെ തൊലിയും നിറവും തുടർച്ചയായി ചർച്ച ചെയ്യപ്പെട്ട് നീറും. അവളും അവളുടെ കുടുംബവും ഇനി മാസ്കിന്റെ വലിപ്പം കൂട്ടി മുഖം മുഴുവൻ മറയ്ക്കും. ഉപ്പിലിട്ട ജീവനുള്ള മാംസക്കഷണം രുചിക്കുന്നതുപോലെ അവളെ സമൂഹമാധ്യമങ്ങൾ കടിച്ചീമ്പും. അന്നയുടെ ഉള്ള് വ്യാകുലപ്പെട്ടു. കന്യകകളുടെ രാജ്ഞിയായ പരിശുദ്ധ മറിയത്തോട് അവൾ ഉള്ളാലേ പ്രാർത്ഥിച്ചു. മറുപടി പറയാതെ തനിക്കുവേണ്ടിമാത്രം ആശുപത്രിയിൽ കാത്തുകിടക്കുന്ന പെൺകുട്ടിയെ ഓർത്ത് അവൾ ആക്സിലേറ്ററിൽ ആഞ്ഞുചവിട്ടി.



സമയം പുലർച്ചെ ഏഴു മണി.

ഹോസ്പിറ്റലിൽ ചെന്നിറങ്ങിയപ്പോൾ മുറ്റത്തങ്ങിങ്ങായി ചെറിയ ആൾക്കൂട്ടം. ആരെയും ശ്രദ്ധിക്കാതെ അന്ന കാഷ്വാലിറ്റിയിൽ എത്തി. മാസ്കിനു മുകളിൽ ഫെയ്സ് ഷീൽഡ് ധരിച്ചു. ഗ്ലൗസണിഞ്ഞു. സ്റ്റെത്ത് എടുത്തു. പെൺകുട്ടിയുടെ അടുത്തേക്കെത്തി. ഒരു വശത്തേക്കു ചരിഞ്ഞുകിടക്കുന്ന മുഖം. സിന്ദൂരം പരന്നിരിക്കുന്ന നെറ്റി.

അഴുക്കും ചെളിയും പുരണ്ട് നനഞ്ഞ വസ്ത്രം. താൻ അല്പം മുമ്പു കണ്ട മുഖംതന്നെ.

കറുത്ത കരിമ്പടത്തിനുള്ളിൽ തണുത്തു മരവിച്ച അവളുടെ വലതുകൈത്തണ്ട ഒടിഞ്ഞ വാഴക്കൈപോലെ കിടക്കുന്നു.

അന്ന മോണിറ്റർ നോക്കി. ഹാർട്ട് ബീറ്റ് അമ്പതിൽ താഴെയാണ്. അവൾ ഉടനെ പെൻടോർച്ച് എടുത്ത് പ്യൂപ്പിൾ പരിശോധിച്ചു. ഭാഗ്യം, ദെ ആർ ഈക്വൽ ആൻഡ് റിയാക്റ്റിങ് റ്റു ലൈറ്റ്.

അവളുടനെ സൈഡ് കർട്ടൻ മറച്ചു പരിശോധിച്ചു. പേടിച്ചതുപോലെ റേപ് അറ്റംപ്റ്റ് അല്ല. പക്ഷേ, ശരീരം മുഴുവൻ വീഴ്ചയിലുണ്ടായതുപോലെയുള്ള മുറിവുകൾ. ഉരഞ്ഞു പൊട്ടിയ മുറിവിൽനിന്ന് അല്പാല്പം അടർന്നുവീണ് ഉണങ്ങിയ ചോരത്തുള്ളികൾ. എല്ലാം തുടച്ചുവൃത്തിയാക്കിയതിനുശേഷം നേഴ്സിനോട് നോർമൽ സലൈൻ ഡ്രിപ്പ് സ്റ്റാർട്ട് ചെയ്യാൻ പറഞ്ഞിട്ട് അന്ന പുറത്തു കടന്നു.

"കൺമണീ... എന്തൊക്കെയാ ഉണ്ടായത്? ഇവര് എപ്പ വന്താച്ച്? കൂടെ യാരാവത് ഇര്ക്കാ?"

"മാഡം.. കാലെയ്ലെ ആറു മണിക്ക് താൻ അവര് വന്ത്ട്ച്ച്. നാല് ആമ്പ്ള പസങ്കെ താനെ ഇങ്കെ തൂക്കീട്ട് വന്തത്. നാൻ ഉള്ളെ പോയി തിരുമ്പി വന്ത് പാത്തേൻ, അവങ്കെ പോയിട്ടാര്. പൊണ്ണ്ക്ക് എന്നാച്ച്മ്മ?"

"പേടിക്കാനൊന്നൂല്ല. ബോധം തെളിയട്ടെ. ചോദിക്കാം. തത്കാലം ആരെയും കാണാൻ അനുവദിക്കണ്ട. ഡോ. മൂർത്തിയെ ഞാൻ വിളിക്കട്ടെ. കൺമണി അവളുടെ അടുത്തുതന്നെ നിൽക്കണം."

സമയം എട്ടു മുപ്പത്. അന്ന കാന്റീനിലേക്കു കയറി. അടുത്തു കണ്ടൊരു മേശയ്ക്കരികിലിരുന്ന് ചായയ്ക്ക് ഓർഡർ ചെയ്തു. ഇന്നാട്ടിൽനിന്നുതന്നെ ലഭിക്കുന്ന തേയിലയും നല്ല രുചിയുള്ള പശുവിൻപാലും. ചായ മൊത്തിക്കുടിക്കുന്നതിനിടയിൽ കോട്ടിന്റെ പോക്കറ്റിൽനിന്നു മൊബൈൽ എടുത്തു. ഇന്നത്തെ ഇരയെ കിട്ടിയ ആനന്ദത്തിലാണ് സൈബർലോകം. അവളുടെ ഒരു ഭാഗം സോഷ്യൽ മീഡിയ കാർന്നുതിന്നുമ്പോൾ, മറുഭാഗം മാന്തിപ്പൊളിച്ച് നാട്ടുകാരും തൃപ്തിയടയും. പല രീതിയിലും വളച്ചൊടിച്ച വാർത്തകൾക്കു മുന്നിൽ അവൾ അവിഹിതബന്ധക്കാരിയാവുന്നു. ഭർത്താവിനെ വഞ്ചിച്ചവളാവുന്നു. ലഹരിക്കടിമപ്പെട്ടവളാവുന്നു. മക്കളെ ഉപേക്ഷിച്ചവളാവുന്നു. കിലോക്കണക്കിനു ലൈക്കുകൾക്കും കമന്റുകൾക്കുംശേഷം നാളെകളിൽ സത്യമുണരുമ്പോൾ സൈബർലോകം അതു ശ്രദ്ധിക്കാതെ മറ്റൊരു വാർത്തയുടെ പിന്നാലെ പോകും.

മൊബൈൽ ഓഫ് ചെയ്തശേഷം അന്ന എണീറ്റ് പുറത്തേക്കു നടന്നു. മുന്നിലേക്കു പടർന്നുകിടക്കുന്ന സഹ്യാദ്രിയുടെ സൗന്ദര്യത്തിലേക്കു നോക്കിനിന്നു. ദൂരക്കാഴ്ചയിൽ നെടുനീളനെന്നു തോന്നിപ്പിക്കുന്ന മലകളിൽ വെയിൽ പൂത്തു പരക്കുന്നു. പൊന്നു കാക്കുന്ന പൊന്മുടിദൈവങ്ങൾ എന്തേ പൊന്നുപോലുള്ള പെണ്ണിനെ കാത്തില്ല? ഇങ്ങനെ പലവിധ ചിന്തകളിൽ വ്യാപരിച്ചപ്പോഴാണ് കൺമണി ഓടിവന്നു വിളിച്ചത്.

"അമ്മാ.. അന്ത പൊണ്ണ് കണ്ണ് തുറന്നു."

ഏറെ ഭയപ്പെട്ടുപോയ എന്തിന്റെയോ തികട്ടൽ അവളുടെ മുഖത്തു കാണപ്പെട്ടു. വിമ്മിവിമ്മി കരയുന്നതിനിടയിൽ അടുക്കും ചിട്ടയുമില്ലാതെ അവൾ സംസാരിച്ചു. അന്ന സാവധാനം അവളുടെ തലയിൽ തലോടിക്കൊണ്ടിരുന്നു. കൊവിഡ് വാക്സിനുവേണ്ടിയുള്ള ഗവേഷണത്തിന്റെ ഭാഗമായി ഇന്ത്യൻ ജനറ്റിക്സ് ഡിപ്പാർട്ട്മെന്റിൽനിന്നു കേരളത്തിന്റെ തെക്കുകിഴക്കൻഭാഗത്ത് ഏറെ കാണപ്പെടുന്ന ഉരഗവർഗത്തിലെ വെള്ളിക്കെട്ടനെക്കുറിച്ചു പഠിക്കാൻവേണ്ടി എത്തിയതായിരുന്നു മലയാളിയായ ദിശ വേണുവും സംഘവും. കൊറോണ വൈറസിന്റെ യഥാർത്ഥ ഉറവിടം ചൈനയിൽ കാണപ്പെടുന്ന ചൈനീസ് വെള്ളിക്കെട്ടനിലാണോ എന്നുള്ള സംശയം ഉടലെടുത്തപ്പോഴാണ് ബാംഗ്ളൂർ യൂണിവേഴ്സിറ്റിയിൽനിന്ന് ഒരു സംഘത്തെ അവർ കേരളത്തിലേക്കയച്ചത്.

മധ്യതെക്കൻ ചൈനയിലും കേരളത്തിലെ സഹ്യപർവതങ്ങളിലും കാണപ്പെടുന്ന വെള്ളിക്കെട്ടൻ ഒന്നുതന്നെയാണോ എന്നും, അതിന്റെ ആർ.എൻ.എ പരിശോധനാവിധേയമാക്കി ഗവേഷണവിഭാഗത്തിനു റിപ്പോർട്ട് സമർപ്പിക്കുക എന്നതുമായിരുന്നു ദിശയിൽ ഏല്പിക്കപ്പെട്ട ഉത്തരവാദിത്വം. ജോലിഭാരം തീർന്നപ്പോൾ കേരളസൗന്ദര്യത്തെ ഉപേക്ഷിക്കാൻ തോന്നാതെ സഹ്യന്റെ മടിത്തട്ടിൽ ഒന്നു തലചായ്ക്കാനെത്തിയതാണവർ. തടാകത്തിനരികെയുള്ള റിസോർട്ടിൽ റൂമെടുത്തശേഷം മലമുകളിലെ മഞ്ഞിറക്കം കാണാൻ ഹിൽസ്റ്റേഷനുതാഴെ ടെന്റടിച്ച് കൂടാമെന്നവർ തീരുമാനിച്ചു. നാലുപേരും വിവാഹിതർ, മക്കളുള്ളവർ. പ്രഭാതമായപ്പോൾ അരുണോദയത്തിന്റെ പൊൻനിറം പുതച്ചുണരാൻ പോകുന്ന മലമുകളിലേക്ക് മഞ്ഞിലൂടെ നീങ്ങവേയാണ് പ്രതീക്ഷിക്കാതെ ഒരു കാട്ടുപോത്ത് അവരെ ആക്രമിച്ചത്. ചിതറിയോടിയ താൻ എവിടെയോ കല്ലിൽത്തട്ടി വീണതേ ഓർമയുള്ളൂ. സുഹൃത്തുക്കൾ എവിടെയെന്ന് അവൾ ആകാംക്ഷയോടെ അന്വേഷിച്ചു. ദിശയെ സമാധാനിപ്പിക്കാൻവേണ്ടി അവർ പുറത്തുണ്ട് എന്ന് അന്ന പറഞ്ഞു.

ദിശയിൽനിന്നു ഭർത്താവിന്റെയും സുഹൃത്തുക്കളുടെയും ഫോൺ നമ്പർ വാങ്ങി, റൂമിനു പുറത്തേക്കിറങ്ങിയപ്പോൾ അന്ന കൺമണിയെ വിളിച്ചു:

"കൺമണീ.. അന്ത പൊണ്ണ് മൊബൈലും ടിവിയും ന്യൂസ് പേപ്പറും പാർക്കക്കൂടാത്. അവൾ ആവശ്യപ്പെട്ടാലും കൊടുക്കരുത്. ഉനക്ക് പുരിഞ്ച്താ..."

കൺമണി തലയാട്ടി.

എല്ലാം മനസ്സിലാക്കിയ മട്ടിൽ സ്നേഹം പുരണ്ടൊരു ചിരി അവളുടെ മുഖത്തു വിടർന്നു.

രണ്ടു ദിവസമെങ്കിലും അവൾ വാക്കുകൾ കൊണ്ടുള്ള മുറിവേൽക്കാതെ സമാധാനമായിരിക്കട്ടെ. പൊന്നുകാക്കുന്ന മലദൈവങ്ങൾ പെണ്ണിനെയും കാത്തതിന്റെ നന്ദി അറിയിക്കാൻ, കൺകുളിർക്കെ പൊന്മുടി കാണിച്ചിട്ടേ അവളെ തിരികെയയയ്ക്കൂ എന്ന തീരുമാനത്തിൽ അന്ന പുറത്ത് ജ്വലിക്കാൻ പോകുന്ന വെയിലാഴങ്ങളിലേക്കിറങ്ങി.

ദീപനാളം

ചീഫ് എഡിറ്റർ & മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ

അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ



**ഒരുവന്റെ വഴികൾ കർത്താവിനു പ്രീതികരമായിരിക്കുമ്പോൾ ശത്രുക്കൾപോലും അവനോട് ഇണങ്ങിക്കഴിയുന്നു.**

സുഭാഷിതങ്ങൾ 16:7

**എഡിറ്റോറിയൽ**

## ഡിജിറ്റൽ വിദ്യാഭ്യാസം

# പരിമിതികൾ പരിഹരിക്കണം

**കൊ**വിഡ് കാലത്തെ വെല്ലുവിളികൾ അതിജീവിച്ച് സംസ്ഥാനത്ത് പുതിയ സ്കൂൾ വർഷം പതിവുപോലെ ജൂൺ ഒന്നിനു തുടക്കംകുറിച്ചു. മൂന്നു ലക്ഷത്തിലധികം കുഞ്ഞുങ്ങളാണ് ഇത്തവണ ഒന്നാംക്ലാസിലെത്തുന്നത്.

ഡിജിറ്റൽ ക്ലാസുകൾ രണ്ടാംവർഷത്തിലേക്കു കടക്കുമ്പോഴും സ്കൂൾ വിദ്യാഭ്യാസരംഗത്തെ പരിമിതികൾക്കും പരാതികൾക്കും പരിഹാരമുണ്ടാക്കാൻ സർക്കാരിനോ വിദ്യാഭ്യാസവകുപ്പിനോ നാളിതുവരെയായിട്ടില്ല. സാങ്കേതിക വിദ്യാസൗകര്യങ്ങളിലെ വലിയ തോതിലുള്ള അന്തരംമൂലമുള്ള 'ഡിജിറ്റൽ ഡിവൈഡ്' ഉയർത്തുന്ന വെല്ലുവിളികളും അതിന്റെ പ്രത്യാഘാതങ്ങളും നിസ്സാരമായി കാണാനാവില്ല. കേരളത്തിലെ 45 ലക്ഷം കുട്ടികളിലും 2.6 ലക്ഷത്തിന് ഡിജിറ്റൽ പ്രാപ്യതാപ്രശ്നങ്ങൾ ഉണ്ടെന്ന് സമഗ്രശിക്ഷാപഠനങ്ങൾവഴി കഴിഞ്ഞ വർഷം മനസ്സിലാക്കുകയുണ്ടായി. രാഷ്ട്രീയഭേദമെന്യേ സംഘടനകളും വ്യക്തികളും ഇതര കാരുണ്യ സ്ഥാപനങ്ങളും ഉണർന്നു പ്രവർത്തിച്ചതുവഴി അന്നു പ്രശ്നം പരിഹരിച്ചെങ്കിലും, ഒന്നിലേറെ കുട്ടികളുള്ള വീടുകളിലും ആദിവാസി, തീരദേശ മേഖലകളിലും സൗകര്യങ്ങളുടെ അപര്യാപ്തതമൂലം കുട്ടികൾക്കു ഡിജിറ്റൽ ക്ലാസുകൾ ലഭിക്കുന്നില്ലെന്ന് റിപ്പോർട്ടുകളുണ്ടായിരുന്നു.

പൊതുവിദ്യാലയങ്ങളിലെ എല്ലാ കുട്ടികൾക്കും കമ്പ്യൂട്ടറോ മൊബൈൽ ഫോണോ ടിവിയോ ഉണ്ടെന്നുറപ്പുവരുത്താനായി വിദ്യാഭ്യാസവകുപ്പ് സംസ്ഥാനവ്യാപകമായി സർവേ നടത്തുന്നതായാണ് റിപ്പോർട്ട്. ജൂൺ പകുതിയോടെ കണക്കെടുപ്പു പൂർത്തിയാകാനിരിക്കെ, അരലക്ഷത്തിലധികം കുട്ടികൾക്ക് ഡിജിറ്റൽ സൗകര്യങ്ങൾ അപര്യാപ്തമാണെന്നാണ് ഇതുവരെയുള്ള സർവേഫലങ്ങൾ പറയുന്നത്.

വിദൂരാധ്യയനത്തിന്റെ രണ്ടാംവർഷവും വിദ്യാഭ്യാസവകുപ്പിന്റെ വിക്ടേഴ്സ് ചാനലുകളിലൂടെയുള്ള ക്ലാസുകളാണ് മുഖ്യാശ്രയം. അതതു സ്കൂളുകളിലെ അധ്യാപകർ സ്കൂളിലെ കമ്പ്യൂട്ടർ ലാബ് സൗകര്യമുപയോഗിച്ചു ക്ലാസെടുക്കുകയും സംശയനിവാരണം വരുത്തുകയുമാണ് പരിഹാര്യമായ മറ്റൊരാശ്രയം. ഒന്നുമുതൽ ഏഴുവരെയുള്ള ക്ലാസുകളിൽ നിലവിലുള്ള അധ്യയനരീതി തുടരുമ്പോഴും പത്ത്, ഹയർ സെക്കൻഡറി തലങ്ങളിൽ ആഴ്ചയിൽ ഒരു ദിവസമെങ്കിലും കൊവിഡ് പെരുമാറ്റച്ചട്ടത്തിനു വിധേയമായി അധ്യാപകവിദ്യാർത്ഥി സൗഹൃദസദസ്സുകൾ അതായത്, അധ്യാപകരും വിദ്യാർത്ഥികളും നേരിൽക്കണ്ട് സംവദിക്കുന്ന സംവിധാനം സംഘടിപ്പിക്കാനായാൽ ഹൃദ്യമായിരിക്കുമെന്നു വാദിക്കുന്നവരുണ്ട്. അതുമല്ലെങ്കിൽ, ഓൺലൈൻ മുഖേന അധ്യാപകർക്കും വിദ്യാർത്ഥികൾക്കും പരസ്പരം സംസാരിക്കാനും സംശയനിവാരണം നടത്താനുമുള്ള സൗഹൃദാന്തരീക്ഷം ഉണ്ടാവേണ്ടത് അനിവാര്യമാണ്.

അധ്യാപകകേന്ദ്രീകൃതപഠനപരിശീലനരീതികൾ എന്നേ നമ്മുടെ കലാലയങ്ങളിൽനിന്നും പടിയിറങ്ങേണ്ടതായിരുന്നു. വിദ്യാർത്ഥികേന്ദ്രിത (student centred)വും പ്രവർത്തനാധിഷ്ഠിത(activity oriented)വുമായ വിദ്യാഭ്യാസ സൗഹൃദാന്തരീക്ഷം വേണമെന്നിരിക്കെ, കുട്ടികൾക്ക് സ്വാഭിപ്രായവും പങ്കാളിത്തവും അപ്രാപ്യമായ വിദ്യാഭ്യാസ മ്പ്രദായം കാലഹരണപ്പെട്ടതും തിരുത്തേണ്ടതുമാണ്.

അറിവുകളുടെ കാണാപ്പുറങ്ങളിലേക്കു ജിജ്ഞാസയോടെ അന്വേഷിച്ചലയുന്ന ഒരു തലമുറയാണ് നമുക്കു ചുറ്റുമുള്ളത്. പാഠപുസ്തകത്തിലെ വിവരങ്ങൾ കാണാപ്പാഠമാക്കി പരീക്ഷാപ്പേപ്പറിൽ പകർത്തിയെഴുതുന്ന പഴയ പഠനസമീപനങ്ങൾക്കു ഭാവിയിൽ പ്രസക്തിയില്ല. നാം ജീവിക്കുന്ന ചുറ്റുപാടുകളിൽനിന്നും നേരിട്ടും അല്ലാതെയും അനുഭവിച്ചാർജിക്കുന്ന അതിനൂതന വിവരങ്ങൾ വിശകലനം ചെയ്ത് അറിവുകളുടെ നിർമാണക്ഷമതയിലേക്കു പ്രവേശിക്കുന്നവർക്കേ ഭാവിസമൂഹത്തിൽ നിലനില്ക്കാനാവൂ. അതായത്, അന്വേഷണാത്മകപഠനത്തിന്റെ ഭദ്രതയിൽ അറിവുകൾക്കും തിരിച്ചറിവുകൾക്കും പ്രസക്തിയും പ്രാധാന്യവുമുണ്ടെന്നു സാരം.

കൊവിഡ് വെല്ലുവിളികൾക്കിടയിലും നമ്മുടെ സമാദരണീയരായ അധ്യാപകവൃന്ദം പരിമിതികളെ മറികടന്ന് തങ്ങളാലാവുംവിധം കുട്ടികൾക്ക് വിദ്യ പകർന്നു നല്കുന്നുണ്ട്. എന്നാൽ ഇനിയങ്ങോട്ട്, ഡിജിറ്റൽ ക്ലാസ്മുറികൾ പ്രക്രിയാബന്ധിതമാകുന്നതോടെ അധ്യാപകരുടെ പ്രൊഫഷണലിസം ചോദ്യം ചെയ്യപ്പെടാനുള്ള സാധ്യതയും തള്ളിക്കളയാനാവില്ല. ഡിജിറ്റൽ പ്ലാറ്റ്ഫോം ഏറ്റവും ഫലപ്രദമായി ഉപയോഗിക്കാനുള്ള സാങ്കേതികജ്ഞാനത്തിൽ പിന്നാക്കം പോകാനാവില്ല. അറിവുകൾ രസകരമായി വിനിമയം ചെയ്യാനുള്ള സാമർത്ഥ്യവും പ്രധാനപ്പെട്ടതാണ്.

ഒതുങ്ങിയ ക്ലാസ്മുറികളിൽനിന്നു വിശാലമായ ഡിജിറ്റൽ പ്ലാറ്റ്ഫോമിലേക്കു കയറുമ്പോൾ, വിദൂരാധ്യയനത്തിന്റെ വിരസതകളകറ്റാനുള്ള ടീച്ചിങ് ടെക്നിക്കുകളും മെതഡോളജിയും അധ്യാപകർക്കു കൂടിയേതീരൂ. വാചികത്തിനപ്പുറം ശരീരഭാഷയുടെ വിനിമയസാധ്യതകൾകൂടി കാര്യക്ഷമമായി ഉപയോഗിക്കാനുള്ള കഴിവും പ്രാപ്തിയും അവർക്കുണ്ടാകണം. മാത്രമല്ല, സ്കൂളങ്കണങ്ങളും കൂട്ടുകെട്ടുകളും കളിതമാശകളും കുട്ടികൾക്കില്ലാത്ത സ്ഥിതിക്ക് സൗഹൃദത്തിന്റെ അന്തരീക്ഷഘടന സൃഷ്ടിക്കാൻ അധ്യാപകർക്കാവണം. കുട്ടികളുടെ ടെൻഷനും സ്ട്രെസിനും ഗൈഡൻസ് പകരാനാകുന്ന കൗൺസലറും മെന്ററുമാവണം അവർ. അധ്യാപകപരിശീലനപ്രക്രിയയിൽ കാലോചിതമായ പരിഷ്കാരങ്ങൾ ആവശ്യമുണ്ടെങ്കിൽ, അതു നടപ്പിലാക്കാനും ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

# ഇതു ന്യൂനപക്ഷത്തിന്റെയല്ല നീതിയുടെ വിജയം

*1-ാം പേജ് തുടർച്ച*

ഈ സാഹചര്യത്തിലാണ് ന്യൂനപക്ഷ മതവിഭാഗങ്ങളെ മുസ്ലിം, ക്രിസ്ത്യൻ തുടങ്ങിയ രീതിയിൽ വേർതിരിക്കുന്നത് ഭരണഘടനയിൽ പറയുന്ന മതനിരപേക്ഷതയ്ക്ക് എതിരാണെന്നും സർക്കാർ ആനുകൂല്യങ്ങൾ എല്ലാ ന്യൂനപക്ഷവിഭാഗങ്ങൾക്കും ജനസംഖ്യാനുപാതത്തിൽ ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ഹൈക്കോടതിയിൽ ഹർജി സമർപ്പിക്കപ്പെട്ടത്. ഹർജിയിൽ കോടതിയിൽ വാദം നടക്കുമ്പോൾ ക്രിസ്ത്യൻ പിന്നാക്കവിഭാഗങ്ങളിലെ വിദ്യാഭ്യാസ, സാമ്പത്തിക പിന്നാക്കാവസ്ഥ പഠിക്കാൻ നിയോഗിക്കപ്പെട്ട ജസ്റ്റീസ് ജെ. ബി. കോശി സമിതിയുടെ ടേംസ് ഓഫ് റഫറൻസും കോടതി വിലയിരുത്തിയിരുന്നു. ഇതും പരിഗണനയിൽ എടുത്തുകൊണ്ടാണ് ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ ഇപ്പോഴത്തെ വിധി ഉണ്ടായിരിക്കുന്നത്. 80:20 അനുപാതം നിയമപരമായി നിലനിൽക്കുന്നതല്ല എന്നു വിധിച്ച ഹൈക്കോടതി വിവിധ ന്യൂനപക്ഷ വിഭാഗങ്ങളുടെ ജനസംഖ്യാനുപാതത്തിൽ ആനുകൂല്യങ്ങൾ അനുവദിക്കാൻ നിർദേശിച്ചുകൊണ്ടാണ് ഉത്തരവിട്ടിരിക്കുന്നത്.

കോടതിവിധി വ്യക്തിപരമായി ഏതെങ്കിലും പക്ഷത്തിന്റെ വിജയമായി ചിത്രീകരിക്കുന്നതിനേക്കാൾ നീതിയുടെയും നിയമവാഴ്ചയുടെയും സാമൂഹികനീതിയുടെയും വിജയമായി പരിഗണിക്കുന്നതായിരിക്കും നല്ലത്. സാമ്പത്തികവും, സാമൂഹികവും വിദ്യാഭ്യാസപരവുമായ പിന്നാക്കാവസ്ഥ എന്നത് ഏതെങ്കിലും ഒരു വിഭാഗത്തിന്റെ മാത്രം പ്രത്യേകതയല്ല. എല്ലാ സമുദായങ്ങളിലും സാമൂഹികമായും സാമ്പത്തിക്കമായും ബുദ്ധിമുട്ട് അനുഭവിക്കുന്ന നിരവധി ആളുകളുണ്ട്. സാമൂഹികപരമായി ഏതെങ്കിലും ഒരു വിഭാഗത്തിൽ ജനിച്ചു എന്നതിന്റെ പേരിൽ അവർക്കു നീതി നിഷേധിക്കുവാൻ പാടില്ല. കൃത്യമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ എല്ലാ വിഭാഗം ജനങ്ങളിലും അവശത അനുഭവിക്കുന്നവർക്ക് കൃത്യമായി നീതി ഉറപ്പുവരുത്തുവാൻ ഭരണകൂടങ്ങൾക്കു കഴിയണം. സംവരണം എന്നത് ഒരിക്കലും ഒരു സ്ഥിരസംവിധാനം ആകരുത് എന്ന സുപ്രീം കോടതി വിധികളുടെ അന്തസ്സത്ത ഇതാണ്.

സാമ്പത്തികസംവരണ വിഷയങ്ങളും ഇപ്പോൾ ന്യൂനപക്ഷാനുകൂല്യങ്ങളിലെ വിവേചനവും ഒക്കെ വലിയ ചർച്ചകളായി മാറുമ്പോൾ അത് നമ്മുടെ സമൂഹത്തിൽ സൃഷ്ടിക്കുന്ന വേർതിരിവുകളെയും കാണാതിരുന്നുകൂടാ. ഓരോ വിവാദങ്ങളും നമ്മുടെ സമൂഹത്തെ കൂടുതൽ വർഗീയവത്കരിക്കുകയാണ്. നിക്ഷിപ്ത താത്പര്യക്കാർ ഇതുപോലെയുള്ള വൈകാരികമായ വിഷയങ്ങളെ തങ്ങളുടെ അജണ്ടകൾ നടപ്പിലാക്കാനും വർഗീയത വിതച്ച് അതിൽനിന്നു ലാഭം കൊയ്യാനുമുള്ള ഉപകരണമാക്കുകയാണ്. വിഷയങ്ങളുടെ ന്യായാന്യായങ്ങൾ അല്ല അവർക്കു പ്രധാനപ്പെട്ടത്; മറിച്ച്, അവരുടെ താത്പര്യങ്ങൾ മാത്രമാണ്. ഇത്തരം ശക്തികൾക്കെതിരേ കൂടി കൂടുതൽ ജാഗ്രത പുലർത്തുവാൻ കേരളസമൂഹം തയ്യാറാവണം. ജാതിയുടെയും മതത്തിന്റെയും പേരിൽ ഒരിക്കൽക്കൂടി കേരളത്തെ ഭ്രാന്താലയമാക്കാൻ നമ്മൾ അനുവദിച്ചുകൂടാ. ഓരോരുത്തരും അവരവരുടെ അവകാശങ്ങൾക്കുവേണ്ടി പോരാടുമ്പോൾതന്നെ മറ്റുള്ളവരുടെ അവകാശങ്ങളെയും അസ്തിത്വത്തെയും ബഹുമാനിക്കാനും തയ്യാറാവണം. കോടതിവിധി തീർച്ചയായും ഇത്തരമൊരു ഓർമപ്പെടുത്തൽകൂടിയാണ്. ■

## വിരമിച്ചു



ദീപനാളം വാരികയിലും പ്രസിദ്ധീകരണവിഭാഗത്തിലും കഴിഞ്ഞ 34 വർഷമായി പ്രവർത്തിച്ചുകൊണ്ടിരുന്ന ജോണി തോമസ് മണിമല സേവനകാലാവധി പൂർത്തിയാക്കി മേയ് 31ന് വിരമിച്ചു. പ്രൂഫ് റീഡിങ്ങിലും എഡിറ്റിങ്ങിലും സർഗാത്മകരചനകളിലും വരകളിലും അദ്ദേഹം പ്രകടിപ്പിച്ച സൂക്ഷ്മതയും ജാഗ്രതയും പ്രാഗല്ഭ്യവും തിളക്കമാർന്നതാണ്. ദീപനാളം പത്രാധിപസമിതിയംഗംകൂടിയായ ജോണി തോമസിന്റെ ദീപനാളത്തിലെ പംക്തികളും കാർട്ടൂണുകളും ശ്രദ്ധേയമായിരുന്നു.

ദീപനാളം സൊസൈറ്റിയുടെയും പത്രാധിപസമിതിയുടെയും സെന്റ് തോമസ് പ്രസ് - ദീപനാളം കുടുംബാംഗങ്ങളുടെയും പേരിലുള്ള ഹൃദയംഗമമായ നന്ദിയും സ്നേഹാശംസകളും അറിയിക്കുന്നു.

# ചോര വാർക്കുന്ന ജീവിതം




കുട്ടികൾ വായിച്ചിരിക്കേണ്ട വിശിഷ്ടഗ്രന്ഥങ്ങളെ ഹൃദ്യമായി പരിചയപ്പെടുത്തുന്ന പംക്തി



**ജോയിഷ് ജോസ്**


"ഏതു യാതനയും നമുക്കു സഹിക്കാം, പങ്കുവയ്ക്കാൻ ഒരാൾ നമുക്കൊപ്പമുണ്ടെങ്കിൽ. ഒറ്റയ്ക്കാവുക എന്നത് എത്ര ദുഷ്കരമാണെന്നോ? വാക്കുകൾ നമ്മുടെയുള്ളിൽ കിടന്നു പരൽമീനുകളെപ്പോലെ പിടയ്ക്കും. പങ്കുവയ്ക്കപ്പെടാനാവാത്ത വികാരങ്ങൾ വിങ്ങുകയും പതയുകയും വായിൽനിന്നു നുരയുകയും ചെയ്യും. സങ്കടങ്ങൾ കേൾക്കാൻ ഒരു കാതുണ്ടാവണം. നമുക്കു നേരേ നോക്കാൻ രണ്ടു കണ്ണുകളുണ്ടാവണം.

നമുക്കൊപ്പമൊഴുകാൻ ഒരു കവിൾത്തടമുണ്ടാകണം. ഇല്ലെങ്കിൽ പിന്നതു ഭ്രാന്തിൽ ചെന്നാവും അവസാനിക്കുക, അല്ലെങ്കിൽ ആത്മഹത്യയിൽ. ഏകാന്തതടവിനൊക്കെ വിധിക്കപ്പെടുന്നവർ ഭ്രാന്തരായിപ്പോകുന്നതിന്റെ കാരണം അതാവാം." (ആടുജീവിതം)

മലയാളസാഹിത്യചരിത്രത്തിൽ വായനയുടെ സമാനതകളില്ലാത്ത വസന്തം സൃഷ്ടിച്ച കൃതിയാണ് ആടുജീവിതം. നജീബിന്റെ ജീവിതത്തിൽനിന്നു ചീന്തിയെടുത്ത ഒരേടല്ല; മറിച്ച്, ചോരവാർക്കുന്ന ജീവിതമാണ് ബെന്യാമിന്റെ ആടുജീവിതം. ജീവിതത്തിന്റെ സമസ്തതലങ്ങളിലുമുള്ള മുഴുവൻ ആളുകളും വായിച്ചിരിക്കേണ്ട പുസ്തകമാണിത്. ബെന്യാമിൻ നജീബിന്റെ കഥ പറയുകയല്ല; മറിച്ച്, ആ മനുഷ്യന്റെ ആത്മാവിൽ അലിഞ്ഞുചേർന്ന് നജീബാവുകയാണു ചെയ്തിട്ടുള്ളത്. നോവും നൊമ്പരവും കഷ്ടതയും നിസ്സഹായാവസ്ഥയും അതിന്റെ തീവ്രത ഒട്ടും നഷ്ടപ്പെടാതെ ആവിഷ്കരിച്ച ബെന്യാമിൻ ഗൾഫ് പ്രത്തിന്റെ നമ്മൾ കാണാ, ത്ത മറ്റൊരു മുഖം പരിചയപ്പെടുത്തി.

ഈ നോവൽ വായിക്കുന്നതിനു മുമ്പുതന്നെ ബെന്യാമിൻ വായനക്കാരനോടു പറയുന്ന ഒരു കാര്യമുണ്ട്: "നമ്മൾ അനുഭവിക്കാത്ത ജീവിതം എന്നും നമുക്കൊരു കെട്ടുകഥ മാത്രമാണ്." കാരണം, മരുഭൂമിയിലെ സുഖസൗകര്യങ്ങളിൽ ജീവിക്കുന്നവരെ മാത്രം കാണുന്ന നമുക്ക് ഇത് ഒരു കെട്ടുകഥയായിത്തോന്നും. ഒരു കെട്ടുകഥപോലെ ആർക്കും തോന്നാവുന്ന ഈ കഥ ഒരു മനുഷ്യൻ അനുഭവിച്ചു തീർത്തതായിരുന്നു എന്നറിയുമ്പോഴാണ് നമ്മളിൽ പലരും എത്രയോ ഭാഗ്യവാന്മാരാണെന്നു തോന്നിപ്പോകുന്നത്.

അതുകൊണ്ട് വായനക്കാർക്കുള്ള ഒരു മുന്നറിയിപ്പുകൂടിയാണിത്. നമുക്ക് കഷ്ടപ്പാടുകളും ദുരിതങ്ങളും വന്നുചേരുമ്പോൾ, ജീവിതം ദുസ്സഹമാണെന്നു തോന്നിത്തുടങ്ങുമ്പോൾ, ശമ്പളം പോരെന്നും മേലുദ്യോഗസ്ഥന്റെ കുറ്റപ്പെടുത്തലുകൾ സഹിക്കാനാവില്ലെന്നുമൊക്കെയുള്ള തോന്നലുകൾ തള്ളിത്തള്ളി വരുമ്പോൾ ആടുജീവിതം കൈയിലെടുക്കുക, ഒരാവൃത്തി ആ പേജുകളിലൂടെ കടന്നുപോകുക. എല്ലാ പ്രശ്നങ്ങൾക്കും അതോടെ പരിഹാരമുണ്ടാകും. കാരണം, നാമാരും നജീബ് നയിച്ചതുപോലുള്ള ഒരു ആടുജീവിതമല്ല നയിക്കുന്നത്.




കേരളത്തിൽ ഒരു മണൽവാരൽ തൊഴിലാളിയായി ജോലി ചെയ്തിരുന്ന നജീബ്, ഒരു സുഹൃത്തിന്റെ ബന്ധുവഴി കിട്ടിയ തൊഴിൽ വിസയിലാണ് സൗദി അറേബ്യയിലേക്കു പോയത്. കൂടെ, അതേ വഴിക്കുതന്നെ വിസ കിട്ടിയ ഹക്കീം എന്ന കൂട്ടുകാരനും ഉണ്ടായിരുന്നു. റിയാദിൽ വിമാനം ഇറങ്ങിയ അവർ വിമാനത്താവളത്തിൽ ആരെയോ അന്വേഷിച്ചു നടക്കുന്നതായി തോന്നിയ ഒരു അറബിയെ കണ്ടുമുട്ടുകയും സ്പോൺസറാണെന്ന് (അറബാബ് അഥവാ മുതലാളി) തെറ്റിദ്ധരിച്ച് അയാളുടെ കൂടെ പോകുകയും ചെയ്തു. അവർ എത്തിപ്പെട്ടത് മസറ എന്നറിയപ്പെടുന്ന രണ്ടു വ്യത്യസ്ത തോട്ടങ്ങളിലായിരുന്നു.

വൃത്തിഹീനമായ സാഹചര്യത്തിൽ ആടുകളെയും ഒട്ടകങ്ങളെയും പരിപാലിച്ചുകൊണ്ടുള്ള വിശ്രമമില്ലാത്ത ജീവിതമായിരുന്നു മസറയിൽ നജീബിനെ കാത്തിരുന്നത്. നജീബ് എത്തിയപ്പോൾ അവിടെ മറ്റൊരു വേലക്കാരൻകൂടി ഉണ്ടായിരുന്നു. വർഷങ്ങൾ നീണ്ടുനിന്ന അടിമപ്പണി അയാളെ ഒരു 'ഭീകരരൂപി' ആക്കി മാറ്റിയിരുന്നു. നജീബ് വന്ന് കുറച്ചുനാൾ കഴിഞ്ഞപ്പോൾ അദ്ദേഹം മരിച്ചു. തുടർന്ന് മസറയിലെ മുഴുവൻ ജോലികളും നജീബിനുതന്നെ ചെയ്യേണ്ടിവന്നു. പച്ചപ്പാലും, കുബ്ബൂസ് എന്ന അറബിറൊട്ടിയും, ചുരുങ്ങിയ അളവിൽ വെള്ളവും മാത്രമായിരുന്നു ആകെ കിട്ടിയിരുന്ന ഭക്ഷണം. താമസിക്കാൻ മുറിയോ കിടക്കയോ വസ്ത്രമോ കുളിക്കുന്നതിനോ മറ്റേതെങ്കിലും തരത്തിലുള്ള ശുചിത്വപാലനത്തിനോ ഉള്ള സാഹചര്യമോ ഉണ്ടായിരുന്നില്ല. ഏറെ അകലെയല്ലാത്ത മറ്റൊരു മസറയിൽ അതേ സാഹചര്യങ്ങളിൽ ജോലി ചെയ്തിരുന്ന ഹക്കീമിനെ നജീബ് വല്ലപ്പോഴും കാണുന്നത് അറബാബിനു ഇഷ്ടമായിരുന്നില്ല. മർദ്ദനം സ്ഥിരമായിരുന്നു.

ആടുകൾക്ക് നാട്ടിലെ കഥകളിലെ കഥാപാത്രങ്ങളുടെയും സ്വന്തക്കാരുടെയും പേരുകൾ നൽകി അവരുമായി സംവദിച്ചാണ് തന്റെ ഏകാന്തതയ്ക്ക് നജീബ് ആശ്വാസം കണ്ടെത്തിയത്. ഇതിനിടെ ഹക്കീം ജോലി ചെയ്തിരുന്ന മസറയിൽ ഇബ്രാഹിം ഖാദരി എന്നൊരു സൊമാലിയക്കാരൻകൂടി ജോലിക്കാരനായി വന്നു. ഒളിച്ചോടാനുള്ള അവസരം പാർത്തിരുന്ന ഹക്കീമും ഖാദരിയും നജീബും രണ്ടു മസറകളിലേയും മുതലാളിമാർ, അവരിൽ ഒരാളുടെ മകളുടെ വിവാഹത്തിൽ സംബന്ധിക്കാൻ പോയ അവസരം മുതലാക്കി ഒളിച്ചോടി. മരുഭൂമിയിലൂടെ ദിവസങ്ങൾ നീണ്ടുനിന്ന പലായനത്തിൽ ദിശ നഷ്ടപ്പെട്ട അവർ ദാഹവും വിശപ്പുംകൊണ്ടു വലഞ്ഞു. യാത്രയ്ക്കിടയിൽ ദാഹം സഹിക്കാതെ ഹക്കീം മരിച്ചു. പിന്നെയും പലായനം തുടർന്ന ഖാദരിയും നജീബും ഒടുവിൽ ഒരു മരുപ്പച്ച കണ്ടെത്തി. അവിടെ ദാഹം തീർത്ത് കുറച്ചുദിവസം തങ്ങിയശേഷം അവർ വീണ്ടും യാത്ര തുടർന്നു. ഒടുവിൽ നജീബ് ഒരു ഹൈവേയിൽ എത്തുമ്പോഴേക്ക് ഖാദരിയെ കാണാതായിരുന്നു. അവിടെ നിന്ന് ഒരു അറബി അയാളെ തന്റെ കാറിൽ കയറ്റി, അടുത്ത പട്ടണമായ റിയാദിലെ ബത്ഹയിൽ എത്തിച്ചു.

ബത്ഹയിൽ എത്തിയ നജീബ്, കുഞ്ഞിക്കയുടെ ദീർഘനാളത്തെ പരിചരണത്തിനൊടുവിൽ മനുഷ്യരൂപവും ആരോഗ്യവും വീണ്ടെടുത്തു. നാട്ടിലേക്കു മടങ്ങാൻവേണ്ടി പോലീസിൽ പിടികൊടുത്തു. ഷുമേസി ജയിലിലെ ഏതാനും മാസങ്ങൾക്കു ശേഷം നജീബിന്റെ അറബി ജയിലിൽ വന്ന് നജീബിനെ തിരിച്ചറിഞ്ഞെങ്കിലും, തിരിച്ച് കൊണ്ടുപോയില്ല. കാരണം, നജീബ് അദ്ദേഹത്തിന്റെ വിസയിലുള്ള ആളായിരുന്നില്ല. തുടർന്ന്, ഇന്ത്യൻ എംബസി നൽകിയ ഔട്ട്പാസ് മുഖേന നജീബ് നാട്ടിൽ തിരിച്ചെത്തുന്നു. 'കിഴവനും കടലും' എന്നതിലെ നായകനെകൊണ്ട് ഹെമിങ് പറയിക്കുന്ന വാചകമുണ്ട്: "നിങ്ങൾക്കെന്നെ നശിപ്പിക്കാനാവും, എന്നാൽ എന്നെ തോൽപ്പിക്കാനാവില്ല". ഇതുതന്നെയാണ് ആടുജീവിതത്തിലെ നജീബും പറയാതെ പറയുന്നത്. ■

കവിത

# ആര്‍ദ്രം

**സി. ഡോ. തെരേസ് ആലഞ്ചേരി**

കേൾപ്പതിന്നൊരു ദീനരോദനം ഞാൻ
കൂർത്തനോവുകൾ തിന്നുമടുത്തേൻ
കരളു നീറ്റുമാ പുലയഗദ്ഗദം
ചാക്കിനുള്ളിൽ പൊതിഞ്ഞ പ്രാണനും
ഇരുളിലാണ്ടൊരു പ്രാണനൊമ്പരം
ഇടറിവീഴ്കയായ് ദാഹനീരിനായ്

വ്രണിതമാനസം നിണമണിഞ്ഞ നോവിൻ
പിണരുപോലങ്ങു നീറിനിന്നു മുന്നിൽ
പരതി നോക്കുന്നു കനിവിനായ് ചുറ്റിലും
കുഷ്ഠരോഗമശിച്ച സാധുവോനേ
മർമഭേദകമീ വേദനയ്ക്കുള്ളിലും
ജാതിചൊല്ലും വിഷാഗ്നിതൻ ജല്പനം

എന്റെ സിരകളെ കാർന്നുതിന്നുന്ന
നൊമ്പരത്തിന്റെ ഭ്രാന്തമാം നാളിൽ
മൃദുകരംകൊണ്ടു നെറുകയിൽ തൊട്ടൊരാൾ
അതു വന്ദ്യനാം കുര്യാളശേരി താതൻ.
ഇനി മറക്കാമിതേവരെക്കിട്ടിയ
വെറുപ്പിൻ ഭീകരമക്ഷരത്തോറ്റങ്ങൾ

ഇനി മറക്കാം ദരിദ്രകാണ്ഡത്തിന്റെ
ചിതലരിച്ചതാം താളുകളൊക്കെയും.
സിരകളിൽ അശാന്തഭാരമെൻ
കശേരുക്കളിൽ അനാഥത്വത്തിൻ വിങ്ങലും
കോശങ്ങളിലപമാന അശനിപാതവും
**'എനിക്കു ശരീരത്തിൽ കുഷ്ഠം; നിനക്കോ?'**

ഒക്കെ വിഷാദവിഭ്രാന്തിയിൽ നനഞ്ഞ
പുലയപുരാവൃത്തസ്മാരകംതന്നെ.
ഒരായുസ്സിൻ വ്യഥകളാണൊഴുകിയതന്നീ
പമ്പയാറിൽ നിമഗ്നം സുശാന്തം
ചുടല കത്തുന്ന ഭീതിസ്വപ്നങ്ങളിൽ
ഇനി ഞാനമർന്നു വിഭൂതിയായീടുമേ.
**'ലോകമുള്ളോരു കാലമൊക്കെയും**
**എന്റെയീ വ്രണം പൂത്തുലഞ്ഞിടും.'**

ഇങ്ങനോർക്കവേ കുഷ്ഠമേ, ഇത്ര
വേഗമാർന്നു നീ യാത്രയായിതോ!
വന്നുനിന്നതാം ദൈവദൂതന്റെ പുണ്യ-
മാർന്നോരു സ്പർശനത്തിനാൽ
അശ്രു ചുംബിച്ച നെഞ്ചകത്തിന്നിനി
ബാക്കി വയ്ക്കാനൊന്നുമില്ലെങ്കിലും
ആ പുണ്യതാതൻ കുര്യാളശേരിതൻ
രാഗവിസ്മയസ്മരണയിൽ ഞാൻ തൃപ്തൻ.




*ജാതിസ്പർദ്ധയുടെ കാലത്ത് അവഗണിക്കപ്പെട്ടവരുടെ ഇടയിലേക്ക് ഇറങ്ങിച്ചെന്ന് സ്നേഹത്തിന്റെ വിപ്ലവം സൃഷ്ടിച്ച ധന്യൻ മാർ തോമസ് കുര്യാളശേരിയെക്കുറിച്ച് സി. ഡോ. തെരേസ് ആലഞ്ചേരി എസ്.എ.ബി.എസ്. എഴുതിയ കവിതയാണ് 'ആർദ്രം'. ഫാദർ ഷാജി തുമ്പേച്ചിറയിൽ ഈണം പകർന്നാലപിച്ച് എറണാകുളം സെന്റ് ആൽബർട്സ് കോളജിലെ അധ്യാപകരുടെ അഭിനയമികവിൽ കാഞ്ഞിരപ്പള്ളി എസ്.എ.ബി.എസ്. സെന്റ് ജോൺസ് പ്രോവിൻസും സെലിബ്രന്റ്സ് ഇന്ത്യയും ചേർന്നൊരുക്കിയ വീഡിയോയാണ് ആർദ്രം.*

# അധികാരവഴികളിലെ സ്ത്രീസാന്നിധ്യം



സിൽജി ജെ. ടോം

മലയാളിവനിതയ്ക്കുമുന്നിൽ അധികാരവഴികളുടെ വാതിലുകൾ മലർക്കെ തുറക്കപ്പെടുന്ന ദിനങ്ങളിലേക്ക് ഇനി എത്ര നാളുകളുടെ ദൂരം? സാക്ഷരതയെയും രാഷ്ട്രീയപ്രബുദ്ധതയെയുംകുറിച്ച് വാചാലരാകുമ്പോഴും കേരളരാഷ്ട്രീയരംഗത്ത്, അധികാരവഴികളുടെ ഔന്നത്യങ്ങളിൽ വിജയക്കൊടി നാട്ടാൻ സ്ത്രീകൾക്കിനിയും സാധിച്ചിട്ടില്ല. രാഷ്ട്രീയകേരളത്തിന്റെ വിപ്ലവനക്ഷത്രം അടുത്തിടെ അന്തരിച്ച കെ. ആർ. ഗൗരിയമ്മയ്ക്കുപോലും കപ്പിനും ചുണ്ടിനുമിടയിലാണ് മുഖ്യമന്ത്രിപദം നഷ്ടമായത്.

ഒരു ഭരണാധികാരിയുടെ റോളിൽ സ്ത്രീയെ കാണുന്നതിൽ ഇന്നും നമ്മുടെ സമൂഹം അസ്വസ്ഥരാണ്. പരമ്പരാഗത സാമൂഹികനിയമങ്ങളും പ്രായോഗികജ്ഞാനത്തിന്റെ കുറവും ഉയർത്തി അവൾക്കു മുന്നിൽ തടസ്സങ്ങളുടെ മതിലുകൾ തീർക്കുന്നവരേറെയുണ്ട്. വനിതകളിന്ന് തങ്ങളുടെ ശക്തമായ സാന്നിധ്യം പല മേഖലകളിലും അറിയിച്ചുകഴിഞ്ഞു. അതുകൊണ്ടുതന്നെ രാഷ്ട്രീയ - അധികാരവഴികളിലെ വനിതാപങ്കാളിത്തം ഏറെ പ്രസക്തമായ വിഷയമാണ്.

ഇങ്ങനെയൊക്കെയെങ്കിലും തദ്ദേശസ്ഥാപനങ്ങളിലേക്കു വനിതാസംവരണം ഏർപ്പെടുത്തിയ നടപടി നല്ല തുടക്കം തന്നെയായി. മികച്ച നേട്ടങ്ങളുമായി, ആത്മവിശ്വാസത്തോടെ സ്ത്രീകൾ പഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളും കോർപ്പറേഷനുകളുമെല്ലാം ഭരിക്കുന്നുണ്ട്. ഭരണനേട്ടങ്ങളിൽ സ്ത്രീകൾ നേതൃത്വം നൽകുന്ന പഞ്ചായത്തുകൾ ഒന്നാമതെത്തുന്നത് സ്ത്രീകൾക്ക് അധികാരം നൽകുന്നതിനെതിരേ വാദിക്കുന്നവരുടെ കണ്ണുതുറപ്പിക്കേണ്ടതാണ്.

സ്വാതന്ത്ര്യലബ്ധിക്കുശേഷമുള്ള ഏഴരപ്പതിറ്റാണ്ടുകളിലായി കേരളത്തിൽനിന്ന് രാഷ്ട്രീയാധികാരവഴികളിലെ സ്ത്രീമുന്നേറ്റവും പ്രാതിനിധ്യവും പരിമിതമാണെന്നു കാണാം. യു.പിക്കും ഒഡീഷയ്ക്കും ഗോവയ്ക്കും അസമിനും പഞ്ചാബിനും മധ്യപ്രദേശിനും ഡൽഹിക്കും തമിഴ്നാടിനും പശ്ചിമ ബംഗാളിനുമെല്ലാമുണ്ട് വനിതകൾ മുഖ്യമന്ത്രിപദത്തിലെത്തിയ ചരിത്രം. കേരളത്തിൽ അങ്ങനെയൊരു വനിതാസാരഥിയുണ്ടാകുന്ന നാളുകൾക്കായി ഉടനെയൊന്നും പ്രതീക്ഷ വേണ്ടെന്നാണ് രാഷ്ട്രീയവഴികൾ പറയുന്നത്.

1957 ൽ അധികാരമേറ്റ ഇഎംഎസ് മന്ത്രിസഭയിലൂടെത്തന്നെ ഐക്യകേരളത്തിലെ ആദ്യ വനിതാമന്ത്രിയായി കെ. ആർ. ഗൗരിയമ്മ ചരിത്രത്തിൽ ഇടം നേടിയിരുന്നു. എന്നാൽ മുഖ്യമന്ത്രി, ഉപമുഖ്യമന്ത്രി, സ്പീക്കർ തുടങ്ങിയ മുഖ്യറോളുകളിലൊന്നും സ്ത്രീകൾ ഇതുവരെ കടന്നുവന്നിട്ടേയില്ല. എൺപത്തിയേഴിൽ 'കേരം തിങ്ങും കേരള നാട്ടിൽ കെ. ആർ. ഗൗരി മുഖ്യമന്ത്രി'യെന്ന മുദ്രാവാക്യത്തിന്റെ പിൻബലത്തിലാണ് ഇടതുപക്ഷം വീണ്ടും അധികാരത്തിലെത്തിയത്. എന്നാൽ, അധികാരം ഉറപ്പിച്ചപ്പോൾ ഗൗരിയമ്മ ഔട്ട്, നായനാർ മുഖ്യമന്ത്രി. കാലക്രമത്തിൽ ഗൗരിയമ്മ പാർട്ടിയിൽനിന്നു പുറത്തായി. മുഖ്യമന്ത്രിപദത്തിലേക്കൊരു വനിതയുടെ പേര് പിന്നീടൊരിക്കലും ഉയർന്നതേയില്ല.

തുടർഭരണവുമായി പിണറായി വിജയൻ പതിനഞ്ചാം നിയമസഭ ഭരിക്കുമ്പോൾ 140 നിയമസഭാസീറ്റിൽ ആകെയുള്ളത് 11 വനിതാ എം.എൽ.എ.മാരാണ്. മന്ത്രിസഭയിലാകട്ടെ മൂന്നു വനിതകളും. ഒന്നാം പിണറായി സർക്കാരിൽ ആരോഗ്യമന്ത്രി എന്ന നിലയിൽ കൊവിഡ് പ്രതിരോധത്തിൽ രാജ്യാന്തരതലത്തിലടക്കം ശ്രദ്ധിക്കപ്പെട്ട ശൈലജടീച്ചറെ ഈ മന്ത്രിസഭയിൽനിന്നു മാറ്റിനിർത്തിയത് പരക്കെ വിമർശനവിധേയമായത് അവരുടെ ഭരണസാരഥ്യത്തിനുള്ള അംഗീകാരംതന്നെയാണ്. നാലാംതവണയും നിയമസഭയിലേക്കു മത്സരിച്ച കെ. കെ. ശൈലജ ടീച്ചർക്ക് പതിനഞ്ചാം നിയമസഭയിൽ ഏറ്റവും കൂടുതൽ വോട്ടു ലഭിച്ച എംഎൽഎ എന്ന പ്രത്യേകത മാത്രമല്ല, ഏറ്റവും വലിയ ഭൂരിപക്ഷം ലഭിച്ച എംഎൽഎ എന്ന വിശേഷണവുമുണ്ട്. ക്യാപ്റ്റൻ എന്ന വിശേഷണവുമായി പിണറായി വിജയനെ പാർട്ടിക്കാർ ആഘോഷിച്ചപ്പോൾ എൽഡിഎഫിന്റെ മിന്നുംജയത്തിൽ പ്രധാന ഘടകമായ കെ. കെ. ശൈലജയെന്ന വനിതാ സാരഥി പിന്നിലേക്കു മാറ്റിനിർത്തപ്പെടുന്നത് കേരളം വേദനയോടെയാണു കണ്ടത്. സർക്കാർ വിതരണം ചെയ്ത ഭക്ഷ്യക്കിറ്റുകളെക്കാൾ ആരോഗ്യരംഗത്ത് ഒരു വനിതയുടെ നേതൃത്വത്തിൽ സർക്കാർ നൽകിയ കരുതലാണ് തുടർഭരണത്തിന് സിപിഎമ്മിനും എൽഡിഎഫിനും കരുത്തു പകർന്നതെന്നത് നിഷേധിക്കാനാവില്ല.

ശൈലജടീച്ചറെ ഒഴിവാക്കിയ പരിഭവങ്ങൾക്കിടയിലും ആരോഗ്യമന്ത്രിപദത്തിലേക്കു തിളക്കമാർന്ന നേട്ടങ്ങളുടെ ചരിത്രമുള്ളൊരു വനിതയെത്തന്നെ വീണ്ടും നിയോഗിച്ചത് സ്വാഗതാർഹമായി.



15 വനിതകളാണ് എൽഡിഎഫ് സ്ഥാനാർത്ഥികളായി ഇത്തവണ നിയമസഭയിലേക്കു ജനവിധി തേടിയത്. യുഡിഎഫിനായി 12 വനിതകൾ മത്സരരംഗത്തുണ്ടായിരുന്നു. കഴിഞ്ഞ സഭയിൽ എൽഡിഎഫിന് എട്ടു വനിതാ എംഎൽഎമാരാണ് ഉണ്ടായിരുന്നത് ഇതിൽ രണ്ടു പേർ മന്ത്രിസ്ഥാനവും വഹിച്ചു. 1987 ലും 1991 ലും എട്ടുപേരും 1996 ൽ 12 പേരും 2001 ൽ ആറും 2006 ലും 2011 ലും ഏഴും വനിതാ സാമാജികരാണ് കേരളത്തിലുണ്ടായത്.

**33 ശതമാനം സംവരണം കൊണ്ടുവന്ന വനിതാമുന്നേറ്റം**

1993 ലാണ് സ്ത്രീകൾക്ക് 33 ശതമാനം സംവരണം നൽകുന്ന 73, 74-ാമത് ഭരണഘടനാഭേദഗതി രാജ്യത്ത് നിലവിൽ വന്നത്. സ്ത്രീകളെ ഭരണനേതൃത്വത്തിലേക്ക് എത്തിക്കാനുള്ള ആ നിർണായകനീക്കത്തിന്റെ ഫലമായി പതിനായിരക്കണക്കിനു സ്ത്രീകൾ തദ്ദേശ സ്വയംഭരണ തിരഞ്ഞെടുപ്പിലൂടെ അടുക്കളവിട്ട് അധികാരസ്ഥാപനങ്ങളിലെത്തി. കേരളത്തിൽ 1995 ലെ തിരഞ്ഞെടുപ്പിലാണ് 33 ശതമാനം വനിതാസംവരണം നടപ്പിലാകുന്നത്. 2005 ലെ പഞ്ചായത്തീരാജ് ആക്ടിലൂടെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ തിരഞ്ഞെടുപ്പിലെ വനിതാസംവരണം 50 ശതമാനമായി കേരളം ഉയർത്തിയിരുന്നു. നിയമപരമായ ബാധ്യതയെന്ന നിലയിലാണ് പലപ്പോഴും തിരഞ്ഞെടുപ്പുകളിൽ സ്ത്രീകൾക്കു സംവരണം നൽകുന്നത്. മാറ്റങ്ങളേറെ ഉണ്ടായിട്ടുണ്ടെങ്കിലും സ്ത്രീകൾക്ക് അധികാരത്തിൽ പങ്കാളിത്തം വേണമെന്നോ, നയരൂപീകരണത്തിൽ അവരും പങ്കുചേരേണ്ടതുണ്ടെന്നോ ഉള്ള ബോധത്തിലേക്കു സമൂഹം വളർന്നിട്ടില്ലെന്നതാണ് വസ്തുത. വനിതാ സംവരണത്തിലൂടെ അനേകം സ്ത്രീകളാണ് കേരളത്തിൽ തിരഞ്ഞെടുപ്പു രാഷ്ട്രീയരംഗത്തേക്കു കടന്നുവന്നത്. പക്ഷേ അപ്പോഴും രാജ്യത്ത് വിപ്ലവകരമായ മാറ്റങ്ങൾക്കു തുടക്കമിട്ടേക്കാവുന്ന, പാർലമെന്റിലും നിയമസഭയിലുമുള്ള സ്ത്രീ സംവരണത്തിനുവേണ്ടി നിലകൊള്ളാൻ ആരുമുണ്ടായില്ല. പാർലമെന്റിലെ സ്ത്രീസാന്നിധ്യത്തിന്റെ കഥകളും ഒട്ടും ആശാവഹമല്ല. നിലവിൽ കേരളത്തിൽനിന്ന് രമ്യ ഹരിദാസ് എന്ന ഒരു വനിത മാത്രമേയുള്ളൂ പാർലമെന്റിൽ. ഏഴ് പതിറ്റാണ്ടു പിന്നിടുമ്പോഴും കേരളത്തിൽ നിന്ന് ഇതുവരെ ലോക്സഭ കണ്ടത് എട്ടു വനിതകൾ മാത്രമാണ്. 2019 ൽ 542 അംഗ ലോക്സഭയിലേക്കു തിരഞ്ഞെടുക്കപ്പെട്ട വനിതാ എംപിമാരുടെ എണ്ണം 78 ആണ്. അതായത് 14 ശതമാനം മാത്രം. ലോക്സഭയുടെ ചരിത്രത്തിലെ റെക്കോർഡാണ് ഈ നമ്പർ എന്നോർക്കണം. 1952 ലെ ആദ്യ ലോക്സഭയിൽ അഞ്ചു ശതമാനമായിരുന്നു സ്ത്രീപ്രാതിനിധ്യം.

**ലോക്സഭ കടക്കാതെ വനിതാബിൽ**

ദേവഗൗഡ പ്രധാനമന്ത്രിയായിരുന്ന കാലത്ത് 1996 സെപ്റ്റംബർ 12 നാണ് സ്ത്രീകൾക്ക് സംവരണം ഏർപ്പെടുത്തുന്ന വനിതാബിൽ ആദ്യമായി പാർലമെന്റിൽ അവതരിപ്പിക്കപ്പെട്ടത്. ലോക്സഭയിലെയും നിയമസഭകളിലെയും മൂന്നിലൊന്ന് സീറ്റുകൾ (33.33%) വനിതകൾക്ക് ഉറപ്പുവരുത്തുന്നതാണ് ബിൽ. പിന്നീട് 1998, 1999, 2002, 2003 വർഷങ്ങളിൽ ലോക്സഭയിൽ അവതരിപ്പിച്ചെങ്കിലും പാസായില്ല. രണ്ടാം യുപിഎ സർക്കാരിന്റെ കാലത്ത് വീണ്ടും ബിൽ പാർലമെന്റിന്റെ പരിഗണനയ്ക്കെത്തി. കോൺഗ്രസ്, ബിജെപി, ഇടതുപാർട്ടികൾ തുടങ്ങിയവർ ചേർന്ന് പിന്തുണച്ചപ്പോൾ 2010 ൽ രാജ്യസഭയിൽ ബിൽ പാസായി. രാജ്യചരിത്രത്തിലെ പുതുയുഗപ്പിറവിയായി ഇതു വിശേഷിപ്പിക്കപ്പെട്ടു. 2010 മാർച്ച് 9 ആയിരുന്നു ആ ദിനം. അന്ന് സുഷമ സ്വരാജും ബൃന്ദ കാരാട്ടും നജ്മ ഹെപ്ത്തുള്ളയും കക്ഷിഭേദമന്യേ കൈകോർത്ത് ആഹ്ലാദപൂർവം ചിരിച്ചുനിൽക്കുന്ന പടങ്ങൾ പത്രങ്ങളിലെല്ലാം ഇടംപിടിച്ചിരുന്നു. പലവിധ പ്രതിഷേധങ്ങൾക്കൊടുവിൽ രാജ്യസഭയിൽ പാസായ ബിൽ ഇനിയും ലോക്സഭ കടന്നിട്ടില്ല.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ സ്ത്രീപ്രാതിനിധ്യത്തെ ആവേശത്തോടെ ഏറ്റെടുക്കുന്നവരൊന്നും നിയമസഭയിലേക്കും പാർലമെന്റിലേക്കും സ്ത്രീകളെ എത്തിക്കാൻ ആവേശം കാണിക്കുന്നില്ല. ഇന്ത്യൻ ജനസംഖ്യയുടെ 48.3 ശതമാനവും സ്ത്രീകളായിരിക്കേ, പാർലമെന്റിലെയും നിയമസഭയിലെയും സ്ത്രീപങ്കാളിത്തം എത്രയോ കുറവാണ്. സംവരണം വന്നാൽ കുറഞ്ഞത് 180 ലേറെ വനിതാ എംപിമാർ മുൻനിരയിലെത്തുമെന്നാണ് കരുതപ്പെടുന്നത്. ബി.ജെ.പിയും കോൺഗ്രസും സി.പി.എമ്മും ഉൾപ്പെടെ പല പാർട്ടികളും കാലാകാലങ്ങളിൽ ബില്ലിനു പിന്തുണ പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാൽ, വനിതകൾക്കു മൂന്നിലൊന്നു സംവരണം വന്നാൽ പുരുഷന്മാർക്കു വൻനഷ്ടമുണ്ടാകുമെന്നു ഭയക്കുന്ന പാർട്ടികളും പുരുഷനേതാക്കളും ഏറെയാണ്. ബിൽ പാസായാൽ വിഷം കഴിക്കുമെന്നു പറഞ്ഞ നേതാക്കൾപോലുമുണ്ട്


നിയമനിർമാണസഭകളായ പാർലമെന്റിലും സംസ്ഥാനനിയമസഭകളിലും സ്ത്രീകൾക്കുവേണ്ടി ശബ്ദമുയർത്താനും അവർ നേരിടുന്ന വിഷയങ്ങൾ ഗൗരവമായി അവതരിപ്പിക്കാനും അനുയോജ്യമായ നിയമങ്ങൾ നിർമിക്കാനുമൊക്കെ സ്ത്രീകൾതന്നെ വേണം.

പുരുഷകേന്ദ്രീകൃതമായ അധികാരരാഷ്ട്രീയത്തിൽ നഷ്ടമാവുന്ന ആർദ്രതയും കരുണയും വീണ്ടെടുക്കാൻ, സ്നേഹപൂർണമായ കരുതലിലേക്കു നാടിനെ നയിക്കാൻ, സ്ത്രീകളുടെ പ്രശ്നങ്ങളിൽ അവർക്കു താങ്ങാകാൻ, ഒപ്പം നില്ക്കാൻ വനിതാസാരഥികൾ ആവശ്യമാണ്.

അധികാരവഴികളിലെ മുന്നേറ്റത്തിനായി, നേട്ടങ്ങൾ അലങ്കാരമാക്കിയ മികവുമായി വനിതാനേതാക്കൾ ഇനിയും കടന്നുവരേണ്ടിയിരിക്കുന്നു ■

# ലോക്ഡൗൺ മൂകമാക്കിയ വേർപാടുകൾ

■ നിനു പി. രാജു



ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്താ

**കൊ**വിഡ് ബാധിച്ചും അല്ലാതെയും ആയിരക്കണക്കിനാളുകൾ ലോക്ഡൗൺ ദിനങ്ങളിൽ നമ്മിൽനിന്നു വേർപിരിഞ്ഞു. ഒരു മരണവും ചെറുതോ നിസ്സാരമോ അല്ല. വിടവാങ്ങിയവർ അവരുടെ കുടുംബങ്ങൾക്കു വിലപ്പെട്ടവർതന്നെയാണ്. അവരിൽ ചിലർ നമ്മുടെ സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയ മണ്ഡലങ്ങളെ തങ്ങളുടെ ജീവിതംകൊണ്ട് ഏറെ സ്വാധീനിച്ചവരാണ്.

**ചിരിയുടെ തമ്പുരാൻ**

നർമോക്തികൾ നിറഞ്ഞ സംഭാഷണങ്ങൾ കൊണ്ട് നമ്മുടെ സാമൂഹിക, സാംസ്കാരിക മണ്ഡലങ്ങളെ ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്ത വലിയ ഇടയനാണ് മോസ്റ്റ് റവ. ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം തിരുമേനി. മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ വലിയ മെത്രാപ്പോലീത്തയായിരുന്നു അദ്ദേഹം. ഇന്ത്യയിൽ ഏറ്റവും കൂടുതൽ കാലം മേൽപ്പട്ട സ്ഥാനത്തിരുന്ന വ്യക്തിയാണ് മാർ ക്രിസോസ്റ്റം. 1999 മുതൽ 2007 വരെ മാർത്തോമ്മാസഭയുടെ പരമാധ്യക്ഷനായിരുന്നു. 2007 ൽ സ്ഥാനത്യാഗം ചെയ്ത ഇദ്ദേഹം 'മാർത്തോമ്മാ വലിയ മെത്രാപ്പോലീത്ത' എന്ന പേരിൽ സുവിദിതനായിരുന്നു. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ തിരുമേനിയുടെ നൂറാം ജന്മദിനം 2017 ഏപ്രിൽ 27 ന് ആഘോഷിക്കുകയുണ്ടായി. 2018 ൽ പത്മഭൂഷൺ നൽകി രാഷ്ട്രം അദ്ദേഹത്തെ ആദരിച്ചു.

തിരുവല്ല, ഇരവിപേരൂർ കലമണ്ണിൽ കെ. ഇ. ഉമ്മൻ കശീശ്ശയുടെയും ശോശാമ്മയുടെയും മകനായി 1918 ഏപ്രിൽ 27 ന് മാർ ക്രിസോസ്റ്റം ജനിച്ചു. ഫിലിപ്പ് ഉമ്മൻ എന്നായിരുന്നു ആദ്യനാമം. മാരാമൺ, കോഴഞ്ചേരി, ഇരവിപേരൂർ എന്നിവിടങ്ങളിൽനിന്നു സ്കൂൾ വിദ്യാഭ്യാസവും ആലുവ യു.സി. കോളജിലെ ബിരുദപഠനത്തിനുശേഷം ബാംഗ്ലൂർ യൂണിയൻ തിയോളജിക്കൽ കോളജ്, കാന്റർബറി സെന്റ് അഗസ്റ്റിൻ കോളജ് എന്നിവിടങ്ങളിൽനിന്ന് ദൈവശാസ്ത്രവിദ്യാഭ്യാസവും നടത്തി. 1944ൽ ശെമ്മാശ-കശീശ്ശ സ്ഥാനങ്ങൾ ലഭിച്ചു. 1953 ൽ എപ്പിസ്കോപ്പാ സ്ഥാനത്തെത്തിയ മാർ ക്രിസോസ്റ്റം വിവിധ ഭദ്രാസനങ്ങളുടെ ചുമതലക്കാരനും മിഷനറി ബിഷപ്പായും പ്രവർത്തിച്ചിരുന്നു. കുറിക്കുകൊള്ളുന്ന, ഫലിതപ്രയോഗങ്ങൾ നിറഞ്ഞ സംഭാഷണശൈലി അദ്ദേഹത്തിന് ഒരുപാട് ആരാധകരെ നേടിക്കൊടുത്തു. 'ക്രിസോസ്റ്റം' എന്ന പേരിന്റെ അർത്ഥം 'സ്വർണനാവുള്ളവൻ' എന്നാണ്. ദേശീയ ക്രിസ്ത്യൻ കൗൺസിലിന്റെ അധ്യക്ഷസ്ഥാനം അലങ്കരിച്ചിട്ടുള്ള അദ്ദേഹം 1954 ലും 1968 ലും നടന്ന ആഗോള ക്രിസ്ത്യൻ കൗൺസിൽ സമ്മേളനങ്ങളിൽ പങ്കെടുത്തിട്ടുണ്ട്. രണ്ടാം വത്തിക്കാൻ സമ്മേളനത്തിൽ പങ്കെടുത്ത മാർ ക്രിസോസ്റ്റം സഭൈക്യ പ്രസ്ഥാനത്തിന് ധാരാളം സംഭാവനകൾ നൽകിയിട്ടുണ്ട്. 1999 ഒക്ടോബർ 23 ന് സഭയുടെ 20-ാമത് മാർത്തോമ്മാ മെത്രാപ്പോലീത്തയായി സ്ഥാനമേറ്റു. 2007 ൽ ശാരീരിക ബുദ്ധിമുട്ടുകൾമൂലം സ്ഥാനത്യാഗം ചെയ്തുവെങ്കിലും കേരളത്തിലെ സാമൂഹിക, സാംസ്കാരികരംഗങ്ങളിൽ അദ്ദേഹം സജീവമായി ഇടപെട്ടിരുന്നു. 2021 മേയ് 5 ന് 103-ാം വയസ്സിലായിരുന്നു അദ്ദേഹത്തിന്റെ നിര്യാണം.

**കരയാത്ത ഗൗരി**

സ്വാതന്ത്ര്യാനന്തരകാലത്തെ കേരളസംസ്ഥാനത്തിന്റെ സാമ്പത്തികവും സാമൂഹികവുമായ ചരിത്രഗതിയിൽ നിർണായകസ്വാധീനം ചെലുത്തിയ പ്രമുഖ രാഷ്ട്രീയനേതാക്കളിൽ ഒരാളാണ് കെ.ആർ. ഗൗരിയമ്മ. 1952, 53, 54, 1956 എന്നീ കാലഘട്ടങ്ങളിലെ തിരുവിതാംകൂർ-കൊച്ചി നിയമസഭകളിലും തുടർന്ന് കേരളസംസ്ഥാനത്തിന്റെ ആവിർഭാവത്തോടെ അഞ്ചാം നിയമസഭയിലൊഴികെ ഒന്നുമുതൽ പതിനൊന്നുവരെ എല്ലാ നിയമസഭകളിലും ഗൗരിയമ്മ അംഗമായിരുന്നിട്ടുണ്ട്. 1957, 1967, 1980, 1987, 2001, 2004 എന്നീ വർഷങ്ങളിൽ രൂപംകൊണ്ട മന്ത്രിസഭകളിലും അവർ അംഗമായിരുന്നു. കേരളത്തിൽ വിവിധ കാലങ്ങളിൽ അധികാരത്തിൽ വന്ന കമ്മ്യൂണിസ്റ്റ് നേതൃത്വത്തിലുള്ള മന്ത്രിസഭകളിലും എ.കെ. ആന്റണിയും ഉമ്മൻ ചാണ്ടിയും നയിച്ച ഐക്യജനാധിപത്യ മുന്നണി മന്ത്രിസഭകളിലും അവർ പ്രധാനപ്പെട്ട വകുപ്പുകൾക്കു നേതൃത്വം കൊടുത്തു പ്രഗല്ഭയായ ഒരു മന്ത്രിയെന്ന നിലയിൽ അവരുടെ കഴിവു തെളിയിച്ചു. കേരളത്തിൽ 1960-70 കളിൽ നടപ്പിലാക്കിയ ഭൂപരിഷ്കരണനിയമത്തിന്റെ ശില്പിയാണ് ഗൗരിയമ്മ.

ചേർത്തല താലൂക്കിലെ അന്ധകാരനഴി എന്ന ഗ്രാമത്തിൽ കളത്തിപ്പറമ്പിൽ കെ.എ. രാമൻ, പാർവതിയമ്മ ദമ്പതികളുടെ മകളായി 1919 ജൂലൈ 14-നാണ് ഗൗരിയമ്മ ജനിച്ചത്. തുറവൂർ, ചേർത്തല എന്നിവിടങ്ങളിലെ സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം എറണാകുളം മഹാരാജാസ് കോളജിൽനിന്നു ബി.എ. ബിരുദവും എറണാകുളം ലോ കോളജിൽനിന്നു നിയമബിരുദവും കരസ്ഥമാക്കി.




കെ. ആർ. ഗൗരി

വാർദ്ധക്യസഹജമായ അസുഖങ്ങളെത്തുടർന്ന് കെ. ആർ. ഗൗരിയമ്മ തന്റെ 102-ാമത് വയസ്സിൽ, 2021 മേയ് 11 നു തിരുവനന്തപുരത്തെ പി. ആർ. എസ്. ആശുപത്രിയിൽ വച്ച് അന്തരിച്ചു. മൃതദേഹം പൂർണ ഔദ്യോഗിക ബഹുമതികളോടെ ആലപ്പുഴ വലിയ ചുടുകാട് ശ്മശാനത്തിൽ സംസ്കരിച്ചു.

**കേരളരാഷ്ട്രീയത്തിലെ അതികായൻ**

കേരളരാഷ്ട്രീയത്തിന്റെ അമരത്ത് നിറഞ്ഞുനിന്ന ഒരതികായനായിരുന്നു ആർ. ബാലകൃഷ്ണപിള്ള. കൊല്ലം ജില്ലയിലെ കൊട്ടാരക്കര താലൂക്കിൽ വാളകത്ത് കീഴൂട്ട് രാമൻ പിള്ള - കാർത്ത്യായനിയമ്മ ദമ്പതികളുടെ മകനായി 1934 ഏപ്രിൽ 7 ന് ജനനം. വിദ്യാർത്ഥിയായിരിക്കെ രാഷ്ട്രീയത്തിൽ പ്രവേശിച്ച് പൊതുരംഗത്തെത്തി.



ആർ. ബാലകൃഷ്ണപിള്ള

ഒരു കമ്യൂണിസ്റ്റുകാരനായിട്ടായിരുന്നു തുടക്കം. പിന്നീട് കോൺഗ്രസിൽ ചേർന്ന് കെ.പി.സി.സി, എ.ഐ.സി.സി എക്സിക്യൂട്ടീവ് കമ്മിറ്റി അംഗമായി. 1964 ൽ കോൺഗ്രസ് വിട്ട് കെ.എം. ജോർജിനൊപ്പം ചേർന്ന് കേരള കോൺഗ്രസിനു ജന്മം നൽകി. 1976 ൽ കെ.എം. ജോർജിന്റെ മരണത്തിനു പിന്നാലെ പാർട്ടിയിൽ അഭിപ്രായവ്യത്യാസങ്ങളുണ്ടായതിനെത്തുടർന്ന് കേരള കോൺഗ്രസ് പിളരുകയും 1977 ൽ കേരള കോൺഗ്രസ് (ബി) രൂപീകരിക്കുകയും ചെയ്തു.

1960 ൽ പത്തനാപുരത്തുനിന്ന് ഇരുപത്തിയഞ്ചാം വയസിൽ രണ്ടാം കേരളനിയമസഭയിൽ അംഗമായി. എക്സൈസ്, വൈദ്യുതി വകുപ്പുകൾ കൈകാര്യം ചെയ്ത പിള്ള ഗതാഗതവകുപ്പുമന്ത്രി എന്ന നിലയിലാണ് പ്രശസ്തനായത്. 1964 മുതൽ 1987 വരെ ഇടമുളയ്ക്കൽ പഞ്ചായത്തിന്റെയും 1987 മുതൽ 1995 വരെ കൊട്ടാരക്കര പഞ്ചായത്തിന്റെയും പ്രസിഡന്റായിരുന്നു. സംസ്ഥാന മന്ത്രിയായിരിക്കുമ്പോഴും പഞ്ചായത്ത് പ്രസിഡന്റായി തുടർന്നു. 1977 ൽ ഇടതുപക്ഷത്തു ചേർന്നെങ്കിലും 1982 ൽ യു.ഡി.എഫിൽ തിരിച്ചെത്തി. പിന്നീട് 33 വർഷം യു.ഡി.എഫ്. ഘടകകക്ഷിയായിരുന്നു. കെ.എം. മാണി, ഉമ്മൻ ചാണ്ടി എന്നിവരുമായി അഭിപ്രായവ്യത്യാസമുണ്ടായതിനെത്തുടർന്ന് 2015 ൽ യു.ഡി.എഫ്. വിട്ട് വീണ്ടും ഇടതുപക്ഷത്ത് ചേർന്നു. 1971 ൽ മാവേലിക്കരയിൽനിന്ന് ലോക്സഭാംഗമായി. 1977, 1980, 1982, 1987, 1991, 1996, 2001 തിരഞ്ഞെടുപ്പുകളിൽ തുടർച്ചയായി 7 തവണ കൊട്ടാരക്കരയെ പ്രതിനിധീകരിച്ചു. 1977 മുതൽ കേരളകോൺഗ്രസ് (ബി)യുടെ ചെയർമാനായും 2017 മുതൽ 2021 വരെ സംസ്ഥാന മുന്നാക്ക കോർപ്പറേഷൻ ചെയർമാനായും പ്രവർത്തിച്ചു.

2021 മേയ് 3 ന് വാർദ്ധക്യസഹജമായ അസുഖങ്ങളെത്തുടർന്ന് കൊട്ടാരക്കരയിലെ സ്വകാര്യആശുപത്രിയിൽവച്ച് അന്തരിച്ചു.

**തിരക്കഥയുടെ ജീവൻ**

മലയാളസിനിമാചരിത്രത്തിൽ സൂപ്പർഹിറ്റായ ഒട്ടനവധി സിനിമകളുടെ തിരക്കഥകൾ ഉരുത്തിരിഞ്ഞ പേനയാണ്, തിരക്കഥാകൃത്തും സംവിധായകനുമായ ഡെന്നീസ് ജോസഫിന്റെ നിര്യാണത്തോടെ നിശ്ചലമായത്. തുടർച്ചയായി സിനിമകൾ പരാജയപ്പെട്ട് വെള്ളിത്തിരയിൽനിന്നു പുറത്തേക്കു പോകുന്ന ഘട്ടത്തിൽനിന്ന് നടൻ മമ്മൂട്ടിയെ തിരികെയെത്തിച്ച ന്യൂഡെൽഹി എന്ന മെഗാഹിറ്റും ഉപനായകനായും അപ്രസക്തങ്ങളായ വേഷങ്ങളിലൂടെയും അഭിനയം തുടർന്ന മോഹൻലാലിന് രാജാവിന്റെ മകനെന്ന സിനിമയിലൂടെ സൂപ്പർ താരപദവിയും നേടിക്കൊടുത്ത സൂപ്പർ ഹിറ്റ് റൈറ്റർ ആയിരുന്നു കോട്ടയം ജില്ലയുടെ അഭിമാനംകൂടിയായിരുന്ന ഡെന്നീസ് ജോസഫ്.

1957 ഒക്ടോബർ 29 ന് എം എൻ ജോസഫിന്റെയും ഏലിയാമ്മ ജോസഫിന്റെയും മകനായി ഏറ്റുമാനൂരിൽ ജനിച്ച ഡെന്നീസ് ഏറ്റുമാനൂർ ഗവൺമെന്റ് ഹൈസ്കൂളിലെ പ്രാഥമിക വിദ്യാഭ്യാസാനന്തരം കുറവിലങ്ങാട് ദേവമാതാ കോളജിൽനിന്നു ബിരുദം നേടി, ഫാർമസിയിൽ ഡിപ്ലോമ പഠനത്തിനുവേണ്ടിയാണ് എറണാകുളത്ത് എത്തുന്നത്. പഠനശേഷവും എറണാകുളത്തു തുടർന്ന ഡെന്നീസ് സിനിമാനിർമാതാവായിരുന്ന ഏലിയാസ് ഈരാളിയുടെ ഉടമസ്ഥതയിലുണ്ടായിരുന്ന കട്-കട് എന്ന സിനിമാ മാസികയിൽ സബ് എഡിറ്ററായി ജോലിക്കു ചേർന്നു. സുഹൃത്തുക്കളായ ഗായത്രി, അശോകൻ അമ്പിളി എന്നിവരുമായി ചേർന്ന് ഗായത്രി എന്ന പേരിൽ ഒരു പ്രിന്റിങ് പ്രസ്സ് തുടങ്ങി. 1985 ൽ ജേസി സംവിധാനം ചെയ്ത ഈറൻ സന്ധ്യയ്ക്കു തിരക്കഥ എഴുതി. പിന്നീട്, ജൂബിലി പ്രൊഡക്ഷൻസ് ഉടമ ജോയി തോമസിനുവേണ്ടി നിറക്കൂട്ട് എന്ന മെഗാഹിറ്റ് ചിത്രത്തിന് തിരക്കഥയൊരുക്കി.

ശ്യാമ, ന്യൂഡെൽഹി, ഭൂമിയിലെ രാജാക്കന്മാർ, സംഘം, കോട്ടയം കുഞ്ഞച്ചൻ, മനുഅങ്കിൾ, ഇന്ദ്രജാലം, ആകാശദൂത്, സരോവരം, ഗീതാഞ്ജലി തുടങ്ങി അമ്പതിലധികം സിനിമകൾക്ക് തിരക്കഥയൊരുക്കുകയും അതിൽ മിക്കതും സൂപ്പർ ഹിറ്റായി മാറുകയും ചെയ്തു. ജേസി, ഹരിഹരൻ, കെ ജി ജോർജ്, തമ്പി കണ്ണന്താനം, ടി എസ് സുരേഷ് ബാബു, സിബി മലയിൽ തുടങ്ങിയ ഹിറ്റ് സംവിധായകന്മാർക്കൊപ്പം പ്രവർത്തിച്ചു.

എൺപതുകളുടെ അവസാനം ദീപനാളം വാരികയിൽ പ്രസിദ്ധീകരിച്ചുവന്ന, പ്രശസ്ത സാഹിത്യകാരൻ മുട്ടത്തു വർക്കിയുടെ 'വേലി' എന്ന നോവലിനെ അടിസ്ഥാനമാക്കിയാണ് അദ്ദേഹം കോട്ടയം കുഞ്ഞച്ചനെന്ന സൂപ്പർ ഹിറ്റ് സിനിമയുടെ തിരക്കഥ എഴുതിയത്.


മനുഅങ്കിൾ, അഥർവം, അഗ്രജൻ, അപ്പു, തുടർക്കഥ എന്നിങ്ങനെ ചില ഹിറ്റ് സിനിമകൾ ഡെന്നീസ് ജോസഫ് സംവിധാനം ചെയ്യുകയും ചെയ്തു. ഇതിൽ മനുഅങ്കിളിന് 1088 ൽ മികച്ച കുട്ടികളുടെ ചിത്രത്തിനുള്ള ദേശീയ അവാർഡ് ലഭിച്ചു. 2014 നു ശേഷം സിനിമയിൽ അത്ര സജീവമല്ലാതിരുന്ന അദ്ദേഹം ഈ ലോക്ഡൗൺ കാലത്ത് ഭവനത്തിൽ വച്ച് രക്തത്തിലെ സോഡിയത്തിന്റെ അളവ് കുറഞ്ഞതിനെത്തുടർന്ന് കുഴഞ്ഞുവീഴുകയും, തുടർന്ന് മരണം സംഭവിക്കുകയുമായിരുന്നു.



ഡെന്നീസ് ജോസഫ്

**കലാമർമജ്ഞനായ മാടമ്പ്**

കഴിഞ്ഞ മേയ് 10-നാണ് നടനും തിരക്കഥാകൃത്തും ആനവൈദ്യനുമൊക്കെയായിരുന്ന മാടമ്പ് കുഞ്ഞിക്കുട്ടൻ അന്തരിച്ചത്. 1941 ൽ തൃശൂർ ജില്ലയിലെ കിരളൂരാണ് മാടമ്പ് ശങ്കരൻ നമ്പൂതിരിയെന്ന മാടമ്പ് കുഞ്ഞിക്കുട്ടൻ ജനിച്ചത്. കേരളസമൂഹത്തെയും കേരളസംസ്കാരത്തെയും അടിസ്ഥാനമാക്കി നോവലുകളും തിരക്കഥകളും ചെറുകഥകളും എഴുതിയിട്ടുണ്ട്. സംസ്കൃതവും ഹസ്തായുർവേദവും വശഗതമായിരുന്നു. സംസ്കൃത അധ്യാപകനായും ആകാശവാണിയിലും ജോലി നോക്കിയിട്ടുണ്ട്. ഹസ്തായുർവേദവും സാഹിത്യവും താന്ത്രിക് ഫിലോസഫിയും ശാസ്ത്രീയമായിത്തന്നെ അഭ്യസിച്ചിരുന്നു. 1978 ൽ അശ്വത്ഥാത്മാ മുതൽ 2015-ൽ ഉട്ടോപ്യയിലെ രാജാവ് വരെ ഇരുപതോളം സിനിമകളിൽ അഭിനയിച്ചു. 2000 ൽ കരുണം എന്ന ചിത്രത്തിന്റെ തിരക്കഥയ്ക്ക് ദേശീയ അവാർഡ് ലഭിച്ചിട്ടുണ്ട്. മകൾക്ക്, ഗൗരീശങ്കരം, സഫലം, കരുണം, ദേശാടനം എന്നീ ചിത്രങ്ങളുടെ കഥയും മാടമ്പിന്റേതായിരുന്നു. ■



മാടമ്പ് കുഞ്ഞിക്കുട്ടൻ

പ്രണയപാഠാവലി

# വളരുന്ന പ്രണയം



81

ഡോ. ആന്റണി ജോസ്

പ്രണയം ഒരു മരംചുറ്റിപ്രേമത്തിന്റെ താത്ത്വികവിശദീകരണം മാത്രമാകുന്നില്ല. അത് രണ്ടു വ്യക്തികൾക്കിടയിൽ സംഭവിക്കുന്നു. അല്ലെങ്കിൽ രണ്ടിടങ്ങളെ അടുപ്പിക്കുന്നു. കരുണയും കരുതലും അംഗീകാരവും വിശ്വസ്തതയും സാമീപ്യവും സ്ത്രീക്കും പുരുഷനുമിടയിൽ മാത്രമാണോ രൂപപ്പെടുക?

ചിലർക്ക് പുസ്തകത്തോടു പ്രണയം തോന്നാം. പ്രത്യയശാസ്ത്രങ്ങളോടായിരിക്കാം വേറൊരാൾക്കു മമത. സുഹൃത്തുക്കളോടോ സിനിമാതാരങ്ങളോടോ സൈദ്ധാന്തികാചാര്യന്മാരോടോ ഒക്കെ ഇതേപോലെ തോന്നുന്നു. ഈശ്വരോപാസനപോലും പ്രണയത്തിൽനിന്നു വേറിട്ടു നിൽക്കുന്നില്ല.

പ്രണയം സർഗാത്മകമാണ്. സൃഷ്ടികർമത്തിൽ അതിന് അനിതരസാധാരണമായ പങ്കുണ്ട്. നവീനാശയങ്ങൾ, കണ്ടുപിടിത്തങ്ങൾ, കലാരൂപങ്ങൾ, പ്രസ്ഥാനങ്ങൾ തുടങ്ങിയവയൊക്കെ വ്യത്യസ്തങ്ങളായ പ്രണയസാഫല്യങ്ങളാകുന്നു. അങ്ങനെ സർവതോമുഖമായി പ്രവർത്തനനിരതമാകുന്ന പ്രണയത്തിന്റെ സർഗക്രിയയിലെ ഒരു കൈത്തോടു മാത്രമാണ് ലൈംഗികത. പ്രാഥമികമായി ലൈംഗികത സന്താനോത്പാദനത്തിനുള്ളതാണ്. മനുഷ്യനും ജന്തുവിനും വംശം നിലനിൽക്കണമെന്നതു പ്രകൃതിയുടെയും ഈശ്വരന്റെയും നിർബന്ധബുദ്ധിയാണ്. ഒരു പിഴവും കൂടാതെ അതിനുള്ള സജ്ജീകരണങ്ങളേർപ്പെടുത്തിയിട്ടുമുണ്ട്.

വായിൽ പല്ലെന്തിനാണ് എന്നു ചോദിച്ചാൽ ലളിതവും കൃത്യവുമായ ഉത്തരം വരും. ഭക്ഷണം ചവച്ചരയ്ക്കാൻ. കണ്ണെന്തിനാണെന്നു ചോദിച്ചാൽ, കാണാനാണെന്നും. അതേ സമയം, ലൈംഗികതയുടെ ഉദ്ദേശ്യത്തെക്കുറിച്ചാണ് ചോദ്യമെങ്കിൽ വ്യക്തമായ ഒരു മറുപടി പ്രതീക്ഷിക്കാൻ പറ്റിയെന്നു വരില്ല. നെറ്റി ചുളിയാം, ശിരസ്സ് കുനിയാം. അല്ലെങ്കിൽ ഇതൊക്കെയെന്തിനാ ചോദിക്കുന്നത് എന്ന മറുചോദ്യവുമാകാം. അവിടെ എന്തോ ഒന്ന് ഒളിച്ചുവയ്ക്കപ്പെടുന്നുണ്ടല്ലേ?

ലൈംഗികാവബോധം പലപ്പോഴും, അനാവശ്യമായി ഭാരപ്പെടുത്തുന്ന, ഒന്നായിരിക്കുന്നു. വിലപ്പെട്ട സമയം ദുർവ്യയം ചെയ്യാൻ അതുമതി. ലൈംഗികത എന്ന വിഷയത്തിൽ നാം ഋജുബുദ്ധികളാകുന്നില്ലെങ്കിൽ അതിനു കാരണമെന്തായിരിക്കും?

ലിംഗപരമായി ചിന്തിച്ചാൽ സ്ത്രീക്കും പുരുഷനും അവരുടേതായ വിഹ്വലതകളുണ്ട്. ഓരോ സംസ്കാരവും പുരുഷമനസ്സിൽ കുത്തിനിറച്ചിട്ടുള്ള വേവലാതികളിൽ മുഖ്യമെന്നു പറയാവുന്നത്, 'പ്രകടനമികവു'മായി ബന്ധപ്പെട്ടിരിക്കുന്നു. അതയാളുടെ ഫാന്റസിക്കു നിതാന്തഭീഷണിയാണ്.

ഫാന്റസി, ഊതിവീർപ്പിച്ച യാഥാർത്ഥ്യമാണല്ലോ. പുരുഷന്റെ കാൻവാസ്, വിചിത്രമായവിധം വിശാലമാണ്. വിവാഹജീവിതത്തിലേക്കു കടക്കും മുമ്പ്, ഏതാണ്ട് ടീനേജ് മുതൽ, അതൊരു വെള്ളിത്തിരയായി മാറുന്നു. സ്തോഭജനകമായ ചിത്രങ്ങളാണ് അവിടെ പ്രദർശിപ്പിക്കപ്പെടുക; ഛായാചിത്രങ്ങളും ചലച്ചിത്രങ്ങളും. ഭാവനയിൽ രമിക്കാൻ യാഥാർത്ഥ്യത്തിന്റെ ഒരു കണികപോലും വേണ്ടതില്ലല്ലോ. ഒരു പ്രതിസന്ധി ഇവിടെ പതിയിരിക്കുന്നു. കുടുംബജീവിതം യാഥാർത്ഥ്യത്തെ അഭിമുഖീകരിക്കാൻകൂടിയാണ്. അതുകൊണ്ട് തികച്ചും വസ്തുതാവിരുദ്ധമായ ലോകത്താണ് വിവാഹപൂർവ ഫാന്റസികളെ തളച്ചിടുന്നതെങ്കിൽ, വലിയ വില കൊടുക്കേണ്ടി വരും.



പുരുഷന്റെ കാഴ്ചപ്പാടിലേക്കു പലതരത്തിലുള്ള അപഭ്രംശങ്ങൾ കയറിവരാം. ഒന്ന്, സ്ത്രീയെ കേവലം ഉപഭോഗവസ്തുവായിക്കാണുന്ന, സ്വാർത്ഥോദ്ദേശ്യപരമായതാണ്. അവിടെ ഒരു 'ബൊമ്മ'യാണ് അയാൾ പ്രതീക്ഷിക്കുന്നത്. രണ്ടാമത്തേത്, തന്നിലേക്കുതന്നെ ചുരുങ്ങുന്ന, ശരീരോത്തേജനപദ്ധതികളാണ്. ഇതിനൊപ്പം പാപബോധംകൂടി ഉണ്ടായാലോ? അയാളുടെ ബോധമണ്ഡലം സങ്കീർണമാകുകയായി. വിലക്കുകൾ ഒരിടത്ത്. മറുവശത്ത്, എരിഞ്ഞടങ്ങാത്ത കനലുപോലെ, ഹർഷാഭിമുഖ്യത്തിന്റെ അനിവാര്യത... അയാൾ യുക്തിവാദം നടത്താം, അപരനു പരാതിയില്ലെങ്കിൽ, തന്റെ സ്വാതന്ത്ര്യത്തെ വിചാരണ ചെയ്യാൻ ആർക്കാണ് അനുമതി? എങ്കിലും, അയാൾ അറിയുന്നു; തനിക്ക് സ്വസ്ഥത നഷ്ടപ്പെട്ടിരിക്കുന്നു. താൻ തൃപ്തനല്ല. തനിക്കിനിയുമൊഴുകാനുണ്ട്. ചിന്നിച്ചിതറി പതഞ്ഞുപൊങ്ങി, പുതിയ കൈവഴികൾ സൃഷ്ടിച്ച്...

അമിതജാഗ്രതയും, സംശയഗ്രസ്തമായ കണ്ണുകളും അവളുടെ സൗന്ദര്യത്തെ അപൂർണമാക്കിയിരിക്കുന്നു. ലൈംഗികതചൂഷണത്തിന്റെയും സ്വാർത്ഥതയുടെയും രൂപത്തിൽ വന്നേക്കാമെന്ന് അവളെ ആരോ പഠിപ്പിച്ചിട്ടുണ്ട്. അല്ലെങ്കിൽ അധിനിവേശത്തിലൂടെ പിച്ചിച്ചീന്താം. സ്നേഹത്തിന്റെ പൊയ്മുഖങ്ങളണിഞ്ഞുവരുന്ന വഞ്ചനയുടെ നേരറിവുകളും അവൾക്കുണ്ട്.

■

നുറുങ്ങുചിന്ത

ജയകുമാർ ദുബായ്

# ഗൂഗിൾ പേ




രാവിലെ പത്രം വായിച്ചിരിക്കുകയായിരുന്നു ഞാൻ. അപ്പോഴാണ്, 'ചേട്ടാ ഗൂഗിൾ പേ ചെയ്യുന്നത് എങ്ങനെ' എന്നു ചോദിച്ചുകൊണ്ട് അമ്മാവന്റെ മകന്റെ വരവ്. അയയ്ക്കുന്ന ആളിന്റെ ഡീറ്റെയിൽസ് എടുക്കാൻ പറഞ്ഞു. അതുകഴിഞ്ഞ് ആർക്കാണോ അയയ്ക്കുന്നത് അവരുടെ ഡീറ്റെയിൽസ് എടുക്കാൻ പറഞ്ഞു. അപ്പോൾ അവനു സംശയം ആർക്ക് അയയ്ക്കണമെന്ന്. ഞാൻ പറഞ്ഞു: 'ഉദാഹരണത്തിന് എന്റെ പേരിൽ അയയ്ക്കാൻ' പറഞ്ഞിട്ട് കാണിച്ചുകൊടുത്തു, അടുത്ത തവണ അവൻ ചെയ്തപ്പോൾ അവനു തെറ്റി. വീണ്ടും ചെയ്തു കാണിച്ചുകൊടുത്തു, അങ്ങനെ നാലു തവണ ചെയ്തുകാണിച്ചപ്പോൾ അവനു പൂർണമായും മനസ്സിലായി. ഓരോ തവണയും രണ്ടായിരം രൂപ വച്ചായിരുന്നു എനിക്ക് അയച്ചുകൊണ്ടിരുന്നത്. അങ്ങനെ ആറാം തവണ ഞാൻ പറഞ്ഞു: ഇനി നീ അയച്ചേ. ആറാം തവണ അവൻതന്നെ അയച്ചു. അതും കൃത്യമായി എനിക്കു കിട്ടി. 'ചേട്ടാ, ഞാൻ അയയ്ക്കാൻ പഠിച്ചു.' അവന്റെ മുഖത്ത് ഇതുപോലൊരു സന്തോഷം ഞാൻ ഇതുവരെ കണ്ടിട്ടില്ല. ദൈവമേ, ഇനി അവൻ കരയാതിരുന്നാൽ മതിയായിരുന്നു.

4 പ്രകൃതിക്കൊരു പുനർവായന

# വികസനമെന്ന അന്ധവിശ്വാസം



മാത്യു എം. കുര്യാക്കോസ്



'ആധുനികസമൂഹത്തെ ബാധിച്ച ഏറ്റവും വലിയ അന്ധവിശ്വാസമാണ് വികസനം' എന്നു പറഞ്ഞത് അടുത്തകാലത്ത് നമ്മെ വിട്ടുപിരിഞ്ഞുപോയ കേരളത്തിന്റെ പ്രിയകവി വിഷ്ണുനാരായണൻ നമ്പൂതിരിയാണ്. നശിപ്പിക്കുന്നതോ നിലനിർത്തുന്നതോ, ഏതാണ് വികസനം? രവീന്ദ്രനാഥടാഗോർ ഉന്നയിച്ച ഈ ചോദ്യം ഇന്നും നില്ക്കുന്നുണ്ട്. ആധുനികവികസനസങ്കല്പങ്ങളിലൂടെ നഷ്ടമാകുന്ന നന്മകളെക്കുറിച്ചുള്ള ആകുലതകളാണ് മുകളിൽ പറഞ്ഞ വാക്കുകളിലൊക്കെ പ്രകടമാകുന്നത്.

എന്താണ് വികസനത്തിന്റെ അളവുകോൽ? വർത്തമാനകാലത്ത് വികസനത്തിന്റെ സൂചികകളായി പരിഗണിക്കപ്പെടുന്നത് അതിവിശാലമായ റബറൈസ്ഡ് റോഡുകൾ, ആകാശഗോപുരങ്ങൾ, ആണവനിലയങ്ങൾ, അണക്കെട്ടുകൾ, വലിയ ഫാക്ടറികൾ, പാലങ്ങൾ, പാളങ്ങൾ, മൊബൈൽ ടവറുകൾ എന്നിവയൊക്കെയാണ്. എന്നാൽ, മാനവസമൂഹത്തിന്റെ നിലനില്പിനെത്തന്നെ സാരമായി ബാധിക്കുന്ന വിഷയങ്ങളിൽ പരിസ്ഥിതിസംരക്ഷണം വളരെ ഗൗരവത്തോടെ ചർച്ച ചെയ്യപ്പെടുമ്പോൾ വികസനത്തിനു പുതിയ നിർവചനം അനിവാര്യമാണ്. മൊബൈൽ ഫോണില്ലെങ്കിലും നമുക്ക് ജീവിതം സാധ്യമാണ്. വീതികൂടിയ റോഡിന്റെ അഭാവത്തിലും നാം ജീവിക്കും. എന്നാൽ, ശുദ്ധവായുവും ശുദ്ധജലവും ശുദ്ധഭക്ഷണവും അന്യമായാൽ, അപര്യാപ്തമായാൽ അത് നമ്മുടെ ജീവനെയും ജീവിതത്തിന്റെ ഗുണനിലവാരത്തെയും ദോഷകരമായി ബാധിക്കും. അതുകൊണ്ട് ജീവന്റെ അടിസ്ഥാനഘടകങ്ങളായ വായു, ജലം, ഭക്ഷണം എന്നിവയെ ഗൗരവമായെടുക്കാത്ത ഏതൊരു വികസനസങ്കല്പവും അശാസ്ത്രീയമായിരിക്കും. ചില ചോദ്യങ്ങൾ സമൂഹത്തിനു മുന്നിൽ ഇട്ടുകൊടുത്താലോ? നാം ശ്വസിക്കുന്ന വായു നൂറുശതമാനവും ശുദ്ധമാണ് എന്നു വിശ്വസിക്കുന്നവർ എത്രപേരുണ്ട്? നാം കുടിക്കുന്ന ജലം നൂറുശതമാനവും മാലിന്യമുക്തമാണെന്നു കരുതുന്നവരെത്രപേർ? നാം കഴിക്കുന്ന ഭക്ഷണം മായവും വിഷവും കലർന്നതല്ല എന്നുറപ്പുള്ളവർ എത്ര പേരുണ്ട്? ഈ ചോദ്യങ്ങളുടെ നേരേ സത്യസന്ധമായി കൈയുയർത്തുവാൻ കഴിയുന്നവരുടെ എണ്ണം സങ്കല്പിച്ചുനോക്കൂ... ഒരാൾപോലുമുണ്ടാകില്ല എന്ന സത്യത്തിനു മുമ്പിൽനിന്നുവേണം വികസനത്തിന് പുതിയൊരു നിർവചനം രചിക്കുവാൻ.

പനിക്കുന്ന ഭൂമിയും മാറുന്ന കാലാവസ്ഥയും ഉരുകുന്ന മഞ്ഞുമലകളും പകരുന്ന വ്യാധികളുമായി കാലവും ചില അടയാളങ്ങൾ നല്കുമ്പോൾ നമുക്കു പറയാനാകണം; മനുഷ്യനുൾപ്പെടെയുള്ള ജീവജാലങ്ങൾക്കു ശുദ്ധവായുവും ശുദ്ധജലവും ശുദ്ധഭക്ഷണവും ഉറപ്പുവരുത്താത്ത ഒരു വികസനപ്രക്രിയയും വികസനമല്ല എന്ന്. ഒപ്പം, മനുഷ്യനുൾപ്പെടെയുള്ള ജീവജാലങ്ങൾ അശിക്കുന്ന വായുവിനെ, ജലത്തെ, ഭക്ഷണത്തെ അശുദ്ധമാക്കാത്ത ഏതു പ്രവൃത്തിയും വികസനപ്രക്രിയയാണ് എന്നുകൂടി. അന്തരീക്ഷത്തിലൊരു മുദ്രാവാക്യത്തിന്റെ ശക്തമായ അലയൊഴികൾ കാലങ്ങൾ ഭേദിച്ച് എത്തുന്നുണ്ട്: 'Ecology is permanent Economy' ഹിമാലയത്തെ രക്ഷിക്കാൻ സുന്ദർലാൽ ബഹുഗുണ നടത്തിയ ഐതിഹാസികയാത്രയിലെ ആവേശവാക്യം. ഇന്നും പ്രസക്തമായ ഈ വാക്യം ഏറ്റുചൊല്ലുവാൻ ആരുണ്ടിവിടെ?

19-ാം നൂറ്റാണ്ടിലെ വലിയ കണ്ടുപിടിത്തമായ DDT എന്ന അദ്ഭുതഅണുകീടനാശിയുടെ ഉത്പാദനവും സംഭരണവും വിതരണവും 1972 ൽ അമേരിക്ക എന്ന രാജ്യം തങ്ങളുടെ രാജ്യത്തു നിരോധിച്ചു. അതിനു കാരണമായത് 1962 ൽ ഇറങ്ങിയ റേച്ചൽ കാഴ്സന്റെ The silent spring എന്ന പുസ്തകമായിരുന്നു. വികസനമാതൃകകളെക്കുറിച്ചുള്ള ശരിയായ അവബോധത്തിലെത്താൻ പരിസ്ഥിതിയുടെ സുവിശേഷം എന്നറിയപ്പെടുന്ന ഈ പുസ്തകത്തിന്റെ വായന നിങ്ങളെ സഹായിക്കും.

# സ്വർഗത്തിലെപ്പോലെ ഭൂമിയിലും

## ഈശോമിശിഹാ പഠിപ്പിച്ച കർത്തൃപ്രാർത്ഥനയുടെ അകംപൊരുളിലേക്ക് ഒരന്വേഷണം



ഡോ. തോമസ് മൂലയിൽ

**ക**ർത്താവു പഠിപ്പിച്ച പ്രാർത്ഥനയാണല്ലോ കർത്തൃപ്രാർത്ഥന. വി. മത്തായിയും വി. ലൂക്കായുമാണ് കർത്തൃപ്രാർത്ഥനയെപ്പറ്റി പഠിപ്പിക്കുന്നത്. മലയിലെ പ്രസംഗത്തിന്റെ പശ്ചാത്തലത്തിൽ പ്രാർത്ഥനയെപ്പറ്റി പറയുന്ന കൂട്ടത്തിലാണ് വി. മത്തായി ഇതു പരാമർശിക്കുന്നത്. അതേസമയം, ലൂക്കായിൽ ശിഷ്യന്മാർ ആവശ്യപ്പെട്ടിട്ടാണ് ഈ പ്രാർത്ഥന പഠിപ്പിക്കുന്നത്. യഹൂദപാരമ്പര്യത്തിൽ റബ്ബിമാർ തങ്ങളുടെ ശിഷ്യന്മാരെ വളരെ ലളിതമായ ഒരു പ്രാർത്ഥന പഠിപ്പിച്ചിരുന്നു; അതു പതിവായി ചൊല്ലുന്നതിനുവേണ്ടിയുമായിരുന്നു. ഈ പാരമ്പര്യത്തെ അടിസ്ഥാനപ്പെടുത്തിയാണ് ശിഷ്യന്മാർ, യോഹന്നാൻ തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചതുപോലെ, തങ്ങളെയും പ്രാർത്ഥിക്കാൻ പഠിപ്പിക്കണമെന്നാവശ്യപ്പെടുന്നത്. പഠിപ്പിച്ചപ്പോൾ അതവർക്കൊരു പുതുമ നിറഞ്ഞ അനുഭവമായിരുന്നു. ഗ്രീക്കുജനതയ്ക്ക് ദൈവം പേടിസ്വപ്നമായിരുന്നു. അവർക്ക് അനേകം ദൈവങ്ങളുമുണ്ടായിരുന്നു. അവർ തമ്മിൽ കലഹിക്കുകയും യുദ്ധം ചെയ്യുകയും ചെയ്തിരുന്നു. മനുഷ്യന് അഗ്നി സമ്മാനമായി നൽകിയ പ്രൊമിത്യൂസ് (Prometheus) എന്ന ദേവനെ ദേവന്മാരുടെ രാജാവായിരുന്ന സീയൂസ് (Zeus) അതിക്രൂരമായി ശിക്ഷിച്ചു. ഇങ്ങനെയൊക്കെയുള്ള വിശ്വാസത്തിൽ കഴിഞ്ഞുപോന്നിരുന്ന ഗ്രീക്കുജനതയ്ക്ക് ദൈവത്തെ 'പിതാവേ' എന്നു വിളിക്കുന്നതു വലിയ വിസ്മയമായിരുന്നു. ദൈവത്തെ പിതാവേ എന്നു വിളിച്ചപേക്ഷിക്കുന്ന ക്രിസ്തുമതം സ്വീകരിക്കാൻ ഗ്രീക്കുകാർ സന്നദ്ധരായി എന്നു ചരിത്രം പഠിപ്പിക്കുന്നു.

'എന്റെ' എന്നല്ല 'ഞങ്ങളുടെ' പിതാവേ എന്നാണല്ലോ പ്രാർത്ഥന. അതിനർത്ഥം ദൈവം എല്ലാവരുടെയും പിതാവാണെന്നും മനുഷ്യരെല്ലാം അവിടുത്തെ മക്കളാണെന്നും അക്കാരണത്താൽത്തന്നെ മനുഷ്യരെല്ലാം സഹോദരങ്ങളാണെന്നുമുള്ള പാഠമാണിതിലുള്ളത്. അതാണല്ലോ "ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിക്കുന്നതുപോലെ" എന്ന പ്രയോഗം സൂചിപ്പിക്കുന്നത്.

ദൈവത്തെ 'പിതാവേ' എന്ന് അഭിസംബോധന ചെയ്തുകൊണ്ടാണല്ലോ പ്രാർത്ഥനയുടെ തുടക്കം. ഹീബ്രുഭാഷയിൽ 'അറിയുക' എന്ന പദത്തിന്റെ അർത്ഥവ്യാപ്തി വളരെ വലുതാണ്. കേവലം ഒരാളുടെ പേര് അറിയുക എന്നതിനപ്പുറമാണ് ഇതിന്റെ ധ്വനി. ഒരു വ്യക്തിയുടെ സ്വഭാവം, മനസ്സ്, ഹൃദയം, അങ്ങനെ ആ വ്യക്തിയെ സംബന്ധിച്ചുള്ള അറിവും അനുഭവവും അതിന്റെ സമഗ്രതയിൽ ഉണ്ടാകുമ്പോഴാണ് അറിവിനു പൂർണതയുണ്ടാകുന്നത്. ഈ അറിവിന്റെ അടിസ്ഥാനത്തിൽ ദൈവത്തിൽ പൂർണമായി വിശ്വസിക്കുന്ന, 'നമ്മെ' ത്തന്നെ അവിടുത്തേക്കു സമർപ്പിക്കുകയും ചെയ്യുന്ന ഒരവസ്ഥ സംജാതമാകണം.

പഴയ നിയമത്തിൽ ഇസ്രായേൽജനത തങ്ങളെ സ്നേഹിക്കുന്ന ദൈവത്തെക്കാൾ ശിക്ഷിക്കുന്ന ദൈവത്തെയാണു കണ്ടത്. ദൈവം തിരഞ്ഞെടുത്ത ഇസ്രായേൽജനം ആ ദൈവത്തെ മറന്ന് അന്യദേവന്മാരെ ആരാധിച്ചപ്പോഴൊക്കെ ദൈവം അവരെ ശിക്ഷിക്കുന്നുണ്ട്. സോദോം ഗൊമോറ നഗരങ്ങളെ നശിപ്പിക്കുന്ന ദൈവത്തിന്റെയും ജലപ്രളയത്താൽ ശിക്ഷിക്കുന്ന ദൈവത്തിന്റെയും ചിത്രമാണ് അവരുടെ മനസ്സിൽ തെളിഞ്ഞുനിന്നത്. ഈയൊരു പശ്ചാത്തലത്തിൽ ദൈവത്തെ പിതാവേ എന്ന് വിളിക്കാൻ ഈശോ പഠിപ്പിക്കുന്നു.

ആദ്യത്തെ യാചന 'അങ്ങയുടെ നാമം പൂജിതമാകണം' എന്നാണല്ലോ. പൂജിതമാകണം എന്ന പ്രയോഗം ഉദ്ദിഷ്ട അർത്ഥം നൽകുന്നുണ്ടോ എന്നു സംശയമുണ്ട്. പഴയ പ്രാർത്ഥന 'ശുദ്ധമാക്കപ്പെടണം' എന്നായിരുന്നു. അതു പരിഷ്കരിച്ചപ്പോഴാണ് 'പൂജിതമാകണം' എന്ന പ്രയോഗം വരുന്നത്. പൂജിക്കുക എന്നുപറഞ്ഞാൽ, ബഹുമാനിക്കുക, ആദരിക്കുക എന്നൊക്കെയേ അർത്ഥമുള്ളൂ. 'സംപൂജ്യനായ അദ്ധ്യക്ഷനവർകളേ' എന്നു പ്രയോഗത്തിൽ ഉപയോഗിക്കാറുണ്ടല്ലോ. അതിനപ്പുറവും അതിനുപരിയുമാണ് ദൈവനാമം. 'പരിശുദ്ധമാക്കപ്പെടണം' എന്ന പ്രയോഗമാണ് കരണീയമായിട്ടുള്ളതെന്നാണ് ഹീബ്രു ഭാഷാപണ്ഡിതന്മാരും മലയാളഭാഷാപണ്ഡിതന്മാരും അഭിപ്രായപ്പെടുന്നത്. സമസ്തസ്തുതിയും മഹത്ത്വവും ആരാധനയും ദൈവത്തിനു നല്കണമെന്നതാണ് ഇതിന്റെ ആന്തരാർത്ഥം. മറ്റൊരു ദൈവം നിങ്ങൾക്കുണ്ടാകരുത് എന്ന കല്പനയുടെ പൊരുളും ഇതുതന്നെ.

'അങ്ങയുടെ രാജ്യം വരണമേ' എന്നാണല്ലോ രണ്ടാമത്തെ വചനം. ദൈവരാജ്യം (Kingdom of God) എന്നത് പുതിയനിയമത്തിന്റെ സാരസത്തയാണ്, കാതലാണ്, കേന്ദ്രബിന്ദുവാണ്. പ്രാർത്ഥനകളിലും പ്രബോധനങ്ങളിലും ക്രൈസ്തവസാഹിത്യങ്ങളിലുമെല്ലാം ഏറ്റവുമധികം ഉപയോഗിച്ചിട്ടുള്ള പ്രയോഗമാണിത്. ദൈവരാജ്യത്തിന്റെ സുവിശേഷമാണ് ഈശോ പ്രസംഗിച്ചതു മുഴുവനും.



ദൈവരാജ്യത്തെപ്പറ്റിയുള്ള പരാമർശം വി. മത്തായിയുടെ സുവിശേഷത്തിൽ നാം കാണുന്നു: "ഞാൻ പറയുന്നു, കിഴക്കുനിന്നും പടിഞ്ഞാറുനിന്നും നിരവധിയാളുകൾവന്ന് അബ്രാഹത്തോടും ഇസഹാക്കിനോടും യാക്കോബിനോടുംകൂടെ സ്വർഗരാജ്യത്തിൽ വിരുന്നിനിരിക്കും" (മത്താ. 8:11). സ്വർഗരാജ്യം വർത്തമാനകാലത്തിലാണ് എന്ന് യേശു പറയുന്നുണ്ട്. "സ്വർഗം ഇതാ ഇവിടെ, ഇതാ അവിടെ എന്ന് ആരും പറയുകയില്ല. എന്തെന്നാൽ ദൈവരാജ്യം നിങ്ങളുടെ ഇടയിൽത്തന്നെയുണ്ട്" (ലൂക്കാ 17:21). സ്വർഗരാജ്യത്തിനു യുഗാന്ത്യോന്മുഖ സ്വഭാവമാണുള്ളത്. അതാണ് "അങ്ങയുടെ രാജ്യം വരണമേ" (ലൂക്കാ 11:2) എന്ന യാചനയിൽ കാണുന്നത്. ഇപ്പോൾ നമ്മൾ കണ്ണാടിയിലെന്നപോലെ കാണുന്നു. അപ്പോൾ നമ്മൾ മുഖാഭിമുഖം കാണും എന്നു വി.പൗലോസ് പഠിപ്പിക്കുന്നുണ്ട്.

ദൈവരാജ്യം ഒരു പ്രത്യേക ഇടമല്ല, അവസ്ഥയാണ്. അതായത്, ദൈവതിരുമനസ്സ് പൂർണമായി നിറവേറ്റപ്പെടുന്ന അവസ്ഥയാണു സ്വർഗരാജ്യം. അത് ഈ ഭൂമിയിൽത്തന്നെയുണ്ടാകണം. അതാണു "സ്വർഗത്തിലേപ്പോലെ ഭൂമിയിലുമാകണം" എന്ന പ്രയോഗം വ്യക്തമാക്കുന്നത്. ഇതാരംഭിക്കേണ്ടത് എന്നിൽത്തന്നെയാണെന്ന തിരിച്ചറിവു നമുക്കുണ്ടാകണം. ചൈനാക്കാരുടെ മനോഹരമായ ഒരു പ്രാർത്ഥനയുണ്ട്: "ദൈവമേ, എന്നിൽനിന്നുതന്നെ സഭയുടെ നവീകരണം ആരംഭിക്കണമേ" (Lord, revive thy church beginning with me). "അങ്ങയുടെ തിരുമനസ്സ് സ്വർഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ" എന്ന യാചനയോടെയാണല്ലോ പ്രാർത്ഥനയുടെ ഒന്നാം ഭാഗം അവസാനിക്കുന്നത്. ദൈവതിരുമനസ്സ് സ്വർഗത്തിലെപ്പോലെ ഭൂമിയിലുമാകുമ്പോഴാണ് സ്വർഗരാജ്യം ഭൂമിയിൽ സ്ഥാപിതമാകുന്നത്. ഈ യാചന പലപ്പോഴും തലതിരിഞ്ഞുപോകാറുണ്ട്. പറയുന്നതൊന്നും ലക്ഷ്യംവയ്ക്കുന്നതു മറ്റൊന്നും. അങ്ങയുടെ തിരുമനസ്സ് എന്റേതുപോലെയാകണം എന്നാണു പലപ്പോഴും നമ്മുടെ പ്രാർത്ഥനയുടെ ലക്ഷ്യം. നമ്മൾ സ്വന്തമായി ഒരു പദ്ധതി തയ്യാറാക്കിയിട്ട് അതു നടപ്പിലാക്കിത്തരുന്ന ചുമതല ദൈവത്തെ ഏല്പിക്കുന്നു. ചീഫ് എൻജിനീയർ ഞാനും എക്സിക്യൂട്ടീവ് എൻജിനീയർ ദൈവവും.

പ്രാർത്ഥനയുടെ രണ്ടാം ഭാഗം മനുഷ്യനെ സംബന്ധിക്കുന്നതാണ്. ഭക്ഷണമാണല്ലോ ഏറ്റവും പ്രധാനപ്പെട്ട ഭൗതികാവശ്യം. അതുകൊണ്ടാണ് ആഹാരത്തിനുവേണ്ടിയുള്ള യാചനയ്ക്ക് ഈശോ പ്രഥമസ്ഥാനം നൽകുന്നത്. പക്ഷേ, അന്നന്നുവേണ്ട ആഹാരത്തിനുവേണ്ടിയേ പ്രാർത്ഥിക്കാവൂ. ഒരാളുടെ ജീവിതകാലത്തേക്കു വേണ്ട ആഹാരമെല്ലാം ഒറ്റയടിക്കു തരണമേ എന്നല്ല; മറിച്ച്, അന്നന്നത്തേക്കു വേണ്ടതുമാത്രം ആവശ്യപ്പെട്ടാൽ മതി എന്നാണ് ഈശോ പഠിപ്പിക്കുന്നത്. മരുഭൂമിയിൽ മന്നാ വർഷിച്ചപ്പോൾ ദൈവം നൽകിയ നിർദേശത്തിലേക്കാണിതു വിരൽചൂണ്ടുന്നത്. പുറപ്പാട് 16-ാം അധ്യായം 11 മുതൽ 21 വരെയുള്ള ഭാഗം ഇതു വിസ്തരിച്ചു പറയുന്നുണ്ട്. ദൈവം നൽകിയ നിർദേശത്തിനു വിരുദ്ധമായി ചിലർ കൂടുതൽ ശേഖരിച്ചെങ്കിലും അതു കേടായിപ്പോവുകയാണുണ്ടായത്. ഭാവിയെപ്പറ്റി ഉത്കണ്ഠപ്പെടരുത് എന്നാണു സൂചന.

"ഞങ്ങളുടെ തെറ്റുകൾ ഞങ്ങളോടും ക്ഷമിക്കണമേ" എന്നാണല്ലോ അടുത്ത യാചന. അതോടൊപ്പം ഒരു വ്യവസ്ഥകൂടിയുണ്ട്: "ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ", 'ക്ഷമിച്ചതുപോലെ' എന്ന പ്രയോഗവും കാണാറുണ്ടെങ്കിലും ക്ഷമിച്ചിരിക്കുന്നതുപോലെ എന്ന പ്രയോഗമാണു കൂടുതൽ ശരി. മലയാളഭാഷയിൽ സവിശേഷാർത്ഥം സൂചിപ്പിക്കാൻ 'അനുപ്രയോഗം' ഉണ്ട്. 'ക്ഷമിച്ചിരിക്കുന്നതുപോലെ' എന്നത് അനുപ്രയോഗമാണ്. അവിടെ കൂടുതൽ കൃത്യതയുണ്ട്. സ്വജീവിതത്തിൽ പ്രാവർത്തികമാക്കി എന്ന അർത്ഥവുംകൂടി അതു നൽകുന്നു. ആദ്യമാതാപിതാക്കളുടെ പാപഫലമായി മനുഷ്യന് അവകാശമായി ലഭിച്ചതാണ് ഉദ്ഭവപാപവും പാപത്തിലേക്കുള്ള ചായ്‌വും. ബലഹീനനായ മനുഷ്യൻ തെറ്റിലകപ്പെടുമെന്ന് ഈശോയ്ക്കറിയാം. അതു ക്ഷമിക്കണമെന്നാണ് പ്രാർത്ഥനയിലൂടെ ആവശ്യപ്പെടുന്നത്. യോഹന്നാൻ ശ്ലീഹാ നമ്മെ ഓർമപ്പെടുത്തുന്നുണ്ട്: "ആരെങ്കിലും പാപം ചെയ്യാൻ ഇടയായാൽത്തന്നെ പിതാവിന്റെ സന്നിധിയിൽ നമുക്ക് ഒരു മദ്ധ്യസ്ഥനുണ്ട് – നീതിമാനായ യേശുക്രിസ്തു. അവൻ പാപങ്ങൾക്കു പരിഹാരബലിയാണ്; നമ്മുടെ മാത്രമല്ല, ലോകം മുഴുവന്റെയും പാപങ്ങൾക്ക് (1 യോഹ. 2:1–2). അതുകൊണ്ട്, നാം പാപത്തിൽ അകപ്പെട്ടാൽ, സ്വർഗസ്ഥനായ പിതാവിനോടു മാപ്പപേക്ഷിക്കുന്നപക്ഷം ഈശോയുടെ മദ്ധ്യസ്ഥതയിൽ അതു ക്ഷമിക്കപ്പെടും എന്ന പ്രത്യാശയും ഈ പ്രാർത്ഥനയിലുണ്ട്.

"ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തല്ലേ" എന്നാണ് അടുത്ത യാചന. "പ്രലോഭനം" എന്ന വാക്ക് തിന്മ ചെയ്യാൻ പ്രേരിപ്പിക്കുക എന്ന അർത്ഥത്തിലാണ് പൊതുവേ ഉപയോഗിക്കുന്നത്. 'പെട്രാസൈൻ' (Petrazein) എന്ന ഗ്രീക്കു വാക്കിൽനിന്നാണ് ഈ പദം വരുന്നത്. ഈ വാക്കിന്റെ ശരിയായ തർജമ 'പ്രലോഭിപ്പിക്കുക' (to tempt) എന്നതിനെക്കാൾ 'പരീക്ഷിക്കുക' (to test) എന്നാണ്. പരീക്ഷയിടുന്നതു കുട്ടിയെ തോല്പിക്കാനല്ലല്ലോ; അവരുടെ യോഗ്യത പരിശോധിക്കാനാണ്. അതുപോലെ, പാപത്തിൽ വീഴിക്കാനല്ല, വീഴാതിരിക്കാനുള്ള ശക്തിയുണ്ടോ എന്നു പരിശോധിക്കാനാണ് പരീക്ഷ. പഴയ പ്രാർത്ഥനയിൽ 'പരീക്ഷയിൽ പൂകിക്കല്ലേ' എന്നായിരുന്നു. അതിനു പകരമാണിപ്പോൾ 'പ്രലോഭനത്തിലുൾപ്പെടുത്തരുതേ' എന്ന പ്രയോഗം വന്നിരിക്കുന്നത്. "നിങ്ങൾ പരീക്ഷയിൽ അകപ്പെടാതിരിക്കാൻ ഉണർന്നിരുന്നു പ്രാർത്ഥിക്കുവിൻ" (മർക്കോ. 14:38) എന്ന് ഗദ്സമേനിലെ പ്രാർത്ഥനാവേളയിൽ ഈശോ, ശിഷ്യന്മാരോടു പറയുന്നുണ്ട്. 'തിന്മയിൽനിന്നു രക്ഷിച്ചുകൊള്ളണമേ' എന്ന യാചനയോടെയാണു കർത്തൃപ്രാർത്ഥന അവസാനിക്കുന്നത്. അതിനുള്ള ശക്തി ലഭിക്കാൻ വേണ്ടിയാണ് നമ്മൾ പ്രാർത്ഥിക്കുന്നത്.

ചുരുക്കത്തിൽ, ദൈവം നമ്മുടെ പിതാവാണെന്നും നാമെല്ലാവരും അവിടുത്തെ മക്കളാണെന്നും എല്ലാവരും പരസ്പരം സഹോദരരാണെന്നും ദൈവത്തിന് എല്ലാവിധ സ്തുതിയും പുകഴ്ചയും ആരാധനയുമുണ്ടാകണമെന്നും അവിടുത്തെ തിരുഹിതം നിറവേറ്റിക്കൊണ്ട് ഭൂമിയിൽ സ്വർഗരാജ്യം സ്ഥാപിക്കപ്പെടണമെന്നുമാണ് പ്രാർത്ഥനയുടെ ആദ്യഭാഗം നൽകുന്ന പാഠം. മനുഷ്യന്റെ അടിസ്ഥാനാവശ്യമായ ആഹാരം നൽകണമെന്നും പാപമോചനം നൽകണമെന്നും പാപത്തിൽ ഉൾപ്പെടാതിരിക്കാനുള്ള കൃപ നൽകണമെന്നും തിന്മയിൽ വീഴാതെ നിരന്തരം സംരക്ഷിക്കണമെന്നുമാണ് രണ്ടാം ഭാഗത്തിന്റെ പാഠം. ദൈവത്തിൽ വിശ്വസിച്ചുകൊണ്ടും അവിടുന്നിൽ പ്രത്യാശയർപ്പിച്ചുകൊണ്ടും അവിടുത്തേക്കു പൂർണമായി സമർപ്പിച്ചുകൊണ്ടുമുള്ള ജീവിതം നയിച്ചാൽ അവിടുന്നു നമ്മെ കാത്തുപരിപാലിച്ചുകൊള്ളുമെന്നും ഈശോ നമുക്ക് ഉറപ്പുതരുന്നു. അതിന് പ്രാർത്ഥനയിലൂടെ അവിടുത്തോട് ചേർന്നുനിൽക്കാൻ നമുക്കു സാധിക്കണം.

■



നോവൽ 7

# പതിനാലാമെടം

ഗിരീഷ് കെ. ശാന്തിപുരം

## മനുഷ്യബന്ധനം

**പ**കൽ അതിന്റെ ഉടയാടകളുരിഞ്ഞുകളയാനൊരുങ്ങുകയാണ്. ഗെന്നസറേ തടാകക്കരയിൽ അന്തിമിനുക്കം മുഷിഞ്ഞുതുടങ്ങിയിരിക്കുന്നു. തിരയടങ്ങാത്ത കടലിലേക്കു നോക്കി ശിമയോൻ ഖിന്നതയോടെ നിന്നു. കാരുണ്യം വറ്റിയ മാതാവിനെപ്പോലെ കടൽ മുമ്പിൽ കിടന്നലയ്ക്കുന്നു.

ശിമയോന്റെ കണ്ണുകൾ നിറഞ്ഞുപോയി. കടൽ ഇത്രയും വന്ധ്യയായതെന്ത്? ഇവളുടെ ഗർഭത്തിൽ മത്സ്യങ്ങളുടെ ഉറവിടങ്ങളെല്ലാം അഴിഞ്ഞുപോയിരിക്കുന്നുവോ?

മൂന്ന് മുഴുനീളരാവുകൾ അവർ കടലിലായിരുന്നു. വലയെറിഞ്ഞിട്ട് ഒന്നും കിട്ടിയില്ല. ഒരു ചെറുമീൻപോലും. അതാണദ്ഭുതം. ഓർമവച്ചകാലംമുതൽ ഇങ്ങനെയൊന്നു സംഭവിച്ചിട്ടില്ല. വലയെറിഞ്ഞാൽ വെറും കൈയോടെ കടൽ മടക്കിയിട്ടില്ല.

ശിമയോൻ ഒരു പ്രതിമപോലെ മണൽപ്പരപ്പിൽ ഇരുന്നു. കൈകൾ പിറകോട്ടൂന്നി ദൈന്യതയോടെ മുകളിലേക്കു നോക്കി. ആകാശത്തിനു കീഴെ ഒരു പേരറിയാപ്പക്ഷി ശബ്ദം വച്ചു പറക്കുന്നു. അതിനും ഈ കടൽപ്പരപ്പിൽനിന്ന് ഒന്നും കൊത്തിപ്പെറുക്കാൻ കിട്ടിയിട്ടുണ്ടാവില്ല. ശിമയോൻ വിചാരിച്ചു.

ശിമയോനു വിശക്കുന്നുണ്ടായിരുന്നു. എന്തെങ്കിലും കഴിച്ചിട്ട് രണ്ടുനാളായിരിക്കുന്നു. എല്ലാം തരുന്നതു കടലാണ്. കടലിന്റെ കനിവിലാണ് എല്ലാവരും ജീവിക്കുന്നത്. പക്ഷേ, ആ കടൽ തന്റെ അക്ഷയപാത്രം അവർക്കു നേരേ അടച്ചുകളഞ്ഞിരിക്കുന്നു.

"എല്ലാം എടുക്കുന്നതും കടലാണ്."

കരയ്ക്കടുപ്പിച്ച വള്ളത്തിൽനിന്നു പുറത്തേക്കിട്ട വല കഴുകിയെടുക്കുകയായിരുന്ന അന്ത്രയോസും കൂട്ടരും. അവർ അകലെ മാറി ഒറ്റയ്ക്കിരിക്കുന്ന ശിമയോനെ കണ്ടു. ശിമയോൻ വിഷമിച്ചിരിക്കുകയാണെന്നു കണ്ട അന്ത്രയോസ് അയാളുടെ പക്കൽ ചെന്നു പറഞ്ഞു:

"നമുക്ക് ഇന്നു രാത്രികൂടി കടലിലിറങ്ങാം. എന്തെങ്കിലും കിട്ടാതിരിക്കില്ല."

അവനെ കേട്ടാറെ ശിമയോൻ തലതിരിച്ചു നോക്കി. അവന്റെ വാക്കുകൾ തന്നെ സമാധാനിപ്പിക്കാനാണെന്ന് ശിമയോനറിയാം. അതുകൊണ്ട് മറുത്തൊന്നും പറഞ്ഞില്ല.

പക്ഷേ, ശിമയോന് ഒട്ടുമേ പ്രതീക്ഷയുണ്ടായിരുന്നില്ല. വൃഥാ ഒരു രാത്രികൂടി കടലിന്റെ വന്യതയിലേക്കിറങ്ങിച്ചെന്ന് വലയെറിയാം. ഉപ്പുകാറ്റിൽ വിയർത്തൊലിച്ച്, ശൂന്യമായ വല പ്രതീക്ഷയോടെ വലിച്ചെടുത്ത് വള്ളപ്പടവിലിടാം. കിഴക്കു വെള്ള പൊട്ടുമ്പോഴേക്കും നിരാശ കൂടുകെട്ടിയ മനസ്സുമായി കരയിലേക്കു മടങ്ങാം.

അതെ, അതു മാത്രമാണുണ്ടാവുക. അല്ലാതെ അദ്ഭുതങ്ങളൊന്നും സംഭവിക്കില്ല. ശിമയോൻ മനസ്സിൽ കുറിച്ചു.

കടലിൽനിന്ന് ഒരു കാറ്റ് കരയ്ക്കു കയറി വന്നു. ഇനിയും ചൂടാറാത്ത കാറ്റ്. കാറ്റിൽ ശിമയോനു സുഖം തോന്നി.

പൊടുന്നനേയാണ് ശിമയോൻ ആ കാഴ്ച കണ്ടത്. അകലെനിന്ന് ഒരു ജനക്കൂട്ടം നടന്നുവരുന്നു.

ശിമയോൻ ആശ്ചര്യത്തോടെ എഴുന്നേറ്റു. എന്താണു സംഭവിച്ചത്...? ഒരു നിശ്ചയവുമില്ല. ശിമയോൻ അന്ത്രയോസിന്റെ സമീപം ചെന്ന് ജനക്കൂട്ടത്തിനു നേരേ വിരൽ ചൂണ്ടി:

"അന്ത്രയോസേ, നീ നോക്ക്."

കാഴ്ച കണ്ടാറെ അന്ത്രയോസും കൂടെയുണ്ടായിരുന്നവരും അദ്ഭുതപ്പെട്ടു. അവർ കഴുകിക്കൊണ്ടിരുന്ന വല നിലത്തിട്ട് വള്ളത്തിനരികിലേക്ക് ഒതുങ്ങിനിന്നു. ജനക്കൂട്ടം അടുത്തടുത്തു വരിയായിരുന്നു. ജനക്കൂട്ടത്തിനു മുമ്പിൽ നടക്കുന്നയാളെ അവർ പ്രത്യേകം ശ്രദ്ധിച്ചു. അയാൾ വെളുത്ത കുപ്പായവും ചുവന്ന ഉത്തരീയവും ധരിച്ചിരുന്നു. അവന്റെ മുഖം തേജോമയമായിരുന്നു. അവന്റെ കണ്ണുകൾ കാരുണ്യത്തിന്റെ നിറവൊഴുകുന്നവയായിരുന്നു. പിന്നോട്ടു നീണ്ടിറങ്ങിയ മുടിയും താടിയും അവനൊരു ജ്ഞാനിയുടെ പരിവേഷം ചാർത്തുന്നു.

അവൻ അടുത്തു വന്നാറെ പ്രകൃതി ശീതളമാകുന്നു. കാറ്റ് മൃദുലമാകുന്നു. കടൽ തിരയൊതുങ്ങി ശാന്തമാകുന്നു.

അവൻ വന്നപാടേ ശിമയോന്റെ വഞ്ചിയിൽ കയറി. വഞ്ചി കരയിൽനിന്നു നീക്കാൻ ശിമയോനോടാവശ്യപ്പെട്ടു. ശിമയോനും അന്ത്രയോസും അവൻ പറഞ്ഞപ്രകാരം ചെയ്തു. അവൻ വഞ്ചിയിൽ ഇരുന്നു. അവനോടൊപ്പം വന്ന് ജനങ്ങൾ അവനു മുമ്പിൽ നിലത്തിരുന്നു.

അവൻ ജനക്കൂട്ടത്തെ പഠിപ്പിക്കാൻ തുടങ്ങി. അവനിൽനിന്ന് പുറപ്പെടുന്ന വിജ്ഞാനം കേട്ട് ജനങ്ങളിൽ മതിപ്പുളവായി. അവർ പരസ്പരം ചോദിച്ചു:

"ഇവൻ ആ തച്ചൻ ജോസഫിന്റെ പുത്രനല്ലേ...?"

അവന്റെ വായിൽനിന്നു വീഴുന്ന ഹൃദ്യമായ വചനങ്ങളിൽ അവർ അദ്ഭുതപ്പെട്ടു. അവർ അവനോടു വിനയമുള്ളവരായി. സംസാരിച്ചുതീർന്നപ്പോൾ അവൻ ശിമയോനോടു പറഞ്ഞു:

"ആഴത്തിലേക്കു നീങ്ങി മീൻ പിടിക്കാൻ നിങ്ങളുടെ വലകൾ ഇടുക.'' അവനെ കേട്ട് ശിമയോൻ പറഞ്ഞു:

''ഗുരോ, രാത്രി മുഴുവൻ ഞങ്ങളദ്ധ്വാനിച്ചു. ഒരു മീൻപോലും കിട്ടിയില്ല. എങ്കിലും നിന്റെ വാക്കനുസരിച്ച് ഞങ്ങൾ വലയിറക്കാം."

അവർ വള്ളം നീക്കി. ആഴമുള്ള ഭാഗത്ത് വലയിറക്കി. പെട്ടെന്നായിരുന്നു അവരുടെ വലയ്ക്കുള്ളിൽ ഒരു വലിയ മത്സ്യക്കൂട്ടം പെട്ടത്. അവർക്ക് അതിശയവും അതിലേറെ അമ്പരപ്പും ഉണ്ടായി. കാരണം, ഭാരംകൊണ്ട് അവർക്ക് വല വലിച്ചു കയറ്റാൻ കഴിഞ്ഞില്ല. അന്ത്രയോസ് തോണിപ്പടിയിൽ കയറിനിന്ന് മറ്റു വഞ്ചിക്കാരെക്കൂടി വിളിച്ചു. അവർ വന്നെത്തി. വല വലിച്ചു കയറ്റാൻ അവരുംകൂടി സഹായിച്ചു. രണ്ടു വഞ്ചിയും മുങ്ങാൻ തുടങ്ങുമാറ് അവർ മീൻ നിറച്ചു.

ശിമയോനും അയാളോടൊത്തുണ്ടായിരുന്ന എല്ലാവരും തങ്ങൾ നടത്തിയ മീൻപിടിത്തത്തെക്കുറിച്ച് വിസ്മയിച്ചുപോയി. ശിമയോൻ അവന്റെ പാദം



നമിച്ചുകൊണ്ടു പറഞ്ഞു:

"കർത്താവേ, എന്നെ വിട്ടു പോയാലും. ഞാൻ പാപിയായ മനുഷ്യനാണ്."

അതിൽ കുറഞ്ഞൊന്നും ശിമയോനു പറയാനില്ലായിരുന്നു. കാരണം, തന്റെ മുമ്പിൽ നിൽക്കുന്നവൻ എല്ലാം അറിയുന്നവനും എല്ലാറ്റിനും ഉടയവനുമാണെന്ന് ശിമയോൻ ഒരു വെളിപാടുപോലെ അറിഞ്ഞു.

"ശിമയോനേ, നീ ഭയപ്പെടേണ്ടതില്ല.'' യേശു പറഞ്ഞു: "എന്നെ അനുഗമിച്ചാലും. ഞാൻ നിന്നെ മനുഷ്യരെ പിടിക്കുന്നവരാക്കാം."

യേശു പിന്നെ ഒന്നും പറഞ്ഞില്ല. വഞ്ചിയിൽനിന്നു കരയ്ക്കിറങ്ങി നടക്കാൻ തുടങ്ങി. ശിമയോനും അന്ത്രയോസും സർവതും ഉപേക്ഷിച്ച് അവനെ അനുഗമിച്ചു.

യേശു അവിടെനിന്നു പോകുംവഴി യോഹന്നാനെയും യാക്കോബിനെയും കണ്ടു. യോഹന്നാനും യാക്കോബും കടൽക്കരയിൽ പിതാവായ സെബദിയോടൊത്തിരുന്നു വല നന്നാക്കുകയായിരുന്നു. യേശു അവരെയും വിളിച്ചു. അവരാകട്ടെ വള്ളവും വലയും പിതാവിനെയും ഉപേക്ഷിച്ച് യേശുവിനെ പിന്തുടർന്നു.

അവരഞ്ചുപേരും ജനക്കൂട്ടത്തെ കടന്നുപോയി. കടൽ വീണ്ടും ഇളകിമറിയാൻ തുടങ്ങി. കടലിൽനിന്ന് കാറ്റ് കരയ്ക്കു കയറി വന്നു. ഉപ്പുരസവും ഉഷ്ണവും നിറഞ്ഞ കാറ്റ്.

അപ്പോഴാണ് അനനിയാദ് അവിടേക്ക് ഓടിക്കിതച്ചെത്തിയത്. അവൻ വല്ലാതെ വിയർത്തിരുന്നു. അടക്കാനാവാത്ത കിതപ്പിൽ അവന്റെ നെഞ്ച് കടൽത്തിര4കൾപോലെ ഉയരുകയും താഴുകയും ചെയ്തുകൊണ്ടിരുന്നു.

അവൻ കടൽത്തീരം നിറഞ്ഞ ആളുകൾക്കിടയിലൂടെ തിടുക്കപ്പെട്ട് ആരെയോ തിരഞ്ഞു നടന്നു. അവന്റെ ചെയ്തികൾ കണ്ട് ജനം പിറുപിറുത്തു.

"ഭ്രാന്തൻ."

ജനങ്ങൾ അവനെ അവഗണിച്ച് അവിടെ നടന്ന അദ്ഭുതത്തെക്കുറിച്ചും യേശുവിനെക്കുറിച്ചും സംസാരിക്കാൻ തുടങ്ങി. അപ്പോൾ അനനിയാദ് അവർക്കിടയിൽ കിളിരംകൂടിയ ഒരാളുടെ പക്കൽ ചെന്നു ചോദിച്ചു:

"നീയാണോ അവൻ...?"

"ആരെയാണ് ഈ ജനക്കൂട്ടത്തിനിടയിൽ നീ തിരയുന്നത്?"

"നസ്രായനായ യേശുവിനെ. എനിക്കവനെ കാണണം." അനനിയാദ് തിടുക്കപ്പെട്ടു.

"അവൻ പോയി.'' അയാൾ പറഞ്ഞു.

"എവിടേക്ക്...?"

"അറിഞ്ഞുകൂടാ. അവനോടൊപ്പം സെബദിയുടെ പുത്രന്മാരും ശെമയോനും അന്ത്രയോസും ഉണ്ട്."

അനനിയാദ് പിന്നെ നിന്നില്ല. അവൻ പോയ ദിക്ക് ചോദിച്ചറിഞ്ഞ് തിരക്കിട്ടു നടന്നു. സത്യത്തിൽ അനനിയാദ് ഓടുകതന്നെയായിരുന്നു. പിന്നെ ഓട്ടത്തിന് വേഗം കൂടിവന്നു, കുതിരക്കുളമ്പടികൾപോലെ അവന്റെ കാലുകൾ മണൽപ്പരപ്പിൽ വീണുയർന്നു.

കുറെ ചെന്നപ്പോൾ കരയിലേക്കു കയറ്റിയിരിക്കുന്ന വഞ്ചിക്കരികെ കേടുവന്ന വലയുമായി ഒരു വൃദ്ധൻ വിഷാദിച്ചിരിക്കുന്നതു കണ്ടു. അത് സെബദിയായിരുന്നു. യോഹന്നാന്റെയും യാക്കോബിന്റെയും പിതാവ്. അനനിയാദ് അയാളുടെ പക്കൽ ചെന്നു ചോദിച്ചു:

''അവൻ ആ നസ്രായൻ ഏതു വഴിക്കാണു പോയത്?"

വൃദ്ധൻ തലയുയർത്തി അനനിയാദിനെ നോക്കി. അയാൾ കരയുകയാണെന്ന് അനനിയാദ് കണ്ടു.

"അറിഞ്ഞുകൂടാ..." അയാൾ പറഞ്ഞു. ''പക്ഷേ, അവനോടൊപ്പം എന്റെ മക്കൾ രണ്ടുപേരും എന്നെ വിട്ടുപോയി. എനിക്കിനി ആരുമില്ല. ഈ കടലല്ലാതെ.'' വൃദ്ധന്റെ ശബ്ദം ഒരു ചാറൽമഴപോലെ ചിലമ്പി. നൊമ്പരത്തിന്റെ ഒരു തണുപ്പ് ഉണ്ടായിരുന്നു ആ ശബ്ദത്തിൽ.

ഒരു നിമിഷം, അനനിയാദ് ശബ്ദിച്ചില്ല. അവർക്കിടയിൽ കടലിന്റെ ഇരമ്പം മാത്രം. മൗനത്തിന്റെ ഒരു കടൽ കിടന്നിളകിമറിയുന്നു. "നീ അവനെ അന്വേഷിക്കുന്നതെന്തിന്?'' വൃദ്ധൻ ചോദിച്ചു.

''അറിഞ്ഞുകൂടാ... പക്ഷേ, എനിക്കവനെ കാണണം." അനനിയാദ് പറഞ്ഞു.

കടൽക്കരയിലാകെ സന്ധ്യാനിഴൽ വീണിരുന്നു. വൃദ്ധൻ അനനിയാദിനു നേരേ കാഴ്ച മങ്ങിയ കണ്ണുകളുയർത്തി സൂക്ഷിച്ചു നോക്കി. ഒരു ദീർഘയാത്രയുടെയും അലച്ചിലിന്റെയും ക്ഷീണം. കരുവാളിച്ച രൂപംപോലെ ഒരു യുവാവ്. കോതിയൊതുക്കാത്ത പപ്രശമുടി കടൽക്കാറ്റിൽ ചിതറിപ്പറക്കുന്നു. പക്ഷേ, അവന്റെ കണ്ണുകളുടെ തീക്ഷ്ണത.... എങ്കിലും വൃദ്ധൻ ഇപ്രകാരം ചോദിച്ചു:

*ശേഷം 12-ാം പേജിൽ*

# പതിനാലാമെടം

*11-ാം പേജ് തുടർച്ച*

"നിനക്കും ഭ്രാന്തുപിടിച്ചോ...?"

പക്ഷേ, അനനിയാദ് അതു കേട്ടില്ലെന്നു നടിച്ചു. പിന്നെ അടക്കാനാവാത്ത ഒരു ജിജ്ഞാസയോടെ ചോദിച്ചു.

"അവൻ ഏതു ദിക്കിലേക്കാണു പോയത്..."

വൃദ്ധൻ വിരൽചൂണ്ടിയ ദിക്കിലേക്ക് അനനിയാദ് തിരക്കിട്ടു. മുമ്പിൽ സന്ധ്യ പടരുന്ന, ആളൊഴിഞ്ഞ തീരം ഒരു മഹാമരുവുപോലെ... ഒരു വശത്ത് അനന്തമായ കടൽ അങ്ങ് ചക്രവാളം വരെ...

യേശു എവിടേക്കായിരിക്കും പോയത്? എത്ര വന്നാലും ഈ ഗലീലി വിട്ട് എവിടേക്കും പോയിരിക്കില്ല. അതിനുമാത്രം സമയമായിട്ടില്ലല്ലോ ഇവിടെനിന്നു പോയിട്ട്. മാത്രമല്ല, യേശുവിനോടൊപ്പം ശെമയോനും അന്ത്രയോസും സെബദീപുത്രന്മാരും ഉണ്ടല്ലോ...

എത്രയും പെട്ടെന്ന് അവനെ കണ്ടുപിടിക്കണം. തനിക്കും അവനോടൊപ്പം ചേരണം. കാരണം, അവൻ മിശിഹാതന്നെ. മോശയുടെ നിയമത്തിലും പ്രവാചകഗ്രന്ഥങ്ങളിലും അതേപ്പറ്റി എഴുതിയിരിക്കുന്നു. അവൻതന്നെയാണ് ഇവൻ. ലോകത്തിന്റെ രക്ഷകൻ.

അനനിയാദ് ഇരുട്ടിലൂടെ നടക്കുകയായിരുന്നു. അവന്റെ മനസ്സപ്പോൾ ആഹ്ലാദചിത്തനായ ഒരു കൊച്ചുകുട്ടിയുടേതുപോലെയായിരുന്നു. അത് കാർമേഘപടലങ്ങളില്ലാത്ത തെളിഞ്ഞ ആകാശംപോലെ ശുഭ്രമായിരുന്നു. അവിടെ യേശുവിന്റെ കാണാരൂപം ഒരു സൂര്യതേജസ്സുപോലെ തിളങ്ങിയിരുന്നു.

പക്ഷേ, ആ രാത്രിയുടെയും പിന്നാലെ വന്ന ഒരു പകലിന്റെയും ദൈർഘ്യമത്രയും അന്വേഷിച്ചിട്ടും യേശു എവിടേക്കാണു പോയതെന്നറിയാൻ അനനിയാദിനു കഴിഞ്ഞില്ല.

യാത്രയ്ക്കിടയിൽ കണ്ടവരോടൊക്കെ അവൻ യേശുവിനെ അന്വേഷിച്ചു. പക്ഷേ, അവരിൽ പലരും അവനെ കേട്ടതില്ല. കേട്ടവർക്കാകട്ടെ അവൻ എവിടെയുണ്ടെന്നു നിശ്ചയവുമുണ്ടായിരുന്നില്ല. അനനിയാദ് അവശനായിത്തീർന്നിരുന്നു. വിശപ്പും ദാഹവും കാരുണ്യമേതുമില്ലാതെ അവനെ പീഡിപ്പിച്ചു. പാദങ്ങളിലെ വ്രണങ്ങൾ നീരുകെട്ടി വീർക്കുകയും കുപ്പായം മുഷിഞ്ഞുകീറുകയും ചെയ്തിരുന്നു.

അവൻ ഒരു സിക്കമൂർ മരത്തിന്റെ ചുവട്ടിൽ ചെന്നിരുന്നു. ഇനി നടക്കാൻ വയ്യ. ശരീരമാകെ വലിഞ്ഞുമുറുകുന്നു. എവിടെയൊക്കെയോ നീറ്റലും വേദനയും അനുഭവപ്പെടുന്നു. മുറിവുകൾ വിങ്ങുന്നു. എന്തെങ്കിലും തിന്നാനോ കുടിക്കാനോ കിട്ടിയിരുന്നെങ്കിൽ. അവന്റെ പക്കൽ ഒന്നുമുണ്ടായിരുന്നില്ല. അവൻ ചുറ്റും നോക്കി. എവിടെയും ആളനക്കം കണ്ടില്ല. അടുത്തെങ്ങും ഒരു വീടും കാണാനില്ല. സിക്കമൂറിൽ പഴങ്ങളുമില്ല.

സന്ധ്യ മയങ്ങുകയാണെന്ന് അവൻ കണ്ടു. കിഴക്കൻകുന്നുകളുടെ മറപറ്റി ഇരുട്ട് ഒരു കള്ളനെപ്പോലെ മാർജാരപാദങ്ങളൂന്നി കടന്നുവരുന്നു.

അവൻ മരത്തിന്റെ വേരിൽ തലവച്ചു കിടന്നു. ഇരുട്ട് തിടംവയ്ക്കുന്നു. ഇരുട്ടിലൂടെ ഒരു ഈറൻകാറ്റ് വന്ന് അവനെ തൊട്ടു. അവന് സൗഖ്യം തോന്നി. അരപ്പട്ടയിൽ തിരുകിയിരുന്ന കുഴലെടുത്ത് അവൻ വായിക്കാൻ തുടങ്ങി. അവന്റെ പാട്ടുകേട്ടിട്ടെന്നവണ്ണം സിക്കമൂർ മരം ശാഖകൾ താഴ്ത്തി അവന് കുടപിടിച്ചു. അവൻ സ്വയം മറന്നുള്ള കുഴൽവായനയ്ക്കിടയിൽ എപ്പഴോ മയങ്ങിപ്പോയി.

ആരോ ഉണർത്തുകയായിരുന്നു. സമീപത്തെങ്ങും ആരുമില്ല. വൃക്ഷക്കമ്പുകൾക്കിടയിലൂടെ കരങ്ങൾ നീട്ടി സൂര്യനാണ് അവനെ ഉണർത്തിയത്. മദ്ധ്യാഹ്നമായിരുന്നു. അവൻ എഴുന്നേറ്റ് അല്പമകലെക്കണ്ട അരുവിയിൽനിന്ന് മുഖം കഴുകി. വയറുനിറയെ വെള്ളം കുടിച്ചു. പിന്നെയും നടന്നു തുടങ്ങി.

എത്ര ദൂരം നടന്നുകാണും...? നിശ്ചയമില്ല. തലയ്ക്കു മുകളിൽ സൂര്യൻ എരിഞ്ഞു കത്തുകയാണ്. ഗലീലിയാക്കടൽപോലെ വെയിൽ ഭൂമിയിൽ കിടന്നലയ്ക്കുകയാണ്. അനനിയാദ് വെയിലിന്റെ കടൽമുറിച്ചു വ്രണം പൊട്ടിയ പാദങ്ങളൂന്നി വലിഞ്ഞു. കുറേദൂരം നടന്നു കഴിഞ്ഞപ്പോഴാണ് കുറച്ചകലെ ഒരാൾക്കൂട്ടം കണ്ടത്. അവന്റെയുള്ളിൽ ആശയുടെ ഒരു മിന്നൽപ്പിണരുണ്ടായി.

ഒരുപക്ഷേ, അവൻ അവിടെയുണ്ടായിരിക്കുമോ? നസ്രായനായ യേശു.

യേശുവിനെ ചിന്തിച്ചാറെ അനനിയാദിൽ അജ്ഞാതമായ ഒരു ശക്തി വന്നുനിറഞ്ഞു. അവൻ കാലുകൾ വലിച്ചു കുത്തി നടന്നു. അവിടെ നസ്രായൻ എന്തെങ്കിലും അദ്ഭുതം പ്രവർത്തിച്ചിട്ടുണ്ടാകും. അതാകും അവിടെ ആൾക്കൂട്ടം. എതിരേ വന്ന ആളോട് അവൻ തിരക്കി:

"എന്താ അവിടെ?"

"എന്തോ ആഘോഷം നടക്കുകയാണെന്നു തോന്നുന്നു." അയാൾ മറുപടി പറഞ്ഞുകൊണ്ട് നടന്നുപോയി. അനനിയാദ് ആൾക്കൂട്ടം കണ്ട സ്ഥലത്തെത്തി. സാമാന്യം വലിയ വീടായിരുന്നത്. മുറ്റത്ത് പന്തലും പന്തൽ നിറയെ ആളുകളുമുണ്ടായിരുന്നു. ഒരു വിവാഹാഘോഷം നടക്കുകയാണ്.

പ്രധാന കവാടത്തിലെത്തിയ അനനിയാദിനെ ഒരാൾ തടഞ്ഞു. പുച്ഛം കലർന്ന കണ്ണുകളോടെ അയാൾ ചോദിച്ചു:

"നിങ്ങൾ വിവാഹത്തിനു ക്ഷണിക്കപ്പെട്ടവനാണോ?"

അവൻ മറുപടി പറഞ്ഞിട്ടില്ല. അവന്റെ വേഷവും രൂപവും ഒരതിഥിയുടേതായിരുന്നില്ല. അവന്റെ മൗനം വായിച്ചറിഞ്ഞിട്ടെന്ന വണ്ണം അയാൾ പറഞ്ഞു:

"ക്ഷണിക്കപ്പെടാത്തവർക്കും യാചകർക്കും ഒടുവിൽ എന്തെങ്കിലും കിട്ടിയേക്കും. നിങ്ങൾ പിൻപുറത്തെങ്ങാനും മാറി നിൽക്ക്."

അനനിയാദ് ശബ്ദിച്ചില്ല. മെല്ലെ പിൻപുറത്ത് കാത്തുനില്ക്കുന്ന യാചകരുടെ കൂട്ടത്തിലേക്ക് അവൻ നടന്നു.

(തുടരും)

# മനസ്സേ, ശാന്തമാകൂ



സി. മേരി ജയിൻ എസ്.ഡി.

ഇതൊരു ഈറ്റുനോവിന്റെ ആരംഭമാണ്. അനശ്വരസത്യം എന്ന അരുമക്കുഞ്ഞ് പ്രപഞ്ചത്തിന്റെ ഗർഭാശയത്തിലിരുന്നു വിലപിക്കുന്നു. രോഗദുരിതങ്ങൾക്കും മോഹഭംഗങ്ങൾക്കും മേലേ, നശ്വരസീമകൾക്കപ്പുറം വിരാജിക്കുന്ന അനന്തനന്മസ്വരൂപനായ ഏകനിലേക്കു തിരിഞ്ഞേ പറ്റൂ. കാരണം, നാം എല്ലാവരും നിത്യപിതാവിന്റെ മക്കളാണ്.



പറയുന്നതും ചെയ്യുന്നതും എന്താണെന്നതിനെപ്പറ്റി മനുഷ്യന് ഇന്ന് ഒരു ധാരണയുമില്ല. അഭിപ്രായം പറഞ്ഞാൽ കുറ്റം, പറഞ്ഞില്ലെങ്കിൽ കുറ്റം. മാസ്ക് ധരിക്കാൻ പ്രയാസം, അകലം പാലിക്കാൻ ബുദ്ധിമുട്ട്. കൈ കഴുകാൻ മടി. സർവത്ര ക്രമക്കേടുകൾ. ജീവിതവുമായി ബന്ധപ്പെട്ട ഒട്ടേറെ നിഷേധാത്മക ഊർജങ്ങൾ എട്ടുകാലിവലപോലെ സമൂഹത്തിൽ പടർന്നിരിക്കുന്നു. ഇതെല്ലാം മനുഷ്യന്റെ പ്രതിരോധശേഷിയെ തകർക്കുകയാണ്. വാക്സിൻ എടുത്തതുകൊണ്ടോ, ഹോമിയോ - ആയുർവേദമരുന്നുകൾ കഴിച്ചതുകൊണ്ടോ മാത്രം പ്രതിരോധശേഷി വർധിക്കുകയില്ല. എല്ലാം കഴിച്ചിട്ട് അങ്ങോട്ടുമിങ്ങോട്ടും വേവലാതിപൂണ്ട് ഓടിനടന്നാൽ അന്തഃരംഗം കൂടുതൽ പ്രക്ഷുബ്ധമാകുകയേയുള്ളൂ.

താളം തെറ്റിക്കിടക്കുന്ന ആന്തരികവ്യക്തിത്വത്തിന്റെ ക്രമപ്പെടുത്തലാണ് ഏറ്റവും ആവശ്യം. മനുഷ്യന്റെ യഥാർത്ഥ ജീവശക്തി കുടികൊള്ളുന്ന ആത്മാവുമായി ബന്ധപ്പെടുത്തിയാൽ മാത്രമേ ആരോഗ്യം എന്ന വാക്കിന്റെ വിശദമായ അർത്ഥം ഗ്രഹിക്കാൻ കഴിയൂ.

ആയാസങ്ങൾക്കും അസ്വസ്ഥതകൾക്കും സംഘർഷങ്ങൾക്കും പകരം പ്രശാന്തതയും ആന്തരികനിശ്ശബ്ദതയുമാണ് പരിശീലിക്കേണ്ടത്. അന്തഃരംഗം നിശ്ശബ്ദമാകുമ്പോൾ, ഓളങ്ങൾ നിശ്ചലമാകുമ്പോൾ, നാം കൂടുതൽ കരുത്താർജിക്കുന്നു. ആത്മാവും ശരീരവും കൂടുതൽ ഊർജസ്വലമാകുന്നു. ശാന്തിയുടെ, സമാധാനത്തിന്റെ ചിന്തകൾ ഓരോന്നോരോന്നായി സാവധാനം മനസ്സിലേക്കു പ്രവേശിപ്പിക്കുക. അന്തഃരംഗത്തെ അടക്കിവാഴുന്ന ചിന്താതരംഗങ്ങൾക്കും നമ്മുടെ ചേഷ്ടകൾക്കും അനുസരിച്ചുള്ള ശാരീരികപ്രതികരണം ഇടവേളകളിൽ സംഭവിച്ചുകൊണ്ടിരിക്കുന്നു. മറ്റൊരു വാക്കിൽ പറഞ്ഞാൽ, ശരീരം ശാന്തമാക്കാൻവേണ്ടി പോസിറ്റീവ് തരംഗങ്ങളും ശുഭചിന്തകളും ദൈവവചനങ്ങളും മഹദ്വചനങ്ങളും - നമ്മുടെ അന്തഃരംഗത്തിലേക്കു കടത്തിവിടുക. ശാന്തമായി, സ്വസ്ഥമായി, ഏകാഗ്രതയോടെ ശ്വസനം നടത്തി സാവധാനം നാം നമ്മുടെ ആന്തരികസത്തയെ വിളിച്ചുണർത്തുക. എളുപ്പമല്ലെങ്കിലും നിരന്തര പരിശീലനത്തിലൂടെ ശാരീരികവും മാനസികവും ആത്മീയവുമായ സ്വാസ്ഥ്യത്തിലേക്കു പ്രവേശിക്കുന്നത് ഓരോരുത്തർക്കും അനുഭവിച്ചറിയാൻ കഴിയും.

ആധ്യാത്മികശക്തികളെ ജീവിതത്തിന്റെ ഭാഗമാക്കിത്തീർക്കേണ്ടതിന്റെ ആവശ്യകതയാണ് നാം ഇന്നു ചുറ്റിലും കാണുന്നത്. ഭൂമണ്ഡലത്തിലെ പ്രപഞ്ചശക്തികളുടെ ആന്തരികവും ബാഹ്യവുമായ വിളയാട്ടം നമുക്കു നോക്കി നില്ക്കേണ്ടിവരുന്നത് സ്രഷ്ടാവായ ദൈവത്തെയും പ്രപഞ്ചനിയമങ്ങളെയും മറികടന്ന് വിതച്ച ദുഷ്ടതകളുടെ അനന്തരഫലമാണ്. അതിൽനിന്ന് വിമോചിക്കപ്പെടണം, ദുരന്തങ്ങൾ ഒഴിഞ്ഞുപോകാൻ.

■

# വാഞ്ഛ



ശ്രേഷ്ഠമലയാളം

ഡോ. ഡേവിസ് സേവ്യർ

വാഞ്ഛ എന്ന പദം 'വാഞ്ച' എന്നും 'വാഞ്ച്ഛ' എന്നും എഴുതിക്കാണുന്നു. രണ്ടും തെറ്റാണ്; വാഞ്ഛ ആണു ശരി. 'ഞ' കാരത്തോട് ഖരമായ 'ച' ചേരില്ല. അതിഖരമായ 'ഛ' ചേർക്കണം. വാ+ഞ്+ഛ = വാഞ്ഛ. 'വാഛി ഇച്ഛായാം' എന്ന ധാതുവിൽനിന്നാണ് വാഞ്ഛ രൂപപ്പെട്ടത്. 'വാഞ്ഛരാലിപ്സാ മനോരഥഃ'* എന്ന് അമരകോശം രേഖപ്പെടുത്തുന്നു. ലഭിപ്പാനുള്ള ആഗ്രഹം എന്നർത്ഥം. വാഞ്ഛിക്കപ്പെട്ടത് (ആഗ്രഹം) എന്നർത്ഥം കിട്ടാൻ വാഞ്ഛിതം എന്നു വേണം എഴുതാൻ. "വിഫലം തേ വൈരസേനേ വാഞ്ഛിതം സാമ്പ്രതം" എന്നു നളചരിതം ആട്ടക്കഥയിൽ ഉണ്ണായി വാര്യർ ലിപിയിലും വിവക്ഷിതത്തിലും വാഞ്ഛിതം ശരിയായി പ്രയോഗിച്ചിട്ടുണ്ട്.


വാഞ്ഛ എന്ന പദത്തിനു മുമ്പിൽ 'അഭി' എന്ന ഉപസർഗ്ഗം ചേർത്ത് അഭിവാഞ്ഛ എന്നും അഭിവാഞ്ഛിതം എന്നും രൂപങ്ങൾ സൃഷ്ടിക്കാം. അഭിവാഞ്ഛയ്ക്ക് (അഭി+വാഞ്ഛ) വലിയ ആഗ്രഹം എന്നും അഭിവാഞ്ഛിതത്തിന് ആഗ്രഹിക്കപ്പെട്ടത് എന്നും താത്പര്യങ്ങൾ. 'പരമഭിവാഞ്ഛയെനിക്കുനിന്നിലല്ലോ' എന്നു ലീലാകാവ്യത്തിൽ കുമാരനാശാൻ പ്രയോഗിച്ചിട്ടുണ്ടല്ലോ.

നേരേ, ഉള്ളിലേക്ക്, മീതേ, കൂടെ, എതിരേ, വലിയ തുടങ്ങിയ അർത്ഥങ്ങളിൽ, സംസ്കൃതത്തിൽ ക്രിയകളുടെയും നാമങ്ങളുടെയും മുമ്പിൽ ചേർക്കുന്ന ഉപസർഗ്ഗമാണ് 'അഭി എന്നത്. അഭിഗമിക്കുക (അടുത്തുചെല്ലുക) അഭിമാനിക്കുക (അഭിമാനം കൊള്ളുക) അഭിരമിക്കുക (സന്തോഷിക്കുക) അഭിവാഞ്ഛിക്കുക മുതലായവയിൽ അഭി ക്രിയകളോടു ചേർക്കുന്നു. അഭിനവം, അഭിജനം(തറവാട്) അഭിമുഖം തുടങ്ങിയവയിൽ അഭി നാമങ്ങളോടാണു ചേരുന്നത്.

ചിലപ്പോൾ നാമങ്ങളുടെ പിന്നിലും അഭി ചേർക്കാറുണ്ട്. ഉദാ. ഗൃഹമഭി (ഓരോ ഗൃഹവും) ജനമഭി (ഓരോ ജനവും) സ്മിത്വാ സ്മിത്വാ നിജാന്തർ ഗൃഹമഭി വഴികാട്ടീടിനാൽ" ** എന്നു പുനംനമ്പൂതിരിയുടെ ഭാഷാരാമായണം ചമ്പുവിൽ 'ഗൃഹമഭി' പ്രയോഗിച്ചിട്ടുണ്ട്. കൂടാതെ, ഇംഗ്ലീഷിലെ വേഴ്സസ് എന്ന പദത്തിന്റെ സ്ഥാനത്തും അഭി പ്രയോഗത്തിലുണ്ട്. ഉദാ. രാജൻ അഭി സർക്കാർ എന്ന കേസ്.


* പരമേശ്വരൻ മൂസ്സത്, ടി.സി., അമരകോശം (പാരമേശ്വരി), എൻ.ബി.എസ്., കോട്ടയം, 2013, പുറം - 189

** പുനം, നമ്പൂതിരി, ഭാഷാരാമായണം ചമ്പു, കേരള സാഹിത്യ അക്കാദമി, തൃശൂർ, 1982, പുറം - 175




**ജൂൺ 13**
**ശ്ലീഹാക്കാലം**
**നാലാം ഞായർ**



നിയ. 1:16 – 18
ഏശ. 1:10 – 20
1 കോറി. 9:19 – 27
ലൂക്കാ. 6:27 – 36

ഫാ. ആന്റണി ഞള്ളമ്പുഴ CMI

# ക്രിസ്തീയജീവിതത്തിന്റെ അക്ഷരമാല



**ക്രി**സ്തീയജീവിതത്തിന്റെ ഭംഗി കാട്ടിത്തരുന്ന വിശേഷമായ സുവിശേഷഭാഗമാണിത്. സുവിശേഷത്തിനുള്ളിലെ സുവിശേഷമാണ് ഇതിലെ 'സുവർണ നിയമം.'

ക്രിസ്തീയജീവിതശൈലിയുടെ അക്ഷരമാലയെന്നു ചിലർ ഈ വചനഭാഗത്തെ വിശേഷിപ്പിക്കുന്നു. മത്തായിയുടെ സുവിശേഷത്തിലെ ഗിരിപ്രഭാഷണത്തിന്റെ സംക്ഷിപ്തരൂപമാണിത്. മലയിറങ്ങി സമതലത്തിലെത്തിയ യേശുവിന്റെ മനുഷ്യജീവിതത്തിന്റെ സമസ്തമേഖലകളെയും സ്പർശിക്കുന്ന സമതല പ്രഭാഷണമാണിത്. സമതുലിതമായ ക്രിസ്തീയജീവിതത്തിന് അവശ്യം വേണ്ട കാര്യങ്ങൾ. ക്രിസ്തുവിന്റെ സുവിശേഷത്തിലെ ഉന്നതമായ ധാർമികമൂല്യങ്ങളുടെ രത്നച്ചുരുക്കം. മത്തായിയും ലൂക്കായും ഈ സവിശേഷഭാഗം ആരംഭിക്കുന്നത് സുവിശേഷഭാഗ്യങ്ങളോടെയാണ്.

**സുവർണനിയമം**

"മറ്റുള്ളവർ നിങ്ങളോട് എങ്ങനെ പെരുമാറണമെന്നു നിങ്ങൾ ആഗ്രഹിക്കുന്നുവോ, അങ്ങനെതന്നെ നിങ്ങൾ അവരോടും പെരുമാറുവിൻ" (ലൂക്കാ 6/31).

"മനുഷ്യർ നിങ്ങൾക്കു ചെയ്തുതരണമെന്നു നിങ്ങൾ ആഗ്രഹിക്കുന്നതെല്ലാം നിങ്ങളും അവർക്കു ചെയ്യുവിൻ. ഇതാണു നിയമവും പ്രവാചകന്മാരും" (മത്തായി. 7/12).

"നിനക്ക് അഹിതമായത് അപരനോടും ചെയ്യരുത്." (തോബിത് 4/15).

"അയൽക്കാരന്റെ വികാരത്തെ വിധിക്കുന്നതിനുമുമ്പു സ്വന്തം വികാരത്തെ കണക്കിലെടുക്കണം" (പ്രഭാഷകൻ 31/15).

ക്രിസ്തീയജീവിതത്തിന്റെ ഭംഗി അടിക്കു പകരം തിരിച്ചടിയല്ല. തെറിക്കുത്തരം മുറിപ്പത്തലല്ല. തിന്മയ്ക്കു പകരം തിന്മയല്ല. ശാപത്തിനു പകരം ശാപമല്ല. അത് ശാപത്തിനു പകരം അനുഗ്രഹമാണ്. അടിക്കുന്നവന് അടിക്കാൻ മുഖം കാട്ടിക്കൊടുക്കുന്ന സംസ്കാരമാണ്, മേലങ്കി എടുത്തവനു കുപ്പായംകൂടി കൂടുതലായി കൊടുത്തുവിടുന്ന ജീവിതശൈലിയാണ്, വിക്ടർ യൂഗോയുടെ 'പാവങ്ങളി'ലെ മെത്രാൻ മോഷ്ടാവിന് അവൻ എടുത്തിട്ട് മറന്നുവച്ച തിരിക്കാലുകൾകൂടി സ്നേഹപൂർവം കൊടുത്തുവിടുന്നതുപോലുള്ള സൗമനസ്യമാണ്. അത് സ്നേഹിക്കുന്നവരെ മാത്രം സ്നേഹിക്കുന്ന, പകരത്തിനു പകരം നൽകുന്ന സ്നേഹമല്ല. സ്നേഹിക്കാത്തവനെയും പകരം തരാൻ പറ്റാത്തവരെയും തന്റെ സ്നേഹവലയത്തിനുള്ളിലാക്കുന്ന ക്രിസ്തുസ്നേഹമാണ്.

"നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ" (ലൂക്കാ 6/36).

'ക്രിസ്തുവിന്റെ കരുണയുടെ ഗായകൻ' എന്നാണ് വിശ്വസാഹിത്യകാരനായ ഡാന്റെ ലൂക്കാസുവിശേഷകനെ വിശേഷിപ്പിച്ചത്. കാരണം, ലൂക്കാസുവിശേഷത്തിലെ പ്രധാന പ്രമേയം കരുണയാണ്. യഹൂദരോടും വിജാതീയരോടുമുള്ള കരുണ. പാപികളോടും പതിതരോടുമുള്ള കരുണ, രോഗികളോടും വിധവകളോടും സ്ത്രീകളോടുമുള്ള കരുണ. കണ്ണിനു കണ്ണും, പല്ലിനു പല്ലും ജീവിതനിയമമാക്കിയിരുന്നെങ്കിൽ ഈ ലോകം കണ്ണും പല്ലും ഇല്ലാത്തവരുടെ ലോകമായി മാറുമായിരുന്നു. ക്രിസ്തീയജീവിതത്തിന്റെ ഭംഗി അതിനില്ല. ക്രിസ്തുവിന്റെ ഗിരിപ്രഭാഷണവും സമതല പ്രസംഗവുമൊക്കെ നന്നായി ഗ്രഹിച്ചിരുന്ന മഹാകവി രവീന്ദ്രനാഥ ടാഗോർ പറഞ്ഞു: "ക്രിസ്ത്യാനികളായ നിങ്ങൾക്കു സ്പഷ്ടമായ ധർമോപദേശം ലഭിച്ചിട്ടുണ്ട്. അത് അനുസരിച്ചാൽ മാത്രം മതി." സമാധാനത്തിന്റെ ഇരിപ്പിടം എന്നർത്ഥമുള്ള 'ശാന്തിനികേതന'ത്തിലിരുന്ന് യേശുവിന്റെ ശാന്തിദൂതിനെപ്പറ്റി ടാഗോർ ഏറെ ധ്യാനിച്ചിരുന്നു. വ്യക്തിജീവിതങ്ങളെയും ലോകത്തെത്തന്നെയും മാറ്റിമറിക്കാൻ പോരുന്ന ക്രിസ്തുവിന്റെ ശാന്തിദൂത്.

'ദീനബന്ധു' എന്ന പേരിൽ അറിയപ്പെട്ടിരുന്ന സുവിശേഷപ്രഘോഷകനായ സി.എഫ്. ആൻഡ്രൂസ് 'എനിക്ക് ക്രിസ്തുവിനോടുള്ള കടപ്പാട്' എന്ന തന്റെ ഗ്രന്ഥത്തിൽ ഇപ്രകാരം എഴുതി: "മഹാത്മാഗാന്ധിയെ ഞാൻ ആദ്യമായി ദക്ഷിണാഫ്രിക്കയിൽ വച്ചാണ് കാണുന്നത്. സഹനത്തിൽ വിജയം വരിക്കുന്നതിനുള്ള അസാധാരണമായ ശക്തി അദ്ദേഹത്തിനുണ്ടായിരുന്നു. അദ്ദേഹത്തോടുകൂടെ ഇരിക്കുന്നത് എനിക്കുണ്ടായിരുന്ന നല്ല ഗുണങ്ങൾക്കു പുതുജീവൻ ഉണ്ടാകുന്നതിനും എന്നിൽ ഒരു ധൈര്യം ജ്വലിപ്പിച്ചു പ്രകാശിപ്പിക്കുന്നതിനും പര്യാപ്തമായിരുന്നു. ഒരു കഠിന വേനൽദിവസം ഞങ്ങൾ രണ്ടുപേരുംകൂടി ഒരു അരുവിക്കരെ ഇരുന്നതു ഞാൻ ഓർക്കുന്നു. ഉയർന്ന ജീവിതനിലയിലെത്തിയ ജീവികൾ താണവയെ ഭക്ഷിക്കുക എന്നതു പ്രകൃതിയിൽ സാധാരണമായി കണ്ടുവരുന്ന ഒന്നായതുകൊണ്ട് മനുഷ്യൻ ഭക്ഷണത്തിനായി ഹിംസിക്കുന്നതിൽ തെറ്റില്ല എന്നു ഞാൻ വാദിച്ചു. അദ്ദേഹം എന്നോടു ചോദിച്ചു: "ഒരു ക്രിസ്ത്യാനി ആയിരിക്കെ അങ്ങനെ വാദിക്കുന്നതു ശരിയാണോ? കർത്താവു ലോകത്തിൽ പിറന്നതു ജീവനെ നശിപ്പിക്കാനല്ല; രക്ഷിക്കാനാണ്. ക്രിസ്തുവിന്റെ ജീവൻതന്നെ നിങ്ങൾക്കും മറ്റുള്ളവർക്കുമായി ത്യജിച്ചതിനാൽ സത്യം കണ്ടെത്തി എന്നു നിങ്ങൾ വിശ്വസിക്കുന്നു എന്നു ഞാൻ വിചാരിച്ചു. ദൈവികമായ സ്വഭാവം ജീവനെ എടുക്കുകയല്ല, ജീവനെ കൊടുക്കുകയാണ്." ഗിരിപ്രഭാഷണത്തിൽനിന്ന് അഹിംസയുടെ പാഠമുൾക്കൊണ്ട ഗാന്ധിജിയുടെ നിരീക്ഷണമായിരുന്നു ഇത്. മഹാകവിയായ രവീന്ദ്രനാഥ ടാഗോറിന്റെ ജ്യേഷ്ഠസഹോദരനായിരുന്നു ദ്വിജേന്ദ്രനാഥ ടാഗോർ. ശാന്തിനികേതനിൽവച്ച് യേശുവചനങ്ങളെപ്പറ്റി അദ്ദേഹം സംസാരിച്ചിരുന്നു. തന്റെ ആയുസ്സിന്റെ അവസാനദിവസങ്ങളിലും പലപ്പോഴും അദ്ദേഹം യേശുവിന്റെ പർവതപ്രസംഗത്തെപ്പറ്റി ഓർക്കുകയും അതിലെ അതിപ്രധാന വാക്യങ്ങൾ ധ്യാനിക്കുകയും പതിവായിരുന്നു.

അദ്ദേഹം പറഞ്ഞു: "അവ എന്റെ ആഹാരവും പാനീയവുമാണ്. ഒരു കുഞ്ഞിനുപോലും മനസ്സിലാകത്തക്കവിധം അത് എത്ര ലളിതമാണ്. അതേസമയംതന്നെ അവയുടെ അന്തരാർത്ഥം അത്യഗാധമാണ്. അത് മനുഷ്യവർഗത്തിന്റെ അതിവിശിഷ്ടമായ സ്വത്താണ്. ദിവസംപ്രതി ഞാനതു ധ്യാനിക്കുന്നു. രാത്രി ഉറക്കമില്ലാതെ കിടക്കുന്ന നാഴികകളിൽ ഞാൻ അവയെപ്പറ്റി ഓർക്കുന്നു. അതു മനസ്സിലാക്കുന്നതിന് ഒരു വ്യാഖ്യാനഗ്രന്ഥവും ആവശ്യമില്ല. അവയെപ്പറ്റിയുള്ള ധ്യാനത്തിൽ എനിക്ക് ഒരിക്കലും മുഷിച്ചിൽ തോന്നിയിട്ടില്ല. അവയുടെ അർത്ഥം മുഴുവൻ ഞാൻ ഗ്രഹിച്ചുകഴിഞ്ഞു എന്നുള്ള വിചാരവും എനിക്ക് ഒരിക്കലും ഉണ്ടാകുന്നില്ല. ഒരു മനുഷ്യന് അവസാനംവരെയും മരണവേളയിൽത്തന്നെയും ശക്തിയും ധൈര്യവും നല്കുന്ന സത്യങ്ങൾ അവയിൽ അടങ്ങിയിരിക്കുന്നു."

■

## സുവർണനിയമം

**"മറ്റുള്ളവർ നിങ്ങളോട് എങ്ങനെ പെരുമാറണമെന്നു നിങ്ങൾ ആഗ്രഹിക്കുന്നുവോ, അങ്ങനെതന്നെ നിങ്ങൾ അവരോടും പെരുമാറുവിൻ" (ലൂക്കാ 6:31).**

## ഡോ. ആൻസി ജോസഫ് വിരമിച്ചു



കാഞ്ഞിരപ്പള്ളി സെന്റ് ഡൊമിനിക് കോളജിൽ 33 വർഷത്തെ സേവനം പൂർത്തിയാക്കി ഡോ. ആൻസി ജോസഫ് മേയ് 31 ന് സർവീസിൽ നിന്നു വിരമിച്ചു. ഇംഗ്ലീഷ് വിഭാഗം അസോസിയേറ്റ് പ്രഫസറായിരുന്ന ഡോ. ആൻസി ജോസഫ് ഡിപ്പാർട്ടുമെന്റ് മേധാവിയായും കോളജിന്റെ പ്രിൻസിപ്പൽ ഇൻചാർജായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

വനിതകളുടെ നേതൃത്വവാസനയെ വളർത്തുന്നതിനും കോളജിന്റെ സാമൂഹികപ്രതിബദ്ധത ദൃഢമാക്കുന്നതിനും വിമൻ എംപവർമെന്റ് സെന്റർ രൂപീകരിച്ചു. നിരവധി സാമൂഹികക്ഷേമ സാംസ്കാരികപരിപാടികൾ നടപ്പാക്കിയിരുന്നു. ഡോ. ആൻസി ജോസഫിന്റെ നേതൃത്വത്തിൽ കോളജിന് ഔദ്യോഗിക യൂട്യൂബ് ചാനലായ ഡൊമിനിക്കൻ വോയ്സ് തുടങ്ങാൻ സാധിച്ചു.

വിമൻസ് സ്റ്റഡീസ് ആൻഡ് ലിറ്ററേച്ചറിൽ എംഫിലും ഡോക്ടറേറ്റും ഹ്യൂമൺ റിസോഴ്സിൽ എം.ബി.എയും നേടിയിട്ടുള്ള ഡോ. ആൻസി ജോസഫ് നിരവധി ദേശീയ അന്തർദേശീയസെമിനാറുകളിൽ പങ്കെടുക്കുകയും പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും അവ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. അറിയപ്പെടുന്ന വാഗ്മിയും മോട്ടിവേഷണൽ ട്രെയ്നറും കൗൺസലറുമാണ്.

ഇന്ത്യയിലെ ഏറ്റവും മികച്ച ജെ.സി.ഐ. പ്രവർത്തകയ്ക്കുള്ള അവാർഡ്, മികച്ച അധ്യാപകനുള്ള റാങ്ക് ആൻഡ് ബോൾട്ട് അവാർഡ്, ലയൺസ് ക്ലബിന്റെ ലീഡർ പാർ എക്സലൻസ് അവാർഡ്, ജേസീസിന്റെ പ്രഫഷണൽ എക്സലൻസ് അവാർഡ് തുടങ്ങിയ നിരവധി അംഗീകാരങ്ങൾ ഈ അധ്യാപികയെ തേടിയെത്തിയിട്ടുണ്ട്.

പാലാ രൂപതയിലെ അരുവിത്തുറ ഇടവകാംഗമായ ഡോ. ആൻസി ജോസഫ് രൂപത പാസ്റ്ററൽ കൗൺസിൽ, ഫിനാൻസ് കൗൺസിൽ എന്നിവയിൽ അംഗമായിരുന്നു. കേരള കാത്തലിക് കൗൺസിൽ, കാത്തലിക് കൗൺസിൽ ഓഫ് ഇന്ത്യ എന്നിവയിൽ അംഗമായിട്ടുണ്ട്.

# അപ്പനെന്ന അപ്പം

ജൂൺ – 20
ലോകപിതൃദിനം



ഫാ. തോമസ്
പാട്ടത്തിൽചിറ CMF

പൂഴിപ്പരപ്പിലൂടെ നടന്ന കാലമത്രയും സ്വന്തം പിതാവിനെപ്പറ്റി പറയുമ്പോൾ ക്രിസ്തു വല്ലാതെ വാചാലനാകുമായിരുന്നു. കുഞ്ഞുന്നാളിൽ മാതാപിതാക്കൾക്കു വിധേയനായി വളർന്നുകൊണ്ട് അവരുടെ മഹത്ത്വത്തെ അവൻ അംഗീകരിക്കുകയും ആദരിക്കുകയും ചെയ്തു. വിതയും വിളവെടുപ്പും, കറ്റമെതിക്കലും കളപ്പുരകളുമൊന്നുമില്ലാത്ത ആകാശപ്പറവകളെപ്പോലും അനുദിനം ആവോളം തീറ്റിപ്പോറ്റുന്ന തന്റെ അലിവുള്ള അപ്പനെ അവൻ ശ്രോതാക്കൾക്കു പരിചയപ്പെടുത്തി. 'എന്റെ പിതാവ്' (മത്താ 10:32), 'എന്റെ പിതാവിന്റെ ഇഷ്ടം' (മത്താ. 12:50), 'ഞാനും പിതാവും' (യോഹ. 10:30) എന്നിങ്ങനെ അപ്പനെപ്പറ്റിയുള്ള ഒത്തിരി ഓർമകൾ വാക്കുകളായി അവന്റെ നാവിൻതുമ്പിൽ നിറഞ്ഞുനിന്നിരുന്നു. താൻ വന്നത് പിതാവിൽനിന്നാണെന്നും, മടക്കയാത്രയും അവിടുത്തെ സന്നിധിയിലേക്കാണെന്നും സമർത്ഥിച്ചുകൊണ്ട് പിതൃസ്ഥാനത്തിന്റെ പ്രാധാന്യത്തിന് അവൻ അടിവരയിട്ടു. അങ്ങനെയുള്ള ഒരു അപ്പന്റെ സ്നേഹത്തെയും ക്ഷമയെയും കരുതലിനെയും ദയാദാക്ഷിണ്യങ്ങളെയുമൊക്കെ വർണിക്കുന്ന ഉപമകളും കഥകളും അവന് മനഃപാഠമായിരുന്നു. ഒടുവിൽ, മരുഭൂമിയിൽവച്ച് മാനത്തുനിന്നു മന്ന വർഷിച്ച് മനുഷ്യമക്കളുടെ വിശപ്പു നീക്കിയ അതേ പിതാവിന്റെ പക്കലേക്കു തിരികെപ്പോകുന്നിനുമുമ്പ് അന്ത്യത്താഴ സമയത്ത് സ്വന്തം ശരീരംതന്നെ ഭക്ഷണമായി മുറിച്ചുവിളമ്പിക്കൊണ്ട് പിതൃത്യാഗത്തിന്റെ അങ്ങേയറ്റം അവൻ ലോകത്തിനു കാട്ടിക്കൊടുത്തു.

എല്ലാ പ്രധാന മതപ്രബോധനങ്ങളും 'പിതാവ്' എന്ന വ്യക്തിത്വത്തെ മഹനീയമായ സ്ഥാനത്താണ് പ്രതിഷ്ഠിച്ചിട്ടുള്ളത്. വിശുദ്ധ ബൈബിളിൽ 'നിന്റെ പിതാവിനെയും മാതാവിനെയും ബഹുമാനിക്കുക' (പുറ. 20:12; മത്താ. 19:19) , 'പിതാവിനെയോ മാതാവിനെയോ അധിക്ഷേപിക്കുന്നവൻ മരിക്കണം'(മത്താ. 15:4) 'നിനക്ക് ജന്മം നൽകിയ പിതാവിനെ അനുസരിക്കുക' (സുഭാ. 23:22), 'പിതാവിനെ പരിത്യജിക്കുന്നത് ദൈവദൂഷണത്തിനു തുല്യമാണ്' (പ്രഭാ. 3:16) എന്നിങ്ങനെയുള്ള എണ്ണമറ്റ പ്രതിപാദ്യങ്ങളുണ്ട്. ഹൈന്ദവപ്രബോധനമനുസരിച്ച് 'പിതാവ്' ദൈവം (Deva) ആണ്. അതുകൊണ്ടുതന്നെ അപ്പനെ ശുശ്രൂഷിക്കുക എന്നതാണ് ധർമത്തിന്റെ അന്തഃസത്തയും മോക്ഷത്തിലേക്കുള്ള മാർഗവും. ഇസ്ലാമിക പ്രബോധനമനുസരിച്ച് 'പിതാവ്' പറുദീസയിലേക്കുള്ള മധ്യകവാടമാണ്. ഒരു കുഞ്ഞിന്റെ ആദ്യസ്നേഹവും പ്രഥമഗുരുവുമാണ് അപ്പൻ. പിതാവ് കുടുംബത്തിന്റെ പാറയാണ്. അപ്പന്റെ അധ്വാനത്തെ വിസ്മരിക്കരുത്. ബുദ്ധമതപ്രബോധനമനുസരിച്ച്, 'പിതാവ്' ബ്രഹ്മനും പ്രഥമാധ്യാപകനുമാണ്. സിക്ക് മതഗ്രന്ഥമായ ഗുരുഗ്രന്ഥസാഹിബ്, സ്രഷ്ടാവും സൃഷ്ടിയും തമ്മിലുള്ള ബന്ധത്തെ പിതാവും മക്കളും തമ്മിലുള്ള ബന്ധത്തോടു തുലനം ചെയ്യുന്നുണ്ട്. വിശ്വാസികൾക്ക് ദൈവം അപ്പനും അമ്മയുമാണ്.

അപ്പൻ ആത്യന്തികമായും അപ്പമാണ്, അപ്പമാകേണ്ടവനാണ്. അപ്പമാകുക എന്നാൽ സ്വന്തം കുടുംബാംഗങ്ങളുടെ വളർച്ചയ്ക്കുവേണ്ടി സ്വയം ഇല്ലാതാകുക എന്നാണ്. തന്നെ ആശ്രയിച്ചു കഴിയുന്നവർക്കുവേണ്ടി പ്രതിദിനം അപ്പൻ അപ്പമായി മാറുന്ന മറ്റൊരു പവിത്രമായ ബലിപീഠമാണ് കുടുംബജീവിതം. തന്റെ പരിപാലനത്തിനും ശ്രദ്ധയ്ക്കും ഭരമേല്പിക്കപ്പെട്ടിരിക്കുന്നവർക്കുവേണ്ടി അധ്വാനിക്കുമ്പോഴും അന്നന്നുവേണ്ടുന്ന ആഹാരം സമ്പാദിക്കുമ്പോഴും ഒരു പിതാവ് അക്ഷരാർത്ഥത്തിൽ അപ്പമായി മാറുകയാണ്. തന്റെ ആരോഗ്യവും ശേഷികളും ഊർജവുമെല്ലാം കുടുംബത്തിന്റെ സുസ്ഥിതിക്കും ഭാവിഭദ്രതയ്ക്കുമായി വ്യയം ചെയ്യുമ്പോൾ, വാസ്തവത്തിൽ തന്നെത്തന്നെ മുറിച്ചുവിളമ്പുന്ന വേദനാജനകവും അതേസമയം സംതൃപ്തിദായകവുമായ ഒരു അനുഭവത്തിലൂടെയാണ് അദ്ദേഹം കടന്നുപോകുന്നത്. അപ്പം മുറിയപ്പെടാനുള്ളതാണ്. മുറിച്ചുനല്കാൻ മടിക്കുന്നവർക്ക് അപ്പന്മാരാകാൻ അർഹതയില്ല. അപ്പനെന്ന അപ്പം അധ്വാനവും കഴിഞ്ഞ് അന്തിക്കു വീട്ടിലെത്തിയിട്ട് തങ്ങളുടെ വിശപ്പകറ്റാൻ കാത്തിരിക്കുന്നവരുണ്ട്. അപ്പമാകുന്ന പ്രക്രിയയിൽ സ്വയം പൊടിയുന്നതിന്റെയും പൊരിയുന്നതിന്റെയും പുഴുങ്ങുന്നതിന്റെയുമായ അനുഭവങ്ങൾ സ്വാഭാവികമാണ്. അവയെ പരാതികളില്ലാതെ സ്വീകരിക്കുന്നവനാണ് യഥാർത്ഥ അപ്പം.

കുടുംബത്തിന്റെ 'കവാടം' ആയി നിലകൊള്ളുമ്പോൾ അപ്പൻ അപ്പമാകുകയാണ്. വാതിൽ പ്രവേശിക്കാനുള്ളതാണ്. അപ്പനാകുന്ന വാതിലിലൂടെയാവണം കുടുംബാംഗങ്ങൾ കയറുകയും ഇറങ്ങുകയും ചെയ്യേണ്ടത്. അപ്പനറിയാത്തതായി യാതൊന്നും ഒരു വീട്ടിൽ ഉണ്ടാകരുത്. അപ്പന്റെ അറിവോടും അനുവാദത്തോടുംകൂടി മാത്രമുള്ളവയായിരിക്കണം കുടുംബത്തിലെ വ്യാപാരങ്ങൾ. വാതിൽ സുരക്ഷിതത്വത്തിന്റെ പ്രതീകമാണ്. പിതാവാകുന്ന വാതിലാണ് വീടിനു സംരക്ഷണം ഉറപ്പുവരുത്തുന്നത്. ഇത് വലിയ ഒരു ദൗത്യമാണ്. ഇതിൽ വീഴ്ച വരുമ്പോൾ, അപ്പൻ പീഡകനും കൊലയാളിയുമൊക്കെയായി തരംതാഴുമ്പോൾ, വേലി തന്നെ വിളവു തിന്നുന്ന അരക്ഷിതമായ അവസ്ഥ കുടുംബത്തിലുണ്ടാകും. അത് ആ കുടുംബത്തിന്റെ അടിത്തറ തകർക്കും. പിതാവ് ഒരു 'പേടിസ്വപ്ന'മായി ആർക്കും മാറാതിരിക്കട്ടെ. കുടുംബത്തിന്റെ 'കുട' ആയി നിവർന്നുനില്ക്കുമ്പോൾ അപ്പൻ അപ്പമാകുകയാണ്. കുടുംബത്തെ വ്യഥകളുടെയും വ്യാധികളുടെയും വേനലിൽ കരിയാതെയും വേദനകളുടെയും വിഷമതകളുടെയും വർഷത്തിൽ കുതിരാതെയും കാക്കുന്ന അടയാത്ത കുടയായി വർത്തിക്കുന്ന അപ്പൻ കുടുംബത്തിന്റെ അപ്പമാണ്. പിതാവാകുന്ന കുടക്കീഴിൽ ഒരുമിച്ചു നില്ക്കുന്ന കൂട്ടായ്മയാകണം കുടുംബം.

പിതൃവിചാരം ക്രിസ്തീയകുടുംബങ്ങളിൽ നിശ്ചയമായും ഉണ്ടാകണം. പിതാവാണ് കുടുംബത്തിന്റെ കാരണവും കാരണവരും. വീടിന്റെ വാഴ്ചയും വീഴ്ചയും അപ്പനെ ആശ്രയിച്ചാണിരിക്കുക. അതുകൊണ്ടുതന്നെ ഭവനാംഗങ്ങൾക്ക് എല്ലാവർക്കും അതേപ്പറ്റിയുള്ള ഓർമയുണ്ടായിരിക്കണം. 'എന്നെപ്പറ്റി ഇവിടാർക്കും ഒരു ചിന്തയുമില്ല' എന്നു നെടുവീർപ്പിട്ടുകൊണ്ട് ഒറ്റപ്പെട്ടു കഴിയുന്ന 'അച്ഛനുറങ്ങാത്ത വീട്' ഒരിടത്തും ഉണ്ടാകാതിരിക്കട്ടെ. അപ്പന്റെ ആരോഗ്യാനാരോഗ്യങ്ങളാണ് കുടുംബത്തിന്റെയും. ആകയാൽ, ആ മനസ്സു വിഷമിക്കുന്ന വിധത്തിലുള്ള വാക്കുകളോ വർത്തനങ്ങളോ കുടുംബാംഗങ്ങളിൽനിന്നു വരരുത്. കുടുംബത്തിലെ കുറവുകൾ പരിഹരിക്കുന്നവനും ആകുലതകളെ ആദ്യം അറിയുന്നവനുമാണ് അദ്ദേഹം. കുടുംബത്തിൽ കണ്ണീരു വീഴുമ്പോഴും കണ്ണു നനയാതെ കരയുന്നയാൾ. കുടുംബത്തെക്കുറിച്ച് ഏറ്റവും കൂടുതൽ ശ്രദ്ധയുള്ള വ്യക്തി. കാണപ്പെട്ട ദൈവമായി അദ്ദേഹത്തെ ഗണിക്കണം. അദ്ദേഹത്തിന്റെ ആവശ്യങ്ങൾ അറിഞ്ഞ് നിറവേറ്റിക്കൊടുക്കാൻ കുടുംബാംഗങ്ങൾ ഒരുപോലെ ബാധ്യസ്ഥരാണ്. വേണ്ടപ്പെട്ടവർ ജീവിച്ചിരിക്കുമ്പോൾ അപ്പൻ അനാഥനാകരുത്. ജന്മം നല്കിയവൻ ഒരു ബാധയും ബാധ്യതയും ആകുന്നയിടം കുടുംബമല്ല, കാട്ടുമൃഗക്കൂട്ടമാണ്. കുടുംബത്തിന്റെ കുടലു കരിയാതെ കാക്കുന്നവനാണ് അപ്പൻ. 'അച്ഛനുണ്ടായിരുന്നെങ്കിൽ...' എന്ന് പിന്നീട് ഓർത്തു വിലപിക്കേണ്ടതായി വരാതിരുന്നാൽ നന്ന്. അപ്പന്റെ കുറവുകളും കുറ്റങ്ങളും അയൽക്കൂട്ടത്തിൽ അവതരിപ്പിക്കാനുള്ളവയല്ല. മറക്കാനും പൊറുക്കാനുമുള്ളവയാണ്. ഓർക്കണം, അപ്പനെ ഒറ്റപ്പെടുത്തി, നിശ്ശബ്ദനാക്കി, കേവലം നോക്കുകുത്തിയായും, ഉറകെട്ട ഉപ്പായും, ചപ്പായും ചവറായുമൊക്കെ കാണുന്ന കുടുംബം വാസ്തവത്തിൽ 'തലയോടിട'ത്തിനു തുല്യമാണ്.

അപ്പന്റെ ഹൃദയതാളമാണ് കുടുംബത്തിന്റെ താളം. അതു തെറ്റാതെ നോക്കണം. പിതാവ് എന്തുവരെ പഠിച്ചു എന്നല്ല, പിതാവിൽനിന്ന് ഞാൻ എന്തു പഠിച്ചു എന്നാണ് ഓരോരുത്തരും ചോദിക്കേണ്ടത്. അപ്പൻ അടയാളമാണ്. ദൈവത്തിന്റെ ജീവശ്വാസം ഇന്നും തലമുറകളിൽ തുടിക്കുന്നു എന്നതിന്റെ വ്യക്തമായ വെളിപാട്. അപ്പൻ അനുഗ്രഹമാണ്. അപ്പന്റെ പരിജ്ഞാനമോ പാണ്ഡിത്യമോ പണമോ ഒന്നുമല്ല, കുടുംബത്തിലെ അദ്ദേഹത്തിന്റെ സ്ഥാനമാണ് വലുത്. അതിനു പകരം വയ്ക്കാൻ വേറൊന്നുംതന്നെയില്ല. അപ്പൻ എന്ന അധികാരത്തെ ഭവനാംഗങ്ങൾ ആദരിക്കുകതന്നെ വേണം. റേഷൻകാർഡിൽ അമ്മയുടെ പേര് ആദ്യം കിടന്നാലും, കുടുംബത്തിൽ അപ്പൻതന്നെയായിരിക്കണം ഒന്നാമൻ. അപ്പൻ അമൂല്യനാണ്. അദ്ദേഹത്തിന്റെ മിഴികളടയുമ്പോഴേ ആ ജീവിതത്തിന്റെ മുഴുവൻ മൂല്യവും നമുക്കു മനസ്സിലാകൂ. 'അപ്പാ' എന്നു വിളിക്കാൻ അടുത്തോ അകലെയോ ആരുമില്ലാത്തവർക്കേ ആ ശൂന്യതയുടെ നൊമ്പരമറിയൂ. എത്ര 'വലുതായാലും' ആർക്കും സ്വന്തം അപ്പനോളം 'വളരാൻ' കഴിയില്ല. പലപ്പോഴും പുറത്തുകാട്ടുന്നില്ലെങ്കിലും, മറ്റുള്ളവർ മനസ്സിലാക്കുന്നില്ലെങ്കിലും കരളിനുള്ളിൽ കടലോളം കനിവും കരുതലുമുള്ള അപ്പനോടുള്ള കടവും കടപ്പാടും ഒരു നാളും ഒടുങ്ങുകയുമില്ല. അപ്പനെന്ന പദത്തിന് അർത്ഥത്തെക്കാൾ അന്തരാർത്ഥങ്ങളാണുള്ളത്. പുറംപൂശില്ലാത്ത പിതൃസ്നേഹമുള്ള മക്കൾക്കേ അവ ഗ്രഹിക്കാനാവൂ. നിനവിലും ഉണർവിലും പിതൃസ്മരണകൾ കാത്തുസൂക്ഷിക്കുന്നവരുള്ള ഭവനങ്ങൾ ഭാഗ്യപ്പെട്ടവ. അവയ്ക്ക് ദൈവമെന്ന പിതാവിന്റെ കാവലുണ്ടായിരിക്കും. ഓർക്കണം, അപ്പനെ മറക്കുന്ന കുടുംബമാണ് അപ്പൻ മരിച്ചതിനെക്കാൾ അനാഥം.

പിതാക്കന്മാർക്ക് ഉദാത്തമായ മാതൃകയാണ് നസറത്തിലെ യൗസേപ്പിതാവ്. കർത്താവു തന്നെ ഏല്പിച്ച കടമകളെല്ലാം ഒരു പിതൃഹൃദയത്തിന്റെ വാത്സല്യത്തോടും ഉത്തരവാദിത്വത്തോടും സമ്പൂർണമായ സമർപ്പണമനോഭാവത്തോടുംകൂടി നിർവഹിക്കാൻ ആ സാധാരണക്കാരൻ മരയാശാരി സ്ഥിരം കഠിനാദ്ധ്വാനം ചെയ്തു. യൗസേപ്പിതാവിനായി പ്രത്യേകം പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന ഈ വർഷത്തിൽ ആ തങ്കപ്പെട്ട തച്ചനെ ചിന്തയിലും വാക്കിലും പ്രവൃത്തിയിലും ആവുംവിധം അനുകരിക്കാൻ സകല അപ്പന്മാർക്കും സാധിച്ചാൽ അവരുടെ കുടുംബങ്ങൾ തീർച്ചയായും തിരുക്കുടുംബങ്ങളായി പരിണമിക്കും. ജൂൺ 20 ലോകപിതൃദിനമായി ആചരിക്കുമ്പോൾ എല്ലാ പിതാക്കളെയും നന്ദിയോടെ നമുക്ക് അനുസ്മരിക്കാം, അവരുടെ ആയുരാരോഗ്യങ്ങൾക്കായി പ്രാർത്ഥിക്കാം. ■



**കുടുംബത്തെ വ്യഥകളുടെയും വ്യാധികളുടെയും വേനലിൽ കരിയാതെയും വേദനകളുടെയും വിഷമതകളുടെയും വർഷത്തിൽ കുതിരാതെയും കാക്കുന്ന അടയാത്ത കുടയായി വർത്തിക്കുന്ന അപ്പൻ കുടുംബത്തിന്റെ അപ്പമാണ്. പിതാവാകുന്ന കുടക്കീഴിൽ ഒരുമിച്ചു നില്ക്കുന്ന കൂട്ടായ്മയാകണം കുടുംബം.**



# നിയമസഭയിൽ പതിഞ്ഞ കലയുടെ കൈയൊപ്പുകൾ


ബിജോ രാജു ഗ്രേഷ്യസ്

കേരളചരിത്രത്തിൽ ഒരു പുതിയ നിയമസഭ കൂടി അധികാരമേറ്റിരിക്കുന്നു. കൊവിഡിന്റെ രണ്ടാം തരംഗത്തിനിടയിൽ നടന്ന തിരഞ്ഞെടുപ്പും ഫലപ്രഖ്യാപനവും പതിവിനു വിപരീതമായി ആൾക്കൂട്ടങ്ങളും ആരവാരങ്ങളും ഒഴിവാക്കിയായിരുന്നെങ്കിലും ആവേശഭരിതം തന്നെയായിരുന്നു. നാലു പതിറ്റാണ്ടുകൾക്കുശേഷം ഭരണത്തുടർച്ചയ്ക്കു കളമൊരുക്കിക്കൊണ്ടു വീശിയ ഇടതുതരംഗം ചരിത്രമായിരിക്കുകയാണ്.

നാനാതുറകളിലുള്ള ജനങ്ങളുടെ പ്രതിനിധികൾ നിയമനിർമാണസഭകളിൽ അംഗങ്ങളായിരിക്കണമെന്നത്, നമ്മുടെ നാടിന്റെ സമഗ്രപുരോഗതിക്ക് അനിവാര്യമാണെന്നിരിക്കിലും, കാലങ്ങളായി നമ്മുടെ നിയമസഭയ്ക്കു പഥ്യം വക്കീലന്മാരെയാണ്. എന്നാൽ, ചിലപ്പോഴൊക്കെ സാഹിത്യകാരന്മാരും കവികളും കലാകാരന്മാരുമൊക്കെ സാമാജികരായി സഭയിലെത്തിയിട്ടുണ്ട്.

കലാ-കായിക-പ്രൊഫഷണൽ രംഗത്തെ സെലിബ്രിറ്റികളെ ഇറക്കി രാജ്യസഭയിലെത്തിക്കുന്നത് നോർത്തിന്ത്യൻ രാഷ്ട്രീയത്തിൽ ട്രെൻഡായി മാറിയിട്ടുണ്ട്. എന്നാൽ, ജനവിധി തേടാൻ ഗോദയിലിറങ്ങിയ സെലിബ്രിറ്റികളിൽ എല്ലാവർക്കുമൊന്നും കേരളരാഷ്ട്രീയത്തിൽ ജയിച്ചുകയറാൻ കഴിഞ്ഞിട്ടില്ല. ഉദാഹരണങ്ങളേറെ... എന്നാൽ, ജനങ്ങൾ വോട്ടു ചെയ്തു തിരഞ്ഞെടുത്ത ചിലർ പുതിയ നിയമസഭയിലെത്തിയിട്ടുണ്ട്.

2001, 2006 വർഷങ്ങളിൽ മങ്കടയിൽനിന്ന് സിപിഎം സ്വതന്ത്രനായും 2011 ലും 2016 ലും പെരിന്തൽമണ്ണയിൽനിന്ന് മുസ്ലീം ലീഗ് സ്ഥാനാർത്ഥിയായും വിജയിച്ച, ഇക്കുറി വീണ്ടും മങ്കടയിൽനിന്ന് ലീഗ് പ്രതിനിധിയായി തിരഞ്ഞെടുക്കപ്പെട്ട, മുൻമന്ത്രികൂടിയായ മഞ്ഞളാംകുഴി അലി എന്ന അംജദ് അലി,



മാണി സി. കാപ്പൻ



മുകേഷ്



മഞ്ഞളാംകുഴി അലി

മാക് പ്രൊഡക്ഷൻസ് എന്ന ബാനറിൽ ധ്വനി, രാധാമാധവം, പുറപ്പാട്, ആയിരപ്പറ, ദി കിംഗ്, ഒരു അഭിഭാഷകന്റെ കേസ് ഡയറി തുടങ്ങി ഏഴോളം സൂപ്പർ ഹിറ്റ് സിനിമകളുടെ നിർമാതാവാണ്. രാധാമാധവമടക്കം ചില സിനിമകളിൽ അദ്ദേഹം അഭിനയിക്കുകയും ചെയ്തിട്ടുണ്ട്.

2001 മുതൽ തുടർച്ചയായി പത്തനാപുരം മണ്ഡലത്തിന്റെ പ്രതിനിധി, മുൻ മന്ത്രികൂടിയായ കേരളാ കോൺഗ്രസ് ബി യുടെ കെ. ബി. ഗണേഷ് കുമാർ 1985 ൽ കെ. ജി. ജോർജിന്റെ ഇരകളിൽ തുടങ്ങി അടുത്തിടെ പുറത്തിറങ്ങിയ ദൃശ്യം 2 വരെ നൂറ്റമ്പതോളം സിനിമകളിൽ വലുതും ചെറുതുമായ വേഷങ്ങൾ ചെയ്തിട്ടുള്ള നടനാണ്.

നാടകകുലപതി ഒ.മാധവന്റെ പുത്രനും നടനുമായ മുകേഷ് തുടർച്ചയായി രണ്ടാം തവണയും കൊല്ലത്തുനിന്ന് സിപിഎം സ്ഥാനാർത്ഥിയായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുകയാണ്. ലൂമിയർ ഫിലിം കമ്പനിയുടെ ബാനറിൽ, കഥ പറയുമ്പോൾ, തട്ടത്തിൻ മറയത്ത് എന്നീ ഹിറ്റ് സിനിമകളുടെ നിർമാതാവുകൂടെയാണ് മുകേഷ്.

വോളിബോൾ താരവും നടനും നിർമാതാവും സംവിധായകനുമാണ് രണ്ടാം തവണയും പാലായിൽനിന്നു തിരഞ്ഞെടുക്കപ്പെട്ട മാണി സി. കാപ്പൻ. 1960 ൽ കുഞ്ചാക്കോ സംവിധാനം ചെയ്ത സീത എന്ന സിനിമയിലൂടെയാണ് മാണി സി. കാപ്പൻ അഭിനയരംഗത്തെത്തുന്നത്. അതിനുശേഷം 2005 ൽ പുറത്തിറങ്ങിയ ഇരുവട്ടം മണവാട്ടിവരെ പന്ത്രണ്ടോളം സിനിമകളിൽ അഭിനയിച്ചു. സലാം പി. ഷാജി സംവിധാനം ചെയ്യുന്ന ഇടുക്കി ബ്ലാസ്റ്റേഴ്സ് ആണ് ഇനി പുറത്തിറങ്ങുന്ന അദ്ദേഹത്തിന്റെ സിനിമ. കൂടാതെ, ഒ കെ പ്രൊഡക്ഷൻ എന്ന ബാനറിൽ ജനം, മേലേപ്പറമ്പിൽ ആൺവീട്, മാന്നാർ മത്തായി സ്പീക്കിങ്, കുസൃതിക്കാറ്റ്, മാൻ ഓഫ് ദി മാച്ച് എന്നിങ്ങനെ എട്ടോളം ഹിറ്റ് സിനിമകളും നിർമിച്ചു. ഇതിൽ മാന്നാർ മത്തായി സ്പീക്കിങ് എന്ന സൂപ്പർഹിറ്റ് ചിത്രം സംവിധാനം ചെയ്തതും അദ്ദേഹം തന്നെയായിരുന്നു.



ഗണേഷ് കുമാർ



ദലീമ ജോജോ

പുതിയ കേരള നിയമസഭയിലേക്ക്, അരൂരിൽനിന്ന് ജയിച്ച് ദലീമകൂടി എത്തുന്നതോടെ സഭയിലെ സിനിമാപ്രവർത്തകരായ സാമാജികരിൽ ഒരു ഗായികകൂടി ഉൾപ്പെടുകയാണ്. കേരളനിയമസഭയുടെ ചരിത്രത്തിൽ ആദ്യമായാണ് ഒരു പിന്നണിഗായിക തിരഞ്ഞെടുക്കപ്പെടുന്നത്. ശ്രീമതി ദലീമ ജോജോ പരാജയപ്പെടുത്തിയത് കോൺഗ്രസിന്റെ ഉജ്ജ്വല വനിതാനേതാവ് ഷാനിമോൾ ഉസ്മാനെയായിരുന്നു. 1986 ൽ ഒരു മഞ്ഞുതുള്ളിപോലെ എന്ന ചിത്രത്തിൽ രവീന്ദ്രൻ മാസ്റ്റർ ഈണമിട്ട 'കണ്ണാ ഞാൻ...' എന്ന ഗാനമാലപിച്ചുകൊണ്ട് ദലീമ ആരംഭിച്ച തന്റെ പിന്നണിഗാന സപര്യ അഭംഗുരം തുടരുകയാണ്. ഈ തെന്നലും, മോഹം പൂത്ത മേനിയിൽ, മഞ്ഞുമാസപ്പക്ഷീ തുടങ്ങി അരശതത്തിനടുത്തു സിനിമാഗാനങ്ങളും നൂറുകണക്കിനു ഭക്തിഗാനങ്ങളും ആലപിച്ച ദലീമ ഇതര ഭാഷകളിലും ഗാനങ്ങളാലപിച്ചിട്ടുണ്ട്.. ഗാനകോകിലം എസ്. ജാനകിയെ അനുസ്മരിപ്പിക്കുന്ന ശബ്ദസൗകുമാര്യമാണ് ദലീമയുടെ ഗാനാലാപനത്തിന്റെ വലിയ സവിശേഷത. ഏതായാലും നമ്മുടെ നിയമസഭ ഒരു പുതിയ കാലത്തിനു നാന്ദി കുറിക്കുകയാണ്. ■

## സി. ഡോ. റെജീനാമ്മ ജോസഫ് പാലാ അൽഫോൻസാ കോളജ് പ്രിൻസിപ്പൽ സി. ഡോ. തെരേസ് മടുക്കക്കുഴി പടിയിറങ്ങി

പാലാ: അൽഫോൻസാ കോളജ് പ്രിൻസിപ്പലായി സിസ്റ്റർ ഡോ. റെജീനാമ്മ ജോസഫ് നിയമിതയായി. വൈസ് പ്രിൻസിപ്പലും സാമ്പത്തികശാസ്ത്രവിഭാഗം മേധാവിയുമായിരുന്നു. സി.എം.സി. സന്ന്യാസസമൂഹാംഗമായ സിസ്റ്റർ റെജീനാമ്മ ജോസഫ് 2005 മുതൽ അൽഫോൻസാ കോളജിൽ അധ്യാപികയാണ്.

ദേശീയ-രാജ്യാന്തരപ്രസിദ്ധീകരണങ്ങളിലും സെമിനാറുകളിലും ഒട്ടേറെ പ്രബന്ധങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. അറുന്നൂറ്റിമംഗലം പാലയ്ക്കാപറമ്പിൽ കുടുംബാംഗമാണ്. പൊളിറ്റിക്കൽ സയൻസ് വിഭാഗം മേധാവി ഫാ. ഡോ. ഷാജി ജോസഫിനെ കൂടാതെ മലയാള വിഭാഗം മേധാവി സിസ്റ്റർ ഡോ. മിനി മാത്യുവിനെയും കോളജ് വൈസ്പ്രിൻസിപ്പലായി നിയമിച്ചു.

അൽഫോൻസാ കോളജ് പ്രിൻസിപ്പലായി മൂന്നുവർഷം സ്തുത്യർഹമാം വിധം സേവമനുഷ്ഠിച്ച സിസ്റ്റർ ഡോ. തെരേസ് മടുക്കക്കുഴി മേയ് 31 ന് സർവീസിൽനിന്നു വിരമിച്ചു. അൽഫോൻസാ കോളജിനെ പഠന, കലാ, കായികമേഖലകളിൽ തിളക്കമാർന്ന വിജയത്തിലേക്കു നയിക്കുവാൻ സിസ്റ്ററിന്റെ ഭരണസാരഥ്യത്തിനു കഴിഞ്ഞു. നാക് അക്രഡിറ്റേഷൻ



സി. റെജീനാമ്മ ജോസഫ്



സി. തെരേസ് മടുക്കക്കുഴി

വിലയിരുത്തലിൽ എ-ഗ്രേഡ് കരസ്ഥമാക്കാൻ കോളജിനു സാധിച്ചത് പ്രിൻസിപ്പൽ എന്ന നിലയിൽ സി. തെരേസിന്റെ സമർപ്പണബുദ്ധിയോടുകൂടിയ കഠിനാദ്ധ്വാനത്തിന്റെ ഫലമാണ്.

19 വർഷം രസതന്ത്രാധ്യാപികയായിരുന്നു. തന്റെ ഗവേഷകപ്രബന്ധത്തിന് യുവശാസ്ത്രജ്ഞ അവാർഡ് കരസ്ഥമാക്കിയ സിസ്റ്റർ വിവിധ രാജ്യങ്ങളിൽ നടന്ന അന്താരാഷ്ട്രസെമിനാറുകളിൽ പങ്കെടുക്കുകയും പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. സേക്രഡ് ഹാർട്ട് കോൺഗ്രിഗേഷൻ പാലാ എസ്.എച്ച്. പ്രോവിൻസ് അംഗമായ സിസ്റ്റർ തെരേസ് കാഞ്ഞിരപ്പള്ളി മടുക്കക്കുഴി കുടുംബാംഗമാണ്.

Deepanalam Weekly
RNI No : 16998/68
Vol. 54 No. 10 Date of Publication 3 June 2021
Annual Subscription Rate ₹ 300 (For Abroad ₹ 3000)
Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment

916 സ്വർണ്ണാഭരണങ്ങളുടെ പാലായിലെ അതിവിശാലമായ ഷോറൂം..!



# മൂഴയിൽ ജൂവലറി

മെയിൻ റോഡ്, പാലാ,
Phone: 212498 , 211028

സഹോദരസ്ഥാപനം: **മൂഴയിൽ ബാങ്കേഴ്സ്**
മാർക്കറ്റ് റോഡ്, OPP. സിവിൽസ്റ്റേഷൻ, **പാലാ**
ഫോൺ: 212269

100 രൂപയ്ക്ക് മാസം 1½ രൂപാ മാത്രം പലിശ

# കൊറ്റത്തിൽ ആയുർവ്വേദ ഹോസ്പിറ്റൽ



**അയർക്കുന്നം, കോട്ടയം**
Phone: 0481-2545588, 9447054461
E-mail : mail@kottathilayurveda.com
Website: www.kottathilayurveda.com

മസ്തിഷ്കരോഗങ്ങൾ • നട്ടെല്ല് രോഗങ്ങൾ • അസ്ഥിരോഗങ്ങൾ • സന്ധിരോഗങ്ങൾ • ശിശുരോഗങ്ങൾ
▲ സ്ത്രീരോഗങ്ങൾ (ആനോ–റെക്റ്റൽ രോഗങ്ങൾ) ▲ ത്വക്‌രോഗങ്ങൾ ▲ വാർദ്ധക്യരോഗങ്ങൾ

വിവിധങ്ങളായ കേരളീയ ചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.

# വചന ക്ലോക്കുകൾ

ഓരോ മണിക്കൂർ ഇടവിട്ട്
(രാവിലെ 5 മുതൽ രാത്രി 10 വരെ)
ഭക്തിഗാനവും ദൈവവചനവും കേൾക്കാൻ കഴിയുന്ന ക്ലോക്കുകൾ

വ്യത്യസ്ത മോഡലുകളിൽ






വിശേഷ സന്ദർഭങ്ങളിൽ കൊടുക്കുവാൻ
**ഒരു ഉത്തമ സമ്മാനം**

പാലാ സെന്റ് തോമസ് ബുക്സ്റ്റാളിൽ ലഭ്യമാണ്
PH: 04822 215321
www.stthomasbookstall.com
Email: stbookstallpala@gmail.com

# ലിത്തോസ് പാവിംഗ് ടൈൽസ് നിങ്ങളുടെ മുറ്റം കൂടുതൽ സുന്ദരമാക്കും..

വ്യത്യസ്തവും, മനോഹരവുമായ ഡിസൈനുകളുടെ വിപുല ശേഖരവുമായി ലിത്തോസ് പാവിംഗ് ടൈൽസ് വിപണിയിൽ. കുറഞ്ഞ വിലയിൽ ഏറ്റവും മികച്ചതും ദീർഘകാലം ഈട് നിൽക്കുന്നതുമായ പാവിംഗ് ടൈലുകളാണ് ലിത്തോസ് നൽകുന്നത്. ഏറ്റവും ആധുനിക മെഷിനറികളുടെ സഹായത്തോടെ സ്വന്തം ഫാക്ടറിയിൽ നിർമ്മിക്കുന്നതിനാൽ മാർക്കറ്റ് വിലയേക്കാൾ കുറഞ്ഞ നിരക്കിൽ ആവശ്യക്കാർക്ക് ടൈലുകൾ തിരഞ്ഞെടുക്കുവാൻ കഴിയുന്നു. നിർമ്മാണത്തിന്റെ ഓരോ ഘട്ടങ്ങളിലും ഗുണമേന്മ പരിശോധിച്ച് ഉറപ്പ് വരുത്തുന്നു എന്നതാണ് ലിത്തോസിന്റെ മറ്റൊരു പ്രത്യേകത. വിവിധ ഡിസൈനുകളിലുള്ള ടൈലുകൾ കേരളത്തിൽ എവിടെയും കുറഞ്ഞ നിരക്കിൽ വിരിച്ച് കൊടുക്കാനുള്ള സൗകര്യവും ഇവിടെ ഏർപ്പെടുത്തിയിട്ടുണ്ട്.

- പൂർണ്ണമായും വൈറ്റ് സിമന്റിൽ നിർമ്മിക്കുന്നതിനാൽ പായൽ പിടിക്കാനുള്ള സാധ്യത തീർത്തും കുറവ്.
- സാധാരണ ഇന്റർ ലോക്കുകളെ അപേക്ഷിച്ച് ഏറ്റവും മികച്ച കളർ ഓക്സൈഡ് ഉപയോഗിക്കുന്നു.
- പരിചയ സമ്പന്നരായ തൊഴിലാളികളാൽ പൂർണ്ണ ഉത്തരവാദിത്വത്തോടെ സൈറ്റിൽ വിരിച്ചു കൊടുക്കപ്പെടും

LITHOS PAVING TILES
ISO 9001:2015





**Royal Industries**
Near St Antony's Abbot Church,
Elamthottam, Pala, Pin 686651
907 264 7007
907 264 7008

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842, 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org